# വേദ ദർശനം

ഡിസംബർ 2011

## സ്ത്രീകളുടെ വസ്ത്രധാരണ രീതി



## അനാഥ സംരക്ഷണവും അനാഥാലയ നടത്തിപ്പും






# ആദ്യത്തെ ഹദീസ് നിഷേധി ബുഖാരി

# അകത്താളുകളിൽ



കവിത 3
സ്മരണ


ലേഖനം 4
സ്ത്രീകളുടെ വസ്ത്രത്തിന് അതിര് നിർണയിച്ചിട്ടില്ല


6
വെള്ളിയാഴ്ച ജുമുഅ പ്രഹസനമായി മാറുന്നുവോ?


പഠനം 10
തല മൊട്ടയടിക്കണമെന്നുണ്ടോ?


ലേഖനം 15
ആദ്യത്തെ ഹദീസ് നിഷേധി ബുഖാരി


ലേഖനം 18
أَزْوَاجٌ مُّطَهَّرَة


ലേഖനം 20
റൂഹ് ഖുർആനിൽ

പഠനം 22
എഴുതപ്പെടേണ്ട വഹ്‌യ് ഖുർആനിലെ സൂറത്തുകളും ആയത്തുകളും മാത്രം


പഠനം 27
ദിക്ർ (ഉൽബോധനം)


പഠനം 30
അനാഥ സംരക്ഷണവും അനാഥാലയ നടത്തിപ്പും



**Editorial Board**

**Mudur Aboobacker**
(Chief Editor)
**K.K. Salim Hajee**
(Printer & Publisher)
**N.T.A. Kareem**
(Co-ordinator)

**K. Sahul Hameed**
**Dr. Abdul Jaleel Puttekkad**
**Beerankutty Kuniyil**
**Abdurahman Koothuparamba**
**K.T. Muhammed Kutty**
**B.V. Sakeer**
**M.S. Rasheed**
(Editors)

DTP:
**Swapna**, Guru

Designing & Printing:
**Guru Offset & Graphics**
Clt-4. Mob: 9388678779



Address: **Veda Darsanam** P.B. No. 143, Kozhikode-673 001, E-mail: vedadarsanam@mail.com

ഒറ്റപ്രതി സംഭാവന : 12 രൂപ.
വാർഷിക സംഭാവന : 120 രൂപ.
വിദേശത്തേക്ക് : 540 രൂപ.

എംഒ അയയ്ക്കുമ്പോൾ മണി ഓർഡർ ഫോറത്തിൽ സന്ദേശം എഴുതാനുള്ള ഭാഗത്ത് കൂടി വ്യക്തമായ വിലാസം (പിൻകോഡ് സഹിതം) എഴുതേണ്ടതാണ്. അപൂർണമായ വിലാസം കാരണം വേദ ദർശനം തപാലിൽ കിട്ടാതെ വന്നാൽ ഞങ്ങൾ ഉത്തരവാദികളായിരിക്കില്ല. എംഒ അയയ്ക്കേണ്ട വിലാസം: വേദ ദർശനം, മണൽത്താഴം, ഗോവിന്ദപുരം പിഒ, കോഴിക്കോട് –673 016.

**കോ–ഓർഡിനേറ്റർ**

**INTERNAL CIRCULATION ONLY**

വേദ ദർശനം

ഖുർആൻ സുന്നത്ത് സൊസൈറ്റി മുഖപത്രം

2011 ഡിസംബർ

പുസ്തകം-2
ലക്കം-10




# സ്മരണ

**ഇബ്രാഹിം മാറഞ്ചേരി**



കണ്ടു ഞാൻ മുപ്പതു വർഷത്തിന്നപ്പുറം
സുമുഖനും സുന്ദരനുമായൊരു വ്യക്തിയെ
തേച്ചു മിനുക്കിയ ഷർട്ടിന്റെ ഭംഗിയും
കറുത്ത പാന്റ്സിന്റെ വടിവൊത്ത രൂപവും

മീശയും താടിയും പറ്റെ കളഞ്ഞുള്ള
വട്ടമുഖത്തിന്നെന്തൊരു സൗന്ദര്യം!
കച്ചവടം ചെയ്യുന്ന എന്റുപ്പ അന്നേരം
കസേര നീക്കിയിരിക്കാൻ പറഞ്ഞപ്പോൾ

ആ ക്ഷണം സ്വീകരിച്ച് ചിരിച്ചു കൊണ്ടദ്ദേഹം
കുശലം പറഞ്ഞ് കസേരയിലിരിക്കവെ
ഉപ്പാടെ സ്നേഹിതൻ *കുഞ്ഞുമൂസക്കാടെ
സുഖവിവരം ആരാണ് നേരം കളഞ്ഞപ്പോൾ

ബസ്സിന്റെ ശബ്ദം കേട്ട ആ നേരത്ത്
ചാടിയെഴുന്നേറ്റ് കയറി ആ ബസ്സിലും
"ആരാണ് ആ മഹാൻ എന്നു നീ അറിയുമോ?
ചേകനൂർ മൗലവിയാണത് മക്കളേ"

ഉപ്പ പറഞ്ഞപ്പോൾ കാണാൻ കൊതിയായി
സംശയം പലതുണ്ട് ചോദിച്ചറിയുവാൻ
വെമ്പുന്ന മനസ്സുമായ് ക്ഷമയോടെ കാത്തു ഞാൻ
വേദിയൊരുക്കുവാൻ സംശയം തീർക്കുവാൻ.

പിന്നീടെൻ ഗുരുവായി മാറിയാ മൗലവി
ഖുർആനിൽ പാതയിലേക്കെന്നെ നയിച്ചു
ചേറുള്ള കള്ള ഹദീസും പൊള്ളഹദീസും
ചേകന്നൂരിന്നുപദേശത്താൽ അറബിക്കടലിൽ തള്ളി ഞാൻ.

* മൗലവിയുടെ ഭാര്യാ പിതാവ്



# സ്ത്രീകളുടെ വസ്ത്രത്തിന് അതിര് നിർണയിച്ചിട്ടില്ല

**സി.വി.എച്ച്**

സ്ത്രീകൾ മുഖവും മുൻകൈയും ഒഴികെ മറ്റെല്ലാം മറച്ചിരിക്കണമെന്ന് ഖുർആനിൽ പറഞ്ഞിട്ടില്ല. അതെല്ലാം ചിലർ എഴുതിയുണ്ടാക്കിയ കൽപ്പനകളാണ്. സ്ത്രീകൾ അവരുടെ സൗന്ദര്യത്തിൽ നിന്ന് വെളിപ്പെടുത്താവുന്നത് ഒഴികെ മറ്റെല്ലാം മറച്ചിരിക്കണമെന്നാണ് ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്. (24:31). വൃദ്ധകൾക്ക് കൂടുതൽ വസ്ത്രം അഴിച്ചുവെക്കുന്നതിൽ തെറ്റില്ലെന്ന് ഖുർആൻ 24:60ൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് സ്ത്രീകളുടെ വസ്ത്രത്തിന് ശരീരത്തിന്മേൽ അതിര് നിർണയിച്ചിട്ടില്ല. വസ്ത്രധാരണം വ്യക്തിപരമാണ്. ഭംഗിയുള്ള വേഷമാണ് നാം സ്വീകരിക്കേണ്ടത്. സ്ത്രീകൾ സാധാരണ വസ്ത്രങ്ങൾക്ക് പുറമെ മറ്റൊരു വസ്ത്രം കൊണ്ട് മാറിടം മറച്ചിരിക്കണമെന്ന് ഖുർആനിൽ പ്രത്യേകം കൽപ്പിച്ചിട്ടുണ്ട്. (24:31) തല മറയ്ക്കുകയോ മറയ്ക്കാതിരിക്കുകയോ ചെയ്യാം. തല മറയ്ക്കാൻ പ്രത്യേക കൽപ്പനയില്ല. അറബികൾ ചെയ്യുന്നതെല്ലാം മതത്തിലെ കൽപ്പനകളായി നമുക്ക് സ്വീകരിക്കുവാൻ പാടില്ല. കാമവികാരത്തോടെ പെരുമാറാത്ത പുരുഷന്മാരായ സേവകന്മാരുടെ മുമ്പിൽ സ്ത്രീക്ക് അവരുടെ സൗന്ദര്യം വെളിപ്പെടുത്തുന്നതിന് വിരോധമില്ല. (24:31). അത്തരം വേളയിൽവികാരം കൊള്ളുമെന്ന് തോന്നുന്നവർ അവരുടെ ദൃഷ്ടി താഴ്ത്തണമെന്നും അത് സംസ്കാരമുള്ള നടപടിയാണെന്നും ഖുർആനിൽ (24:30) പറഞ്ഞിട്ടുണ്ട്. എന്നാൽ സംസ്കാര ശൂന്യരായ ആളുകളുടെ മുമ്പിൽ സംരക്ഷണ

**പോസ്റ്റ് ബോക്സ് 143**

# സംശയങ്ങൾ ദൂരീകരിക്കപ്പെട്ടു



**Post Box 143**

ഞാനൊരു മുജാഹിദ് പ്രവർത്തകനായിരുന്നു. ഇസ്ലാമിനെ തകർക്കാൻ കച്ചകെട്ടിയിറങ്ങിയ, അമേരിക്കൻ ദാസ്യപ്പണി ചെയ്യുന്ന വ്യക്തിയാണ് മൗലവി ചേകനൂർ എന്നാണ് ഞാൻ ധരിച്ചത്. അദ്ദേഹത്തിന്റെ ചില പ്രസംഗങ്ങൾ യൂടൂബിലൂടെ കേൾക്കാനിടയായപ്പോൾ എന്റെ ധാരണ മാറി. കേരളത്തിൽ തൗഹീദ് ശക്തമായി പറഞ്ഞത് മുജാഹിദുകളാണെന്നായിരുന്നു ഞാൻ മനസ്സിലാക്കിയത്. പക്ഷേ ചേകനൂരിന്റെ പ്രസംഗത്തിലൂടെ എനിക്ക് ബോധ്യമായത് മുജാഹിദുകളുടെ വിശ്വാസത്തിൽ പോലും ശിർക്കുകളുണ്ടെന്നാണ്. അതുപോലെത്തന്നെ എന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്ന ചില ചോദ്യങ്ങളുണ്ടായിരുന്നു. മുജാഹിദ് പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സമയം മുതലേയുള്ള സംശയങ്ങൾ... അത് ഏതാണ്ടൊക്കെ ചേകനൂരിന്റെ പ്രസംഗത്തിലൂടെ ദൂരീകരിക്കപ്പെട്ടു. എനിക്ക് കൂടുതൽ പഠിക്കാൻ ആഗ്രഹമുണ്ട്. അദ്ദേഹത്തിന്റെ കൂടുതൽ പ്രസംഗ സി.ഡികളും പുസ്തകങ്ങളും വേണം. വേദ ദർശനം മാസിക സ്ഥിരമായി വാങ്ങാൻ ആഗ്രഹിക്കുന്നു.

**-നിജാസ് മുഹമ്മദ്, ദുബായ്**

nijassalaf@gmail.com

ത്തോടെ മാത്രമേ സ്ത്രീ പ്രത്യക്ഷപ്പെടാൻ പാടുള്ളൂ.

### ഖുർആന്റെ സാമ്പത്തിക വീക്ഷണം

നാം ബാങ്കിൽനിന്ന് ദീർഘകാല അവധിയിൽ പണം കടം വാങ്ങുന്നുണ്ടല്ലോ. അവധിക്ക് ശേഷം ആ പണത്തിന്റെ മൂല്യം കുറഞ്ഞുപോകാൻ സാധ്യതയുണ്ട്. അതുകൊണ്ട് മൂല്യം നികത്തുന്നതിനും മറ്റും കടം തിരിച്ചടക്കുമ്പോൾ മിതമായ തോതിലുള്ള പലിശ നൽകുന്നതിലും പലിശ വസൂലാക്കുന്നതിലും കുറ്റമില്ല. എന്നാൽ അമിത പലിശ ഈടാക്കുന്ന സമ്പ്രദായം തികഞ്ഞ ചൂഷണം തന്നെയാണ്.

ഖുർആൻ നിരോധിച്ച രിബ എന്ന പലിശ അമിതലാഭത്തിൽ പെടുകതന്നെ ചെയ്യും. ഇത്തരം അമിതലാഭം ഈടാക്കുന്ന ബാങ്കുകൾക്കെതിരിലും കൊള്ളലാഭ സംഘങ്ങൾക്കെതിരിലും ഗവൺമെന്റ് നിയമനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എങ്കിലേ ജനം കടക്കെണിയിൽ നിന്ന് രക്ഷപ്പെടൂ.

പ്രകൃതിയിൽ എല്ലാം അതുല്യമാണ്. മനുഷ്യർ തന്നെ പരസ്പരം ബുദ്ധിയിലും കഴിവിലും മറ്റും അതുല്യരാണല്ലോ. ഈ അതുല്യത മനുഷ്യന്റെ അദ്ധ്വാനത്തിലും സാമ്പത്തികമായ എല്ലാ വരുമാനത്തിലും പ്രതിഫലിക്കുന്നുണ്ട്. അതുകൊണ്ട് സാമ്പത്തിക സമത്വം മിഥ്യാസങ്കൽപ്പമാണ്.

എല്ലാവരുടെയും സുഖത്തിലും സന്തോഷത്തിലും ആരോഗ്യത്തിലും ആയുസ്സിലും തുല്യത വരുത്താൻ ഒരുകാലത്തും സാധിക്കില്ല. സാമ്പത്തികമായി കഴിവ് കൂടിയവർ കഴിവ് കുറഞ്ഞവരെ സഹായിക്കുക എന്ന സേവനം മാത്രമാണ് പ്രായോഗിക മാർഗം.

### സലാം പറയുന്നതിലെ വിവേചനം സംസ്കാര ശൂന്യത

പൊതുവേദികളിൽ മുസ്‌ലിം നേതാക്കളിൽ ചിലർ സലാം പറയുന്നതിങ്ങനെയാണ്: "മുസ്‌ലിംകൾക്ക് അസ്സലാമുഅലൈക്കും. ഇതര സമുദായക്കാർക്ക് എന്റെ കൂപ്പുകൈ." ഇങ്ങനെ വിവേചനപരമായി സലാം പറയുന്നത് മുസ്‌ലിം സംസ്കാരമാണോ? ഇതുപോലെ മുസ്‌ലിംകളിലെ വ്യത്യസ്ത വിഭാഗങ്ങളായ മുജാഹിദുകാരോടും ജമാഅത്തുകാരോടും സലാം പറയരുതെന്ന് പ്രചരിപ്പിക്കുന്ന മറ്റൊരു വിഭാഗവുമുണ്ട്. ഖുർആൻ 25:63 ൽ കാരുണ്യവാനായ ദൈവത്തിന്റെ ദാസന്മാരുടെ ഗുണങ്ങൾ എണ്ണിപ്പറഞ്ഞതിൽ ഒന്ന് അവർ പാമരന്മാരെ കണ്ടുമുട്ടുമ്പോൾ പോലും അവരോട് സലാം പറയുന്നവരാണ് എന്നതാണ്. 24:27ൽ പറയുന്നു: "നിങ്ങൾ അന്യരുടെ വീടുകളിൽ പ്രവേശിക്കുന്നതിന് മുമ്പ് ആ വീട്ടുടമസ്ഥരുടെ സമ്മതം വാങ്ങുകയും അവരോട് സലാം പറയുകയും ചെയ്യണം." ഈ പ്രസ്താവനയിൽ നിന്ന് സലാം മുസ്‌ലിംകളോട് മാത്രം പറയാവുന്ന ഒന്നല്ലെന്ന് നമുക്ക് മനസ്സിലാക്കാം. സലാം അറബി ഭാഷയിലെ ഒരു അഭിവാദ്യമാണ്. (33:44)

ഗൾഫ് രാജ്യങ്ങളിൽ അവിടെയുള്ള എല്ലാ മതവിഭാഗക്കാരോടും അറബികൾ സലാം പറയുന്നുണ്ട്. സലാം പറയുന്നതിൽ അവർ വിവേചനം കാട്ടുന്നില്ല. നാം ഖുർആൻ കൽപ്പന പ്രകാരം സലാം പറയുകയാണെങ്കിൽ 'സലാമുൻ അലൈക്കും' എന്നാണ് പറയേണ്ടത്; 'അസ്സലാമു അലൈക്കും' എന്നല്ല. (6:54). നബി അബിസീനിയയിലെ ഭരണാധിപന് എഴുതിയ കത്തിൽ ആദ്യം കുറിച്ചത് സലാമുൻ അലൈക്കും എന്ന് തന്നെയാണ്.

'അസ്സലാമു അലൈക്കും' എന്ന് പറയണമെന്ന് കൽപ്പിച്ചത് അബൂഹുറയ്‌റയാണ്. അത് വേഗത്തിൽ പറയണമെന്നും അയാൾ കൽപ്പിക്കുകയുണ്ടായി. പ്രസ്തുത വാചകം വേഗത്തിൽ പറയുമ്പോൾ 'അസ്സലാമു' എന്ന വാക്കിലെ 'ല' ഒഴിവാക്കി 'അസ്സാമു അലൈക്കും' എന്ന് പറയാൻ എളുപ്പമാണ്. 'അസ്സാമു' എന്ന വാക്കിന് ജൂത ഭാഷയിൽ 'നാശം' എന്നർത്ഥമുണ്ട്. അങ്ങനെ പറയുമ്പോൾ 'നിനക്ക് നാശം സംഭവിക്കട്ടെ' എന്നാണർത്ഥം വരിക അതുകൊണ്ട് 'അസ്സലാമു അലൈക്കും' എന്ന വാചകം പാൽപ്പായസത്തിൽ പൊതിഞ്ഞ പാഷാണം പോലെയാണ്. ചിലപ്പോൾ അത് അപകടമാകാം.

നിങ്ങൾ അഭിവാദ്യം ചെയ്യപ്പെട്ടാൽ അങ്ങനെത്തന്നെയോ അതിനേക്കാൾ നല്ല തരത്തിലോ തിരിച്ചും അഭിവാദ്യം ചെയ്യുക എന്നാണ് ഖുർആൻ 4:86ൽ കൽപ്പിക്കുന്നത്. നാം ഹിന്ദുക്കളാലും ക്രിസ്ത്യാനികളാലും അഭിവാദ്യം ചെയ്യപ്പെടാൻ ഇടയുണ്ട്. അപ്പോൾ അതേ വാചകം കൊണ്ടെങ്കിലും തിരിച്ചഭിവാദ്യം ചെയ്യേണ്ടതുണ്ട്.

അഭിവാദ്യ വാചകങ്ങൾ ഓരോ തരത്തിലാണ്. ഇംഗ്ലീഷിൽ ഗുഡ് മോണിംഗ്, ഗുഡ് ആഫ്റ്റർനൂൺ, ഗുഡ് ഈവനിങ് എന്നൊക്കെ പറയുന്നു. തമിഴിൽ 'വണക്കം' എന്നും മറ്റു ചില ഭാഷകളിൽ 'നമസ്തെ' എന്നും 'നമസ്കാരം' എന്നുമൊക്കെ പറയുന്നു. അപ്പോൾ അതേ വാചകമെങ്കിലും തിരിച്ചഭിവാദ്യം ചെയ്യുക എന്നതാവണം നമ്മുടെ സംസ്കാരം. ⊖


വിദേശത്തേക്ക് വേദദർശനം തപാലിൽ വേണമെന്നുള്ളവർ വാർഷിക വരിസംഖ്യ 540 രൂപ അയക്കുക.

വിലാസം: വേദ ദർശനം, മൗലവി ചേകനൂർ മെമ്മോറിയൽ ബിൽഡിങ്, മണൽത്താഴം, ഗോവിന്ദപുരം പി.ഒ, കോഴിക്കോട് – 673 016.
E-mail: vedadarsanam@mail.com

മൗലവി ചേകനൂരിന്റെ പുസ്തകങ്ങളും സി.ഡികളും വേണ്ടവർ താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക:

നാഷനൽ ബുക്സ്, പൂതേരി ബിൽഡിങ്, സ്റ്റേഡിയം ജംഗ്ഷൻ, റാം മോഹൻ റോഡ്, പുതിയറ പി.ഒ, കോഴിക്കോട് – 673 004, Ph: 9496244760.



# വെള്ളിയാഴ്ച ജുമുഅ പ്രഹസനമായി മാറുന്നുവോ?

**അബൂബക്കർ ടി.പി മേനപ്രം**

1380 വർഷത്തോളമായി ഇന്നത്തെ രൂപത്തിലുള്ള ജുമുഅ നമസ്കാരം അരങ്ങേറാൻ തുടങ്ങിയിട്ട്. നബിയുടെയും നാല് ഖലീഫമാരുടെയും ശേഷം ഇസ്‌ലാമിൽ മുആവിയയുടെ രംഗ പ്രവേശം മുതൽ ഇങ്ങോട്ടുള്ള ജുമുഅകളൊക്കെ പ്രഹസനമായാണ് നമുക്ക് കാണാൻ കഴിയുന്നത്. എന്താണ് ജുമുഅ കൊണ്ടുള്ള ഉദ്ദേശ്യം? ആഴ്ചയിലൊരിക്കൽ സമുദായത്തെ പള്ളികളിൽ എത്തിക്കുക എന്ന ഉദ്ദേശ്യമേ ജുമുഅ കൊണ്ട് പുരോഹിതവർഗം കാണുന്നുള്ളൂ.

ജുമുഅ എന്ന പദത്തിന്റെ അർഥം സംഘടിക്കുക, കൂട്ടംചേരുക, ഒത്തുചേരുക, യോഗം ചേരുക എന്നൊക്കെയാണ്. ആഴ്ച ദിനങ്ങളെ എണ്ണിക്കണക്കാക്കുന്നത് യൗമിൽ അഹദ്, യൗമുൽ ഇത്ത്നൈൻ, യൗമിൽ തലാസ, യൗമിൽ അറബഅ, യൗമുൽ ഖമിസ് എന്നിങ്ങനെയാണ്. നമ്മുടെ നബി ജനത്തെ സംഘടിപ്പിച്ച ദിവസം യൗമുൽ സിത്തയായിരുന്നു. (വെള്ളിയാഴ്ച) ആ ദിവസം മുസ്‌ലിംകൾ സംഘടിത ദിവസമായി ആചരിച്ചുവരുന്നു. ശനിയാഴ്ച ജൂതരും ഞായറാഴ്ച ക്രിസ്ത്യാനികളും തങ്ങളുടെ സംഘടിത ദിനമായി കൊണ്ടാടുന്നു.

ഈ സംഘടിത ദിനം കൊണ്ട് ഓരോ മത വിഭാഗവും ഉദ്ദേശിക്കുന്നതെന്താണ്? അവരവരുടെ പ്രവാചകന്മാർ ആ ദിവസം എന്തിനുവേണ്ടിയായിരുന്നു വിനിയോഗിച്ചിരുന്നത്? അജ്ഞതയുടെ അന്ധകാരത്തിൽ മുങ്ങിത്തപ്പിയ, നീതിയെന്താണ് അനീതിയെന്താണ് എന്നറിയാത്ത, അക്രമം കുലത്തൊഴിലാക്കിയ, നാനാതരം ദൈവങ്ങളെ ആരാധിച്ച, പെൺസന്താനങ്ങളെ ജീവനോടെ കുഴിച്ചുമൂടിയ ജനവിഭാഗത്തെ ജ്ഞാനത്തിന്റെ പന്ഥാവിലേക്കെത്തിക്കാനും സത്യവും സമാധാനവും നിലനിർത്താനും ഏക ദൈവ സിദ്ധാന്തത്തിലേക്ക് നയിക്കാനും ദൈവിക സന്ദേശം എത്തിച്ച് അവരെ സംസ്കരിച്ചെടുക്കാനുമായിരുന്നു ആ ദൈവദൂതന്മാരൊക്കെ ശ്രമിച്ചത്. കൂടാതെ അനുദിനം നേരിടുന്ന സാമൂഹിക പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യാനും അവയ്ക്ക് പരിഹാരം കാണാനും ഇത്തരം സന്ദർഭങ്ങൾ ഉപയോഗിച്ചു.

മുഹമ്മദ് നബി അറബികളെ ഇസ്‌ലാം മതത്തിലേക്ക് ക്ഷണിച്ചതും അവരൊക്കെ ആ മതത്തെ ആശ്ലേഷിച്ചതും വാളു കൊണ്ടോ ബോംബ് കൊണ്ടോ തോക്ക് കൊണ്ടോ ആയിരുന്നില്ല. മറിച്ചു ഖുർആനിക ആശയങ്ങൾ അവരുടെ ഭാഷയായ അറബിയിൽ തന്നെ പറഞ്ഞുമനസ്സിലാക്കി അവരെ സംസ്കരിച്ചു ശാന്തിയുടെ പാതയിലേക്കെത്തിക്കുകയാണ് ചെയ്തത്. അതായത് 10 വർഷത്തോളം മദീനയിലെ പള്ളികളിൽ വെച്ചോ സമീപസ്ഥലത്ത് വെച്ചോ ജുമുഅ ദിനമായിക്കണക്കാക്കിയ വെള്ളിയാഴ്ചകളിൽ ഖുർആൻ സംബന്ധമായ വിഷയങ്ങൾ സുദീർഘമായി പ്രസംഗിച്ച് ജനത്തെ ബോധവൽക്കരിച്ച് സംസ്കരിച്ചെടുക്കുകയാണ് നബി ചെയ്തത്. നബിയുടെ പ്രസംഗം കേൾക്കാൻ അറേബ്യയുടെ പല ഭാഗങ്ങളിൽ നിന്നും ആളുകൾ കൂട്ടം കൂട്ടമായി എത്തിച്ചേരുകയും അവരവരുടെ നാട്ടിൽ തിരിച്ചെത്തിയ ശേഷം കേൾക്കാത്ത

വരെ പറഞ്ഞുകേൾപ്പിച്ച് ഖുർആനിക ആശയങ്ങളിലൂടെ ജനത്തെ ബോധവൽക്കരിക്കുകയുമാണുണ്ടായത്. സ്ത്രീകളെന്നോ പുരുഷന്മാരെന്നോ വ്യത്യാസമില്ലാതെ എല്ലാവരും നബിയുടെ പ്രസംഗം ശ്രവിച്ചിരുന്നു. ഇത്തരത്തിലാണ് അറേബ്യ മുഴുവനും ഇസ്‌ലാമിലേക്കാകർഷിക്കപ്പെട്ടത്. അല്ലാതെ ഇന്നത്തെ രൂപത്തിലുള്ള ഖുതുബയെന്ന അറബിപ്രസംഗത്തിലൂടെ ഒരു ചെവിയിൽ കൂടി കേട്ടു മറുചെവിയിൽ കൂടി പുറംതള്ളുന്ന ഉറക്കംതൂങ്ങികളെ സൃഷ്ടിക്കലായിരുന്നില്ല. ജുമുഅ പ്രസംഗം മുസ്‌ലിംകളെ മാത്രം കേൾപ്പിക്കേണ്ട വിഷയമല്ല. നബി ചെയ്തതും അങ്ങനെയല്ലല്ലോ. ജൂതരും ക്രിസ്ത്യാനികളും മറ്റു മതക്കാരും നബിയുടെ പ്രസംഗം കേൾക്കുകയും അതിലേക്കായി അവരെ ക്ഷണിക്കുകയും ചെയ്തു. സത്യം മനസ്സിലാക്കിയവർ ഇസ്‌ലാമിലേക്ക് ആകർഷിക്കപ്പെട്ടത് നബിയുടെ ഇത്തരം പ്രസംഗങ്ങളിലൂടെയാണ്.

എന്നാൽ ഇന്നത്തെ ജുമുഅ എങ്ങനെയുള്ളതാണ്? മുസ്‌ലിംകൾ മാത്രം സംഘടിച്ചിരിക്കുന്ന പള്ളികളിൽ അവരെ മാത്രം കേൾപ്പിച്ച് അവിടെ ഹാജരായവരോട് പറയുന്നത് ''ഹയ്യ അലസ്സലാഹ് ഹയ്യലൽ ഫലാഹ്'' (നമസ്കാരത്തിലേക്ക് വരിനെടാ, വിജയത്തിലേക്ക് വരിനെടാ എന്ന് ശരിയായ അർഥം) എന്നാണ്. ജുമുഅക്ക് വേണ്ടി ആദ്യം ഒരു ബാങ്ക് കൊടുത്തസ്ഥിതിക്ക് പള്ളിയിൽ ഹാജരായവരോട് നമസ്കാരത്തിലേക്ക് വരുവിൻ, വിജയത്തിലേക്ക് വരുവിൻ എന്നു വീണ്ടും വിളിച്ചു പറയണമോ? ഇതാരുണ്ടാക്കിയ നിയമമാണ്? സത്യാസത്യങ്ങൾ വിവരിച്ചു കൊടുക്കുന്ന സദസ്സിലേക്ക് ഇതര മതസ്ഥരെക്കൂടി ക്ഷണിക്കുമ്പോൾ അവരോട് ആദ്യംതന്നെ വിളിച്ചു പറയേണ്ടത് നമസ്കരിക്കാൻ വരിനെടാ എന്നാണോ? ഇത് കേൾക്കുന്ന മാത്രയിൽ പ്രസംഗം കേൾക്കാൻ നിൽക്കാതെ ഓടിപ്പോവുകയല്ലേ ചെയ്യുക? മാത്രമോ, പ്രസംഗം തുടങ്ങുന്നതിന് മുമ്പ് രണ്ട് റക്അത്ത് സുന്നത്ത് നമസ്കാരവും നിർബന്ധമാക്കിയാൽ ഏത് സഹോദര സമുദായാംഗമാണ് പ്രസംഗം കേൾക്കാൻ പള്ളിയിലോ പരിസര പ്രദേശത്തോ വരിക? അത് ഒട്ടും ഉണ്ടാവില്ല എന്നത് തീർച്ചയല്ലേ. ജൂതരുടെ തന്ത്രവും ഇതായിരുന്നു. സമുദായത്തിലേക്ക് ആളുകൾ ആകൃഷ്ടരാകാതിരിക്കാൻ അഥവാ ഖുർആനിക ആശയങ്ങൾ മനസ്സിലാക്കാതിരിക്കാൻ ജൂതർ ഉണ്ടാക്കിയ തന്ത്രങ്ങളാണ് ഇതൊക്കെ. ജുമുഅയിലൂടെ നബി ഉദ്ദേശിച്ചത് ഖുർആനിക ആശയങ്ങൾ സർവമതക്കാരിലും എത്തിക്കുക എന്നതായിരുന്നു. എന്നാൽ ഇന്ന് പള്ളികളിൽ സന്നിഹിതരായ മുസ്‌ലിംകളോടുതന്നെ, അഥവാ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരോടുതന്നെ അവരറിയാത്ത ഭാഷയിൽ എന്തൊക്കെയോ വിളിച്ചു പറയുന്നു. അറിയാത്ത ഭാഷയിൽ ഖുർആനിക ആശയങ്ങൾ പറഞ്ഞുകൊടുത്താൽ അത് ശ്രവിക്കുന്നവർക്ക് എന്താണ് മനസ്സിലാവുക? സംഗീതമെന്നോണം ഇത് കേട്ട് അവിടെയിരുന്ന് ഉറങ്ങുകയല്ലേ ചെയ്യുക? ഇതാണോ നബി ജുമുഅകൊണ്ട് ഉദ്ദേശിച്ചത്? എല്ലാ മതവിഭാഗങ്ങളേയും ഉൾക്കൊള്ളിച്ചു അവരെയൊക്കെ ഖുർആനിക ആശയങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുന്ന സംഘടിത ദിനമായാണ് വെള്ളിയാഴ്ചയെ നബി പ്രയോജനപ്പെടുത്തിയത്. മണ്ടന്മാരായ പുരോഹിതവർഗം ജുമുഅ പ്രസംഗം അറബിഭാഷയിലൂടെയേ പാടുള്ളൂവെന്ന് നിയമമാക്കിയത്. അറിവില്ലാത്ത മുസ്‌ലിം സമുദായത്തെ കൂടുതൽ വിഡ്ഢികളാക്കാനേ ഉപകരിക്കൂ. സമുദായത്തിലെ 90 ശതമാനവും ബുദ്ധിയുപയോഗിക്കാത്തവരാണെന്ന് ഇതുവരെയുള്ള അനുഭവങ്ങൾ പഠിപ്പിക്കുന്നു.

മനുഷ്യവർഗത്തിന്റെ രണ്ട് അവിഭാജ്യ ഘടകമാണ് സ്ത്രീയും പുരുഷനും. സ്ത്രീയില്ലായിരുന്നുവെങ്കിൽ പുരുഷനില്ല; പുരുഷനില്ലായിരുന്നുവെങ്കിൽ സ്ത്രീയുമില്ല. സ്ത്രീക്കും പുരുഷനും തുല്യപദവികളാണ് ഖുർആൻ നൽകിയത്. സ്ത്രീയേക്കാൾ മുന്തിയത് പുരുഷനെന്നോ പുരുഷനേക്കാൾ മുന്തിയത് സ്ത്രീയെന്നോ ഉള്ള വിഭാഗീയത ഖുർആൻ നമ്മെ പഠിപ്പിച്ചിട്ടില്ല. പിന്നെ എന്തുകൊണ്ടാണ് പുരോഹിത വർഗം സ്ത്രീകളെ രണ്ടാംനമ്പർ വിഭാഗമായി തരംതിരിച്ചത്? സ്ത്രീകൾക്ക് പരിപൂർണ സ്വാതന്ത്ര്യമാണ് ഖുർആൻ വിഭാവനം ചെയ്യുന്നത്. ബുഖാരിയുടെ ഹദീസിൽ നബിയുടെ കാലത്ത് അദ്ദേഹത്തിന്റെ പത്നിമാർ ആർത്തവഘട്ടത്തിൽ അടിയിൽ താലം വെച്ച് പള്ളികളിൽ ഇരിക്കാറുണ്ടായിരുന്നുവെന്ന് എഴുതിവെച്ചിട്ടുണ്ട്. അപ്പോൾ പ്രവാചകന്റെ കാലത്ത് സ്ത്രീകൾക്ക് പൂർണ സ്വാതന്ത്ര്യം ഉണ്ടായിരുന്നുവെന്ന് ഹദീസുകളിൽ വിശ്വസിക്കുന്നവർക്കു സമ്മതിക്കേണ്ടിവരും. എങ്കിൽ ഇന്നത് നഷ്ടപ്പെടുവാനുള്ള കാരണം എന്താണ്? ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണെന്നും അത് പഠിച്ചാൽ കാഫിറായിപ്പോകുമെന്നും പ്രചരിപ്പിച്ച പുരോഹിതവർഗം ഇന്ന് അവരുടെ സ്വന്തം മക്കളെ ഏറ്റവും മുന്തിയ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിപ്പിക്കുന്നു. അന്ന് ഹറാമായത് ഇന്ന് ഹലാലായി. അന്ന് ഹലാലാക്കിയ സ്ത്രീ സ്വാതന്ത്ര്യം ഇന്ന് ഹറാമാക്കി. കറുത്ത വസ്ത്രത്തിൽ ആകെ മൂടിപ്പുതപ്പിച്ച് ആരാലും കാണാൻ പറ്റാത്തവിധത്തിൽ മയ്യത്തിനെ പൊതിയുന്നതുപോലെയല്ലേ സ്ത്രീകളെ വസ്ത്രമണിയിക്കുന്നത്? തനിക്കിഴവികൾ പോലും ഈ കാക്കച്ചിക്കുപ്പായമാണ് ധരിക്കുന്നത്. ഇസ്‌ലാമിന്റെ വസ്ത്രധാരണമാണ് മൂടിപ്പുതച്ചുകൊണ്ടുള്ള പർദയെന്നാണ് ന്യായവാദം. മുസ്‌ലിം സ്ത്രീകളെ കണ്ടാൽ എല്ലാവരും അവരെ ഓടിപ്പിടിച്ചുകളയുമെന്നത് കൊണ്ടാണത്രെ ഈ വേഷം. എന്നാൽ അർദ്ധനഗ്നകളായി നടക്കുന്ന ഇതര മതസ്ഥരിലെ സ്ത്രീകളെ പോലും ഇന്ന് ആരും പാഞ്ഞുപിടിക്കുന്നില്ല. അവർ എല്ലാ രംഗത്തും സജീ

വമായി പ്രവർത്തിക്കുന്നു. അവരെ ആരും തട്ടിക്കൊണ്ട് പോവുകയോ അക്രമിക്കുകയോ ചെയ്യുന്നില്ല. ഇരുട്ടിന്റെ മറവിൽ ജീവിക്കുന്ന മുസ്‌ലിം സ്ത്രീകളാണ് ഇന്ന് പലരുടെയും കൂടെ ഒളിച്ചോടിപ്പോകുന്നതെന്ന നഗ്നസത്യം ഇവിടെ പറയാതെ നിവൃത്തിയില്ല. പർദയല്ല; പർദയുടെ മേൽ പർദയണിഞ്ഞാലും ഓടിപ്പോകുന്നവർ ഓടിപ്പോവുകതന്നെ ചെയ്യും. അതിനാൽ പർദ ഇസ്‌ലാമിക വേഷമല്ലെന്ന് മാത്രമല്ല, അത് ഖുർആൻ വിരുദ്ധവുമാണ്. കട്ടവളെയും കൊലചെയ്തവളെയും പർദമൂലം തിരിച്ചറിയാത്ത സ്ഥിതിക്ക് അരാജകത്വം സൃഷ്ടിക്കുകയല്ലേ ഇതിലൂടെ വന്നുചേരുക? ഇത്തരത്തിൽ എത്രയെത്ര സംഭവങ്ങളാണ് ഇവിടെ നടക്കുന്നത്. ഇത്തരം താലിബാൻ വസ്ത്രം മുസ്‌ലിം സ്ത്രീകൾ ഉപേക്ഷിച്ചേ തീരൂ.

സ്ത്രീകൾക്കു ജുമുഅ ബാധകമാണെന്ന് ഖുർആനിക ആശയങ്ങളിലൂടെ തിരിച്ചറിയാൻ കഴിയും. 'ഇഖാമത്തുസ്വലാത്ത്' എന്നതിന്റെ അർഥം നമസ്കാരം നിലനിർത്തുകയെന്നതാണ്. നമസ്കാരം നിലനിർത്തുക എന്നു പറയുമ്പോൾ ആ നിയമം ആണിനും പെണ്ണിനും ഒരുപോലെ ബാധകമാണെന്ന് തീർച്ചയാണ്. ഈ ഇഖാമത്ത് സ്വലാത്തിൽ എല്ലാ നമസ്കാരവും പെടില്ലേ? അതിൽനിന്ന് ഏതെങ്കിലും ഒരു നമസ്കാരം അല്ലാഹു വേർതിരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ നമസ്കാരം ഏതാണ്?

ജുമുഅ നമസ്കാരം ഇഖാമത്തു സ്വലാത്തിൽപെടുന്നില്ലെന്നാണ് വാദമെങ്കിൽ പുരുഷന്മാർക്കത് നിർബന്ധമാണെന്ന് പറയാനെന്താണ് തെളിവ്? ഇഖാമത്തു സ്വലാത്തിൽ ജുമുഅ പെടില്ലെന്ന് പറയുന്ന ഏതെങ്കിലും പുരോഹിതനുണ്ടോ? എങ്കിൽ ആ ജുമുഅ സ്ത്രീകൾക്കും ബാധകമല്ലേ? ബാധകമല്ലെന്ന് പറഞ്ഞ നബി ഏതാണ്? നമ്മുടെ നബി അത് പറഞ്ഞിട്ടില്ലെന്നത് തീർച്ചയല്ലേ. രണ്ടാം പ്രമാണക്കാരുടെ ഇസ്‌ലാംകാര്യം അഞ്ചാണല്ലോ. ആ അഞ്ചിൽ രണ്ടാമത്തേതാണ് നമസ്കാരം. ഇസ്‌ലാം കാര്യം അഞ്ചും ആണിനും പെണ്ണിനും ഒരുപോലെ ബാധകമല്ലേ? ഏതെങ്കിലും നമസ്കാരം സ്ത്രീകൾക്ക് ഒഴിവാക്കിക്കൊടുത്തിട്ടുണ്ടോ?

സ്ത്രീകൾക്ക് എല്ലാ നമസ്കാരവും നിർബന്ധമാണെങ്കിൽ ജുമുഅ എന്തുകൊണ്ട് അതിൽ ഉൾപ്പെടുന്നില്ല? നമസ്കാരങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ജുമുഅയാണെന്ന് ഖുർആൻ സാക്ഷ്യപ്പെടുത്തുമ്പോൾ സ്ത്രീകളെ എന്തിനാണ് അതിൽനിന്ന് തടയുന്നത്? സ്ത്രീകൾക്ക് ജുമുഅ പാടില്ലെന്ന് അല്ലാഹുവോ നബിയോ പറഞ്ഞിട്ടില്ല. എന്നാൽ ഇതിലും ജൂതലക്ഷ്യമുള്ളതായി നമുക്ക് കാണാം. ജുമുഅയുടെ മുഖ്യഘടകം ഖുർആനിക വിഷയങ്ങൾ അവതരിപ്പിക്കലാണല്ലോ. ഇങ്ങനെ ഖുർആനിക വിഷയങ്ങൾ സ്ത്രീകൾ മനസ്സിലാക്കിപ്പോയാൽ അവരെ ചൂഷണം ചെയ്ത് ജീവിക്കുന്ന പുരോഹിതന്മാർക്ക് അതൊരു നഷ്ടക്കച്ചവടമായിത്തീരുമെന്നത് കൊണ്ടാണ് ജുമുഅയിൽ പങ്കെടുക്കുന്നതിൽ നിന്ന് സ്ത്രീകളെ വിലക്കുന്നത്. മൗലീദ്, റാത്തീബ്, ഖബർ പൂജ, സലാത്ത്, നേർച്ച എന്നിവപോലുള്ള ഇസ്‌ലാം വിരുദ്ധ കാര്യങ്ങൾ അവർ മനസ്സിലാക്കിപ്പോയാൽ അതിൽനിന്ന് കിട്ടുന്ന വരുമാനം മുടങ്ങിപ്പോകുമെന്നത് കൊണ്ടാണ് സുന്നി മുസ്‌ല്യാക്കന്മാർ സ്ത്രീകളെ ജുമുഅയിൽ പങ്കെടുക്കുന്നതിൽ നിന്ന് തടയുന്നത്. സ്ത്രീകൾക്ക് അവരവരുടെ വീടുതന്നെയാണ് നമസ്കാരത്തിനു ഉത്തമമെന്നുള്ള ഒരു കള്ള ഹദീസും പ്രചരിപ്പിക്കുന്നു. ഇങ്ങനെ പരസ്യപ്പെടുത്തിയാൽ സുന്നി സ്ത്രീകളൊന്നും പള്ളിയിൽ പോവില്ലല്ലോ. സ്ത്രീകളെ പുരുഷന്മാർ കണ്ടുപോകും; എന്നൊക്കെയുള്ള ഭയം കൊണ്ടാണെങ്കിൽ നമസ്കാരത്തേക്കാൾ എത്രയോ വീര്യം കുറഞ്ഞ ഹജ്ജിൽ പങ്കെടുക്കുന്നതിൽനിന്നായിരുന്നു സ്ത്രീകളെ ആദ്യം തടയേണ്ടിയിരുന്നത്. ആണും പെണ്ണും തോളോട് തോൾ തൊട്ടുരുമ്മി പങ്കെടുക്കുന്ന കർമ്മമാണല്ലോ ഹജ്ജ്. ആ ഹജ്ജിൽ അർദ്ധ നഗ്നരായാണ് പുരുഷന്മാർ പങ്കെടുക്കുന്നത്. അവരുടെ വിരിഞ്ഞ മാറും കൊഴുത്ത ശരീരവും കണ്ട് സ്ത്രീകൾ വശംവദരാകുമെന്ന് ഏതായാലും സുന്നികൾ പറയുന്നില്ല. എങ്കിൽ ജുമുഅയിൽ സ്ത്രീകൾ പങ്കെടുക്കുന്നതിലെന്താണ് തെറ്റ്? തോളോട് തോൾ ചേരാതെയും പരസ്പരം കാണാതെയും നടത്തപ്പെടുന്ന ജുമുഅയിൽ സ്ത്രീകൾ പങ്കെടുത്ത് പോയാ ൽ അവരുടെ ചാരിത്ര്യം പൊട്ടിത്തകർന്നുപോകുമോ? സ്ത്രീ കളെ കണ്ടമാത്രയിൽ പുരുഷൻ കയറിപ്പിടിക്കുമോ? ഇവിടെ നിയമവ്യവസ്ഥിതിയൊന്നുമില്ലേ? പുരുഷന്മാരെല്ലാം കാമഭ്രാന്തന്മാരാണോ? തീവണ്ടികളിലും ബസ്സിലുമൊന്നും മുസ്‌ലിം സ്ത്രീകൾ സഞ്ചരിക്കാറില്ലേ? അവിടെവെച്ചെല്ലാം അവർ ബലാൽക്കാരം ചെയ്യപ്പെടുകയാണോ? നമ്മുടെ സഹോദര സമുദായമായ ക്രിസ്ത്യൻ സമുദായത്തിൽ പള്ളികളിൽ വെച്ചു നടത്തപ്പെടുന്ന പ്രാർഥനയിൽ സ്ത്രീകളും പുരുഷന്മാരും ഒരുമിച്ചാണ് പങ്കെടുക്കുന്നത്. അവിടെ ഒരു പുരുഷനും സ്ത്രീ കളെ കയറിപ്പിടിച്ചതായി കേട്ടിട്ടില്ല.

സ്ത്രീകളെ ജുമുഅയിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കുന്ന പുരോഹിതവർഗമേ, ഇനിയുള്ള കാലം നിങ്ങളുടെ തട്ടിപ്പിന് സ്ത്രീകളെ കിട്ടില്ല. ഇന്ന് മിക്ക സ്ത്രീകളും അർഥം അറിഞ്ഞ് ഖുർആൻ പഠിച്ചുകൊണ്ടിരിക്കുകയാണ്. പരിഭാഷകൾ ധാരാളം വന്നുകഴിഞ്ഞു. ഖുർആൻ അർഥമറിഞ്ഞു പഠിക്കൽ ഹറാമാണെന്ന് പോലും അടുത്തകാലംവരെ നിങ്ങൾ നിയമമാക്കിയില്ലേ? ആ കാലം കഴിഞ്ഞുപോയിരിക്കുന്നു. മുസ്‌ലിം സ്ത്രീകളും പുരുഷന്മാരും ഖുർആൻമൂലം ഉണർന്നിരിക്കയാണ്. ഇനിയുള്ള കാലം അവരെ ചൂഷണം ചെയ്യാൻ സാധ്യമല്ല.

നീണ്ട താടിയും വലിയ തലേക്കെട്ടും കെട്ടി രാപ്രസംഗം നടത്തുന്ന അഹങ്കാരികളായ പുരോഹിതർ നമ്മുടെ നാട്ടിലുണ്ട്. ഇതിൽ സുന്നികളും മുജാഹിദുകളും പെടും. ഇവരുടെ ധാരണ അല്ലാഹുവിന് രോമത്തോട് വലിയ കമ്പമാണെന്നാണ്. നീണ്ട താടി സുന്നത്താണ് പോൽ. എന്താണീ സുന്നത്ത്? ഖുർആനിൽ രോമം വളർത്തുന്നതിനെപ്പറ്റി ഒരു സൂചനപോലുമില്ല. കടന്നൽ കൂടുപോലുള്ള ഇവരുടെ താടികൊണ്ട് അല്ലാഹുവിന് എന്ത് നേട്ടമാണുണ്ടാകുന്നത്? ആദമിന്റെ മക്കളേ, നിങ്ങൾ ഏറ്റവും സുന്ദരമായി നടക്കുവിൻ എന്നല്ലേ ദൈവം പറയുന്നത്. താടിനീട്ടുന്നത് കൊണ്ട് വൈരൂപ്യമുണ്ടാകുന്നതല്ലാതെ സൗന്ദര്യം കൂടുമോ? ദൈവത്തിന് ഇതിൽ ഒരു സംതൃപ്തിയുമില്ലെന്നും പ്രത്യേക കൂലിയോ പദവിയോ ഇതുമൂലം ലഭിക്കില്ലെന്നും ഓരോ താടിക്കാരനും ഓർക്കുന്നത് നന്ന്. ഇതിൽ ഒരു സുന്നത്തുമില്ല; ഫർളുമില്ല. ഏതോ ഒരു പുരോഹിതനുണ്ടാക്കിയ കാടൻ നിയമം മാത്രമാണിത്.

വീഡിയോ ക്ലിപ്പും ക്ലിപ്പിന്മേൽ ക്ലിപ്പുമിട്ട് നാട്ടുകാരെ വിഡ്ഢികളാക്കി സമുദായത്തെ പിച്ചിച്ചീന്തുകയും ഇതര മതസ്ഥരുടെയിടയിൽ നമ്മുടെ സമുദായത്തെ തരംതാണ മതമാക്കി മാറ്റുകയുമാണിക്കൂട്ടർ ചെയ്യുന്നത്. തമ്മിലടിക്കുന്ന ഈ മതത്തിൽ ആരാണ് പുതുതായി രംഗപ്രവേശം ചെയ്യുക? അവർക്ക് അറപ്പും വെറുപ്പുമല്ലേ നമ്മുടെ മതത്തോടു ഉണ്ടായിത്തീരുക? ഇതിലെല്ലാം ജൂതന്മാർ വലിയ പങ്ക് വഹിച്ചതായി നമുക്ക് മനസ്സിലാക്കാം. ഖുർആനു പുറമെ ഹദീസ് എന്ന ഗ്രന്ഥത്തിൽ വിശ്വസിക്കുന്നതോടെ ഖുർആന്റെ തനതായ തത്വങ്ങൾ മാറ്റിമറിക്കപ്പെടുകയും അഭിപ്രായ ഭിന്നതകൾ ഉടലെടുക്കുകയും പലപല ഗ്രൂപ്പുകളായി നാം വിഭജിക്കപ്പെടുകയുമാണ് ചെയ്യുന്നത്. ഖുർആനിൽ ഗവേഷണം നടത്താനോ അതിൽ ചിന്തിക്കാനോ അവർ മെനക്കെടുന്നില്ല. ഹദീസിനെ പ്രമാണമായംഗീകരിച്ച് അതിൽ ഗവേഷണം നടത്തുകയാണിവർ ചെയ്യുന്നത്. ഇല്ലാത്ത നിയമങ്ങൾ മതത്തിൽ ഉണ്ടാക്കി നമ്മെ വിഡ്ഢികളാക്കിത്തീർക്കുന്നു. അതിനാൽ വാറോലഗ്രന്ഥമാകുന്ന ഹദീസ് നമുക്കാവശ്യമില്ലെന്നും അതിൽ 95 ശതമാനവും ജൂതർ നബിയുടെ പേരിൽ കെട്ടിയുണ്ടാക്കിയവയാണെന്നും ഖുർആന്റെ ഒരുതരത്തിലുള്ള വിശദീകരണവും അതിൽ അടങ്ങിയിട്ടില്ലെന്നും നമുക്ക് എല്ലാ വിശദീകരണവുമായി ഖുർആൻ അല്ലാഹു

*(ശേഷം പേജ് 17 ൽ)*






മാപ്പിളപ്പാട്ടിന്റെ റിയാലിറ്റി ഷോയിൽ വിധികർത്താവായിരിക്കുന്ന എനിക്ക് വളരെ രസകരമായിത്തോന്നിയ ഒരു കാര്യം ആദ്യകാല മാപ്പിളപ്പാട്ടിലെ സങ്കരഭാഷയിൽ വരുന്ന വാക്കുകളുടെ ഉച്ചാരണം ശ്രദ്ധിക്കുകയും മലയാളം ഉച്ചാരണത്തെ പ്രേക്ഷകർ പോലും കണക്കിലെടുക്കാതിരിക്കുകയും ചെയ്യുന്നു എന്നതാണ്. 'ഷ' എന്ന അക്ഷരത്തെ 'ശ'യാക്കി ഉച്ചരിക്കുമ്പോൾ അതൊരു പ്രശ്നമേ അല്ല. 'പുരുശാന്തരങ്ങൾക്ക് പൗരുശം നൽകിയ പുരുശന്റെ കഥകൾ' എന്ന് പാടുന്നതിൽ ആർക്കും പ്രശ്നമില്ല. എന്നാൽ ചില അറബി വാക്കുകളുടെ ഉച്ചാരണം പിശകിയാൽ കാസർക്കോട്ടുനിന്നും മലപ്പുറത്തുനിന്നുമൊക്കെ വിളികളായി. മലയാളം ഉച്ചാരണത്തിലെ പിശകുകൾ ചൂണ്ടിക്കാട്ടി ഒരു കുട്ടിപോലും എന്നെ വിളിച്ചിട്ടില്ല.

**-വി.ടി മുരളി**



എന്റെ സിംഗപ്പൂർ സന്ദർശന വേളയിൽ ധാരാളം ചൈനീസ് ദേവാലയങ്ങളും ഹിന്ദു ദേവാലയങ്ങളും പള്ളികളും മോസ്കുകളും കാണാനിടയായി. പക്ഷേ, നമ്മുടെ നാട്ടിൽ കാണുന്നതുപോലെ അതിരാവിലെയുള്ള വെങ്കിടേശ സുപ്രഭാതമോ ബാങ്കുവിളിയോ സിംഗപ്പൂരിൽ കേട്ടില്ല. ഇതെല്ലാമുണ്ട് അവിടത്തെ ആരാധനാലയങ്ങളിൽ. എല്ലാം പുറത്തു കേൾക്കാതെ പതിയെയാണെന്ന് മാത്രം. ദൈവത്തെ വിവരമറിയിക്കാൻ മൈക്കെന്തിന് എന്നാണവരുടെ ചോദ്യം. പണ്ട് വാച്ചില്ലാതിരുന്ന സമയത്ത് ആരാധനാ സമയമറിയിക്കാൻ ദേവാലയങ്ങൾ ചെയ്ത കാര്യങ്ങളാണല്ലോ മണിയടിയും ബാങ്കുവിളിയുമെല്ലാം എന്നും അവർ പറഞ്ഞു. ശരിയാണ്. അവരുടെ വാദമുഖത്തെ ഖണ്ഡിക്കാൻ എനിക്കായില്ല.

**-ഡോ. പി.എ ലളിത**



അന്യരെ ചതിച്ചും കള്ളക്കച്ചവടം ചെയ്തും ധാരാളം പണമുണ്ടാക്കി പല തവണ ഹജ്ജ് ചെയ്താൽ ആ പാപം പടച്ചവൻ പൊറുക്കുമെന്ന് വിശ്വസിക്കുന്നത് പോഴത്തമാണ്. ഇസ്ലാമിൽ കച്ചവടം അനുവദനീയമാണെന്ന് പറഞ്ഞ് കള്ളക്കടത്തും കരിഞ്ചന്തയും തട്ടിപ്പും വെട്ടിപ്പും നടത്തി പണമുണ്ടാക്കുകയും എന്നിട്ട് പാപമോചനത്തിനായി ഹജ്ജ് നിർവഹിക്കുകയും തിരിച്ചുവന്ന് പഴയ തെറ്റുകൾ ആവർത്തിക്കുകയും ചെയ്യുന്നത് അനിസ്ലാമികമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

**-ബി.എം സുഹറ**

ഖുർആനിൽ ഹജ്ജിനുള്ള സ്ഥാനവും രൂപവും 12

# തല മൊട്ടയടിക്കണമെന്നുണ്ടോ?

**മൗലവി ചേകനൂർ**

അല്ലാഹുവിനെ സ്മരിച്ചുള്ള സ്തുതികീർത്തനങ്ങൾ നടത്താൻ 2:200 ലും 203 ലും പൊതുവെ ഉപദേശിച്ചിട്ടുണ്ടെന്ന് മാത്രം. കൂടാതെ പ്രസ്തുത ദിവസങ്ങളിൽ മാംസാഹാരമൊക്കെ കഴിക്കുകയും പാവങ്ങൾക്കും ആവശ്യക്കാർക്കുമെല്ലാം അത് വിതരണം ചെയ്യുകയും ചെയ്ത് പെരുന്നാളാഘോഷിക്കാനും 22:28, 36 ൽ ഖുർആൻ ഉപദേശിക്കുന്നു. ദാരിദ്ര്യം നിറഞ്ഞ ആ കാലഘട്ടങ്ങളിൽ അതൊക്കെ വലിയ പ്രാധാന്യമുള്ള കാര്യങ്ങളായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. എന്നിരുന്നാലും അതിനായി അവിടെ താമസിക്കൽ നിർബന്ധമില്ലെന്നും രണ്ടാം ദിവസം തന്നെ ആവശ്യക്കാർക്കൊക്കെ സ്ഥലം വിടാമെന്നും 2:203 ൽ ഖുർആൻ ഉണർത്തുന്നുണ്ട്. ഇനി ചിലർക്കവിടെ കൂടുതൽ താമസിക്കണമെന്നുണ്ടെങ്കിലോ? അതിനും വിരോധമില്ലെന്ന് മേൽ ഖുർആൻ സൂക്തത്തിൽ സൂചിപ്പിച്ചിരിക്കുന്നു.

ഹജ്ജ് കഴിഞ്ഞുള്ള മടക്കയാത്ര ആരംഭിക്കുമ്പോൾ മൂന്നാമതൊരു ത്വവാഫ് കൂടി സുന്നത്തുണ്ടെന്ന് സുന്നത്ത് ജമാഅത്തുകാരുടെ മദ്ഹബ്. പക്ഷേ അങ്ങനെ ത്വവാഫ് വേണമെന്നതിന് ഖുർആനിൽ ഒരു സൂചന പോലുമില്ലാത്തതിനാൽ നമുക്കത് സുന്നത്താണെന്ന് പറയാൻ നിർവ്വാഹമില്ല. കൂട്ടുകാരുടെയോ നാട്ടുകാരുടെയോ ബഹിഷ്ക്കരണമോ അവഹേളനമോ മറ്റോ ഭയപ്പെടുന്നവർക്ക് അവരുടെ കൂടെ പോയി അതു കൂടി നിർവ്വഹിക്കുന്നതിൽ തെറ്റില്ലെന്ന് പറയാം. അതിന്റെ തെളിവുകളെല്ലാം ജുമുഅ നമസ്കാരത്തെപ്പറ്റി ഞാനെഴുതിയ ഗ്രന്ഥത്തിൽ (32-ാം പേജിൽ) വിശദമായി വിവരിച്ചതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

മിനായിൽ വെച്ച് പെരുന്നാൾ നമസ്കാരവും ബലിയറുക്കലുമെല്ലാം കഴിഞ്ഞശേഷം തല മൊട്ടയടിക്കുക എന്ന സമ്പ്രദായമുണ്ടല്ലോ. എന്താണതിന്റെ അടിസ്ഥാനം; മൊട്ടയടിക്ക ണമെന്നുണ്ടോ; അതോ മുടി വെട്ടിയാൽ മതിയോ; ഖുർആൻ എന്ത് പറയുന്നു എന്നൊക്കെ വ്യക്തമാക്കുന്നത് സമുദായാംഗ ങ്ങൾക്ക് വളരെ ഉപകാരമുള്ള കാര്യമാണ്. അതിനാൽ അതിനെപ്പറ്റിയെല്ലാം ഖുർആന്റെ വീക്ഷണമെന്തെന്ന് താഴെ വിവരിക്കാം.

ഹജ്ജ് കർമങ്ങൾക്കിടയിൽ തല മൊട്ടയടിച്ച് ഭംഗികേടാക്കരുതെന്ന് മാത്രമാണ് ഖുർആനിൽ (2:196ൽ) ആകെയുള്ളത്. അതല്ലാതെ ഹജ്ജ് കഴിഞ്ഞാൽ തല മൊട്ടയടിക്കണമെന്ന നിർദേശമൊന്നും ഖുർആനിലില്ല. എങ്കിലും മേൽസൂക്തങ്ങളിൽ നിന്നും 48:27 ൽ നിന്നും ഹജ്ജ് കർമ്മങ്ങൾ കഴിഞ്ഞശേഷം തല മുണ്ഡനം ചെയ്യുന്നതിൽ തെറ്റില്ലെന്ന് കണ്ടുപിടിക്കാം. അതായത് ബലിയറവ് കഴിഞ്ഞാൽ തല മൊട്ടയടിക്കണമെന്ന് തോന്നുന്നവർക്കങ്ങനെ ചെയ്യാം. തലമുടി വെട്ടി ഭംഗിയാക്കണമെന്നുള്ളവർക്ക് അങ്ങനെയും ചെയ്യാം. അതിനൊന്നും ഖുർആനിൽ ഒരെതിർപ്പുമില്ല. എന്നാൽ താടിയും തലമുടിയുമെല്ലാം വളർന്ന് തൂങ്ങി ഭംഗികേടായിട്ടുണ്ടെങ്കിൽ



**ജൂതമുനാഫിഖായ അബൂഹുറയ്റയുടെ ലക്ഷ്യം മുസ്‌ലിംകൾ മുഴുവൻ താടിനീട്ടി, മൊട്ടയടിച്ച്, കണങ്കാൽ മധ്യം വരെയുള്ള മുറിമുണ്ടുടുത്ത് ആദിവാസികളെപ്പോലെ നടക്കണമെന്നാണ്.**

പെരുന്നാൾ ദിവസം അതൊക്കെ വെട്ടി ശരിപ്പെടുത്തുക തന്നെ വേണ മെന്ന് 22:29 കൊണ്ട് കിട്ടുന്നുണ്ട്. അതിനാൽ തലമുടി വളർത്തി ശീലിച്ചവരൊക്കെ - ആണാവട്ടെ പെണ്ണാവട്ടെ - തല മുണ്ഡനം ചെയ്ത് കോലക്കേടാകാതിരിക്കുകയാണ് വേണ്ടത്. ഭംഗികേട് തോന്നുന്ന ഭാഗമുണ്ടെങ്കിൽ അതൊക്കെ വെട്ടി ഭംഗിയാക്കുകയും വേണം. ഇതാണ് ഖുർആനിൽ നിന്ന് ലഭിക്കുന്ന വ്യക്തമായ സൂചനകൾ. ഇതിന്നെതിരായുള്ള ഒരു വിധിവിലക്കും മുസ്‌ലിംകൾ ചെവിക്കൊള്ളേണ്ടതില്ല; അതെല്ലാം തനി ജാഹിലീനിയമങ്ങളായത് കൊണ്ട് തന്നെ.

## അബൂഹുറയ്റയുടെ ഫിത്ന

സമുദായത്തെ മുഴുവൻ 'താടിത്തന്തമാരും' ഹജ്ജിന് ചെല്ലുന്നവരെയെല്ലാം മൊട്ടത്തലയന്മാരുമാക്കണമെന്ന നിർബന്ധമുള്ള മുസ്‌ലിം വിരോധിയാണ് ജൂതമുനാഫിഖായ അബൂഹുറയ്റ. താടി നീട്ടാൻ നബി കൽപ്പിച്ചിട്ടുണ്ടെന്ന തന്റെ മുത്തഫഖ് അലൈഹിയായ കള്ളഹദീസിലൂടെയാണ് അബൂഹുറയ്റ മുസ്‌ലിംകളെ മുഴുവൻ താടിവേഷക്കാരാക്കിയത്. അതേ പോലെ ഹജ്ജിന് ചെല്ലുന്നവരെ മുഴുവൻ മൊട്ടത്തലയന്മാരാക്കാൻ കെട്ടിവിട്ട മറ്റൊരു മുത്തഫഖ് അലൈഹിയായ ഹദീസ് ബുഖാരിയിലും മുസ്ലിമിലുമുണ്ട്. അതെങ്ങനെയെന്നല്ലേ? അബൂഹുറയ്റ പറയുകയാണ്: അല്ലാഹുവേ തലമുണ്ഡനം ചെയ്തവരെ അനുഗ്രഹിക്കേണമേ എന്ന് നബി പ്രാർത്ഥിച്ചു. അപ്പോൾ സഹാബികൾ പറഞ്ഞു; നബിയേ, തലമുടി വെട്ടിയവരെയും എന്ന്. "തലമുണ്ഡനം ചെയ്തവരെ അനുഗ്രഹിക്കേണമേ" എന്ന് വീണ്ടും നബി പ്രാർത്ഥിച്ചു. അപ്പോഴും അവർ പറഞ്ഞു; തലമുടി വെട്ടിയവരേയും എന്ന്. മുണ്ഡനം ചെയ്തവർക്ക് വേണ്ടി മൂന്നാമതും നബി പ്രാർത്ഥിച്ചു. അപ്പോഴും സഹാബികൾ പറഞ്ഞു; മുടി വെട്ടിയവർക്കും എന്ന്. ഈ മൂന്നാമത്തെ തവണ മാത്രമേ "മുടിവെട്ടിയവർക്കും" എന്ന് നബി കൂട്ടി പ്രാർത്ഥിച്ചുള്ളൂ. (ബുഖാരി, മുസ്ലിം)

നോക്കണം; തലമുടി വെട്ടിയവരെ അപേക്ഷിച്ച് തല മൊട്ടയടിച്ചവർക്ക് രണ്ടിരട്ടി പുണ്യം ലഭിക്കാൻ അർഹതയുണ്ടെന്നല്ലേ മേൽവിളമ്പിയ തന്റെ 'മൂന്നാവർത്തി സാഹിത്യ'ത്തിലൂടെ അബൂഹുറയ്റ തെളിയിക്കുന്നത്? അബൂഹുറയ്റയിലും ബുഖാരിയിലും മുസ്ലിമിലും വിശ്വസിക്കുന്ന ഏതൊരു മുസ്‌ലിമാണതറിഞ്ഞാൽ ഹജ്ജ് വേളയിൽ തല മൊട്ടയടിക്കാതെ മടങ്ങുക?

ഭംഗിയായി മുടി വളർത്തി നടക്കുന്നവർക്കെതിരിൽ ശക്തിയായൊരു ഭീഷണിയും അബൂഹുറയ്റ എയ്ത് വിട്ടിട്ടുണ്ട്. അതെന്തെന്നല്ലേ? ഒരു ദിവസം അയാൾ പറയുകയാണ്: പൂർവ്വകാലത്തൊരാൾ തന്റെ വളർത്തിയ മുടി ഭംഗിയായി വാർന്ന് ചീകി ആനന്ദത്തിൽ തെരുവിലൂടെ നടക്കുകയായിരുന്നു. അപ്പോഴതാ ഭൂമി അയാളെ പെട്ടെന്ന് പിടിച്ചുവിഴുങ്ങിക്കളഞ്ഞു. അങ്ങനെ അയാൾ ഖിയാമത്ത് നാൾ വരേക്കും ഭൂമിക്കടിയിലേക്ക് ആണ്ട് പോയിക്കൊണ്ടിരിക്കുകയാണിപ്പോൾ. ഇപ്രകാരം നബി പറഞ്ഞെന്ന് അബൂഹുറയ്റ. (ബുഖാരി) ഈ ദജ്ജാലുകൾക്ക് നബിയുടെ പേരിൽ പറയാനും എഴുതാനും പറ്റാത്ത വല്ല നുണയും ലോകത്തുണ്ടോ?

ചുരുക്കത്തിൽ ജൂതമുനാഫിഖായ അബൂഹുറയ്റയുടെ ലക്ഷ്യം മുസ്‌ലിംകൾ മുഴുവൻ താടിനീട്ടി, മൊട്ടയടിച്ച്, കണങ്കാൽ മധ്യം വരെയുള്ള മുറിമുണ്ടുടുത്ത് ആദിവാസികളെപ്പോലെ നടക്കണമെന്നാണ്. മനുഷ്യന് കാണാൻ പറ്റുന്ന ഒരു രൂപവും മുസ്‌ലിംകൾക്ക് പാടില്ലെന്നർഥം. മേൽപറഞ്ഞതൊക്കെ മുസ്‌ലിംസമുദായത്തെ പഠിപ്പിക്കാൻ ദശക്കണക്കിൽ കള്ളഹദീസുകൾ ഇയാൾ നിർമ്മിച്ചിട്ടുണ്ട്. അതയാളും ബുഖാരിയും മുസ്ലിമുമെല്ലാം മുത്തഫഖ് അലൈഹിയായി രേഖപ്പെടുത്തിയിട്ടുമുണ്ട്. അതിന്റെ ഫലം നമ്മുടെ സമുദായത്തിൽ ഇന്നും കാണപ്പെടുന്നുണ്ടല്ലോ. എന്നാണിതിനൊക്കെ ഒരറുതി വരുത്താൻ കഴിയുക എന്നാർക്കും പറയാൻ വയ്യ. ഏതായാലും ഖുർആൻ സുന്നത്തുകാരാരും ഹജ്ജിന് പോയാൽ തല മൊട്ടയടിക്കരുതെ ന്നാണ് നമുക്ക് പറയാനുള്ളത്. തലമൊട്ടയടിച്ചത് കൊണ്ടൊന്നും ഹജ്ജിന്റെ പുണ്യം ഏറില്ല. ഏറുമെന്ന് ഖുർആനൊരിടത്തും സൂചിപ്പിച്ചിട്ടുമില്ല. മുടിവെട്ടലോ വടിക്കലോ ഹജ്ജിന്റെയോ ഉംറയുടെയോ ഘടകമാണെന്നതിന് ഒരു തെളിവുമില്ലെന്നും നാം പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്.

## ഉംറയുടെ രൂപമെങ്ങനെ?

ഇതേവരെ വിവരിച്ചത് ഹജ്ജിന്റെ രൂപമാണ്. ഇനി ഉംറയുടെ രൂപവും പറയാം. അത് കൂടുതലായൊന്നും പറയാനില്ല. ഹജ്ജിന്റെ ആദ്യത്തെ രണ്ട് കർമ്മം മാത്രമാണ് ഉംറക്കുള്ളത്. ഒന്ന് ത്വവാഫും രണ്ട് സഅ്‌യും. ഇത് രണ്ടും ചെയ്യുന്നതിനാണ് ഉംറ എന്ന് അറബിഭാഷയിൽ പറയുക. അതിൽ വ്യത്യാസമായൊന്നും ഖുർആൻ വിവരിച്ചിട്ടില്ല. സഅ്‌യ് (സഫാ-മർവക്കിടയിൽ നടത്തം) നിർബന്ധമില്ലെന്ന ഒരു വിവരണം 2:158 കൊണ്ട് ലഭിച്ചത് മുമ്പ് വിശദീകരിച്ചതാണല്ലോ. അപ്പോൾ മിനിമം ഉംറ എന്ന് പറയുന്നത് കേവലം കഅ്ബ ത്വവാഫ് ചെയ്യുന്നതിനെയാണ്. അതിനുവേണ്ടി

**ഉംറക്ക് വേണ്ടി മക്കയുടെ അതിർത്തിക്കു പുറത്തുള്ള മീഖാത്തുകളിലേക്ക് പോവണമെന്ന അനാവശ്യവും അർഥശൂന്യവുമായ ദുരാചാരത്തിന്റെ പേരിൽ കോടിക്കണക്കിനുറുപ്പികയാണ് ഓരോ വർഷവും നമ്മുടെ സമുദായം ചെലവാക്കിക്കൊണ്ടിരിക്കുന്നത്. മക്കയിലെ ടാക്സിക്കാരുടെയും ടൂറിസ്റ്റ് ബസ്സുകാരുടെയും മറ്റും കൈകളിലേക്ക് ആ പണമെല്ലാം ഒഴുകിക്കൊണ്ടിരിക്കുന്നു.**

ഹറാമിന് പുറത്ത് 'തൻഈമി'ലോ 'ജിഇർറാനത്തി'ലോ പോയി ഇഹ്റാം കെട്ടിവരണമെന്നൊന്നുമില്ല. അതൊക്കെ അബൂഹുറയ്റാ കമ്പനിക്കാരുടെ കള്ളഹദീസുകളിലുള്ളതാണ്. തൽസംബന്ധമായ ഒരു സൂചനയും ഖുർആനിലില്ല. കെട്ടി വരണമെന്ന് പറയുന്നത് തനി അസംബന്ധവും അനാവശ്യവുമാണ്. അത്തരം വൃഥാവേലകളൊന്നും ഇസ്‌ലാമികമല്ല. എന്തെങ്കിലും ഒരു കർമ്മമോ ദൈവകീർത്തനങ്ങൾ ചൊല്ലാനായി നിശ്ചയിക്കപ്പെട്ട വല്ല സ്ഥലമോ ആ മീഖാത്തുകളിലുണ്ടെങ്കിൽ തെറ്റില്ലായിരുന്നു. പക്ഷേ അതൊന്നും അവിടെയില്ല. വെറുതെ ഷർട്ടും പാന്റ്സും മാറ്റി മുറിമുണ്ടുടുത്ത് ആദിവാസികളുടെ കോലം കെട്ടി വരാൻ മാത്രമാണ് മീഖാത്തിലേക്ക് (ഹറാമിന്റപ്പുറത്തേക്ക്) പോകുന്നത്. അതെല്ലാം ഖുർആൻ വിരുദ്ധമായ തനി ജാഹിലീ ആചാരങ്ങളാണെന്ന് മുമ്പ് വിശദമായി വിവരിച്ചത് വായനക്കാരുടെ ഓർമ്മയിലു ണ്ടല്ലോ. ഉംറക്ക് വേണ്ടി മക്കയുടെ അതിർത്തിക്കു പുറത്തുള്ള മീഖാത്തുകളിലേക്ക് പോവണമെന്ന അനാവശ്യവും അർഥശൂന്യവുമായ ദുരാചാരത്തിന്റെ പേരിൽ കോടിക്കണക്കിനുറുപ്പികയാണ് ഓരോ വർഷവും നമ്മുടെ സമുദായം ചെലവാക്കിക്കൊണ്ടിരിക്കുന്നത്. മക്കയിലെ ടാക്സിക്കാരുടെയും ടൂറിസ്റ്റ് ബസ്സുകാരുടെയും മറ്റും കൈകളിലേക്ക് ആ പണമെല്ലാം ഒഴുകിക്കൊണ്ടിരിക്കുന്നു. തന്നിമിത്തം അതൊക്കെ ദുരാചാരങ്ങളും അനാവശ്യങ്ങളുമാണെന്ന് പറയാൻ ഒറ്റ വ്യക്തിക്കും അവിടെ ധൈര്യം വരില്ല. ധൈര്യമുള്ളവരാരും അവിടേക്കെ ത്തിപ്പെടില്ല. ഇടക്ക് വെച്ച് അവർ കശാപ്പ് ചെയ്യപ്പെടുമെന്ന് താൽപ്പര്യം.

## ഹജ്ജും ഉംറയും വേർതിരിച്ചും ഒന്നിച്ചും ചെയ്യാം

ഹജ്ജ് യാത്രക്കാർ നേരെത്തന്നെ മക്കയിലെത്തിയാൽ അവർക്ക് ഉംറ ചെയ്ത് 'തഹല്ലുലാകാ'വുന്നതാണ്. ഒരാടോ അതിന്റെ വിലയോ ധർമ്മം ചെയ്യണമെന്ന് മാത്രം. ഉംറ ചെയ്ത് തഹല്ലുലായാൽ പിന്നെ പത്നിമാരുമായി ബന്ധം പുലർത്തുന്നതിൽ ഒരു തെറ്റുമില്ല. പിന്നീട് അറഫാ ദിവസം അറഫയിലേക്ക് പോകുന്നതിന് മുമ്പ് ത്വവാഫും സഅ്‌യും ചെയ്ത് ഹജ്ജിൽ പ്രവേശിക്കുക.

പൂർവ്വകാലങ്ങളിൽ അറഫാത്തിലൊന്നും വേണ്ടത്ര വെള്ളം കിട്ടാനില്ലാതിരുന്നതിനാൽ വെള്ളം ശേഖരിക്കാനും ഒട്ടകങ്ങ ൾക്ക് വേണ്ടുവോളം വെള്ളം കുടിപ്പിക്കാനും അറഫയിലേക്ക് പോകുന്നതിന്റെ തലേദിവസം (ദുൽഹജ്ജ് എട്ടിന്) മിനായിലേക്ക് പോകുന്ന സമ്പ്രദായമു ണ്ടായിരുന്നു. ആ ദിവസത്തിന് 'യൗമുത്തർവിയത്ത്' (വെള്ളം കുടിപ്പിക്കുന്ന ദിവസം) എന്ന് പേർ പറയാനുള്ള കാരണമതാണ്. ഇന്നാ ആവശ്യം തീരെയില്ലല്ലോ. അഥവാ ഒട്ടകങ്ങൾക്ക് മിനായിൽ പോയി വെള്ളം കൊടുക്കേണ്ടതില്ല. അറഫാത്തിൽ ചെന്നാൽ ആർക്കും വെള്ളം കിട്ടായ്കയില്ല. പിന്നെന്തിന് തലേ ദിവസം മിനായിൽ പോവണം? അതിനാൽ ഇക്കാലങ്ങളിലങ്ങനെ എല്ലാവരും വെറുതെ ഒന്ന് മിനായിൽ പോവുക എന്നത് കേവലം വിഡ്ഢിത്തമാണ്. അതുകൊണ്ട് മക്കയിലും പരിസരത്തുമുള്ളവർ അവിടെത്തന്നെ താമസിച്ചാൽ മതി. അനന്തരം ദുൽഹജ്ജ് ഒമ്പതിന് അറഫാത്തിലേക്ക് പുറപ്പെടുക. തുടർന്ന് മുമ്പ് വിവരിച്ച പ്രകാരമെല്ലാം ചെയ്യുക. ആദ്യം ഉംറ ചെയ്ത ശേഷം പിന്നീട് ഹജ്ജ് ചെയ്യുക എന്ന മേൽവിവരിച്ച രൂപത്തിനാണ് 'തമത്തുഅ്' എന്നു പറയുന്നത്. അങ്ങനെ ഉംറ ചെയ്ത് തഹല്ലുലാവുന്നതിന് പകരം ഉംറയോടൊപ്പം ഹജ്ജു കൂടി പൂർത്തിയാക്കിയാൽ അതിന് ഖിറാൻ എന്നു പറയും. ഇപ്രകാരം ഹജ്ജും ഉംറയും കൂട്ടി ചെയ്യാനാണ് 2:196 ൽ ഖുർആനാദ്യം നിർദ്ദേശിച്ചത്. അവിടെത്തന്നെ രണ്ടാമതായി തമത്തുഅ് രൂപത്തിൽ ചെയ്യാൻ അനുവാദവും നൽകിയിട്ടുണ്ട്. അത് നിർദ്ദേശമല്ലെന്ന് താൽപ്പര്യം. കൂടാതെ തമത്തുഅ് രൂപത്തിൽ ചെയ്യുമ്പോൾ ഒരു പ്രായശ്ചിത്തം (ചെറിയൊരു ധർമ്മം) വേണമെന്നും ഖുർആൻ കൽപ്പിച്ചിരിക്കുന്നു. അപ്പോൾ ഖിറാൻ രൂപത്തിൽ ചെയ്യാൻ ഖുർആനാദ്യം നിർദ്ദേശിക്കുകയും അതിന് പ്രായശ്ചിത്തം ആവശ്യമില്ലെന്ന് വ്യക്തമാക്കുകയും ചെയ്തപ്പോൾ ഖിറാനാണ് തമത്തുഇനേക്കാൾ ഉത്തമമെന്ന് ഖുർആൻ കൊണ്ട് തന്നെ കണിശമായും തെളിഞ്ഞു. പക്ഷേ, ഖുർആനിലെ ഈ സത്യം മനസ്സിലാക്കാൻ അഹ്‌ലുൽ ഹദീസുകാർക്ക് കഴിഞ്ഞില്ല. തന്നിമിത്തം നബി ഏത് രൂപത്തിലാണ് ഹജ്ജ് ചെയ്തിട്ടുണ്ടാവുക എന്ന് തീരുമാനിക്കാൻ അവർക്കിക്കാലംവരെ സാധിച്ചിട്ടുമില്ല.

## ഖിറാൻ രൂപത്തിൽ ഹജ്ജ് ചെയ്യുമ്പോഴും ത്വവാഫും സഅ്‌യും ആവർത്തിക്കണം

മസ്ജിദുൽ ഹറാമിലേക്ക്



പ്രവേശിക്കുന്നതിന് മുമ്പ് ഹജ്ജിനും ഉംറക്കും വേണ്ടി ഒന്നിച്ച് ഇഹ്റാം ചെയ്താൽ (അത് രണ്ടും ഒന്നിച്ചു നിർവഹിക്കുകയാണെന്ന് തീരുമാനിച്ചാൽ) ഹജ്ജിന്റെ സമയത്തിന് മുമ്പാണ് മസ്ജിദുൽ ഹറാമിൽ പ്രവേശിച്ചതെങ്കിൽ ഉംറക്ക് വേണ്ടി ആദ്യം ത്വവാഫും നമസ്കാരവും സഅ്യും നിർവഹിക്കുക. പിന്നീട് ഹജ്ജിന്റെ സമയമായാൽ മുമ്പ് വിവരിച്ച പ്രകാരം ഹജ്ജിന് വേണ്ടിയും ത്വവാഫും നമസ്കാരവും സഅ്യും നടത്തുക.

ഇനി ഹജ്ജിന്റെ സമയത്താണ് മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുന്നതെങ്കിലോ? ആദ്യം ഹജ്ജിന് വേണ്ടി ത്വവാഫും നമസ്കാരവും സഅ്യുമെല്ലാം ഓരോ തവണ വീതം നടത്തിയ ശേഷം ഉംറക്ക് വേണ്ടി രണ്ടാമതും അതോരോന്നും ആവർത്തി ക്കുക. പ്രസ്തുത ആവർത്തനം ആദ്യത്തേത് കഴിഞ്ഞ ഉടനെത്തന്നെ വേണമെന്നുമില്ല. ദുൽഹജ്ജ് ഒമ്പതിന് അറഫാത്തിലേക്ക് പുറപ്പെടുന്നതിന് മുമ്പ് എപ്പോഴെങ്കിലും ചെയ്താൽ മതി. ഉംറയുടെ കർമ്മങ്ങൾ ഹജ്ജിന് മുമ്പ് ഇന്ന സമയത്താവണമെന്ന പ്രത്യേക നിർദേശമൊന്നും ഖുർആനിലില്ലാത്തതിനാലാണത്. എന്നാൽ അറഫയും മിനായുമെല്ലാം കഴിഞ്ഞിട്ടായാലും വിരോധമില്ലെന്നും പറഞ്ഞുകൂടെ എന്നായിരിക്കും ചോദ്യം. അത് പറ്റില്ലെന്നാണ് മറുപടി. കാരണം മിനായിലെത്തുന്നതോടെ 'മനാസിക്കു'കളെല്ലാം (ഹജ്ജിന്റെയും ഉംറയുടെയും കർമങ്ങൾ) കഴിഞ്ഞിരിക്കണമെന്നാണ് 2:200 ൽ സൂചിപ്പിക്കുന്നത്. അപ്പോൾ ആദ്യം ചെയ്യേണ്ട ത്വവാഫും സഅ്യുമൊന്നും മിനായിൽ നിന്ന് മക്കയിലേക്ക് മടങ്ങുന്നത് വരെ പിന്തിക്കാൻ പാടില്ലെന്ന് ആ പ്രസ്താവനയിൽ നിന്നു വ്യക്തമായി. അറഫാത്തിലേക്ക് പോകുന്നതിന് മുമ്പ് തന്നെ അതെല്ലാം നിർവഹിച്ചെങ്കിലല്ലേ മിനായിലെത്തുമ്പോഴേക്കും 'മനാസിക്കു'കളൊക്കെ നിർവഹിച്ചു എന്നു പറയാനൊക്കൂ.

ആകയാൽ അറഫാ ദിവസത്തോടെ ഹജ്ജിനുള്ള കർമ്മങ്ങൾ -ത്വവാഫ്, ഇബ്രാഹിം മഖാമിന്നടുത്ത് വെച്ചുള്ള നമസ്കാരം, സഅ്യ്- നിർവഹിക്കുക. അതേ മൂന്ന് കർമ്മങ്ങൾ ഉംറക്ക് വേണ്ടിയും ചെയ്ത് പൂർത്തിയാക്കുക. അനന്തരം അറഫാത്തിൽ സമ്മേളിക്കൽ മുതൽക്കുള്ള ഹജ്ജിന്റെ ബാക്കി കർമ്മങ്ങളാണ് പൂർത്തിയാക്കേണ്ടത്. ''വഅതിമ്മുൽ-ഹജ്ജ-വൽ ഉംറത്ത-ലില്ലാഹി'' (ഹജ്ജും ഉംറയും അല്ലാഹുവിന് വേണ്ടി നിങ്ങൾ പൂർത്തിയാക്കുക) എന്ന് 2:196 ൽ ഖുർആൻ വ്യക്തമായി നിർദേശിച്ചതിനാലാണ് ഹജ്ജിന്റെയും ഉംറയുടെയും കർമ്മങ്ങളൊന്നും വെട്ടിച്ചുരുക്കാൻ പാടില്ലെന്ന് നാം ശക്തിയായി വാദിക്കുന്നത്. എന്നാൽ സുന്നത്ത് ജമാഅത്ത് പുരോഹിതന്മാർ പറയുന്നതെന്തന്നല്ലേ? ഖിറാൻ രൂപത്തിൽ ഹജ്ജ് ചെയ്യുമ്പോൾ -ഹജ്ജും ഉംറയും ഒന്നിച്ചു നിർവഹിക്കുമ്പോൾ - ഹജ്ജിനും ഉംറക്കും വേണ്ടി വേറെ വേറെ ത്വവാഫും സഅ്യും തന്നെ ധാരാളം മതി എന്നാണ്. അതായത് ഹജ്ജ്, ഉംറ എന്നീ രണ്ടിലൊന്നിന്റെ കർമ്മങ്ങളേ പൂർത്തിയാക്കേണ്ടതുള്ളൂവെന്നും രണ്ടിന്റേയും കൂടി പൂർത്തിയാക്കേണ്ടതില്ലെന്നും അവർ വാദിക്കുന്നു. ഖുർആൻ കൽപ്പിച്ചതിന്റെ നേരെ വിപരീതമേ അവർ പറയൂ എന്നർഥം. അബൂഹുറയ്റാ താവഴിക്കാരായ സുന്നത്ത് ജമാഅത്തിലെ മൂന്ന് മദ്ഹബുകാരുടെയും വാദമാണത്. അതിന് തെളിവായി ധാരാളം കള്ള ഹദീസുകളും അവർക്കുണ്ട്. അതെല്ലാം ബുഖാരി, മുസ്ലിം മുതലായവർ രേഖപ്പെടുത്തിയിട്ടുമുണ്ട്. അവരുടെ 'മുത്തഫഖ് അലൈഹിയായ' ആ ഹദീസുകളെല്ലാം തനി വ്യാജമാണെന്നും ഖുർആന്റെ വ്യക്തമായ കൽപനയെ നിഷേധിക്കാൻ ജൂതർ കെട്ടിവിട്ട കള്ളഹദീസുകളാണതെന്നും അതിനാൽ ഹജ്ജും

ആദ്യം ഉംറ ചെയ്ത ശേഷം പിന്നീട് ഹജ്ജ് ചെയ്യുന്നതിനാണ് 'തമത്തുഅ്' എന്നു പറയുന്നത്. അങ്ങനെ ഉംറ ചെയ്ത് തഹല്ലുലാവുന്നതിന് പകരം ഉംറയോടൊപ്പം ഹജ്ജു കൂടി പൂർത്തിയാക്കിയാൽ അതിന് ഖിറാൻ എന്നു പറയും. ഇപ്രകാരം ഹജ്ജും ഉംറയും കൂട്ടിച്ചെയ്യാനാണ് 2:196 ൽ ഖുർആനാദ്യം നിർദേശിച്ചത്.

**ഖുർആൻ മുറുകെ പിടിച്ച് ഹദീസുകൾ തള്ളിക്കളഞ്ഞിരുന്ന ഒന്നാം നൂറ്റാണ്ടിലെ നമ്മുടെ മാതൃകാ പുരുഷൻ സഹാബികളിലെ ഏറ്റവും വലിയ ഖുർആൻ പണ്ഡിതൻ ഹസ്രത്ത് ഉമർ ഫാറൂഖായിരുന്നുവെങ്കിൽ രണ്ടാമത്തെ മാതൃകാ പുരുഷൻ രണ്ടാം നൂറ്റാണ്ടിലെ നാല് മദ്ഹബുകാരിലെ ഏറ്റവും വലിയ ഖുർആൻ പണ്ഡിതനായിരുന്ന ഇമാം അബൂഹനീഫയായിരുന്നെന്നുള്ള ചരിത്ര സത്യം - എന്റെ ഗ്രന്ഥങ്ങളിൽ പലപ്പോഴും ഞാനുണർത്താറുള്ളത് - ഇവിടെ പ്രത്യേകം സ്മരണീയമാണ്.**

ഉംറയും ഒന്നിച്ച് ചെയ്യുമ്പോൾ ത്വവാഫോ സഅ്യോ യാതൊന്നും വെട്ടിച്ചുരുക്കാൻ പാടില്ലെന്നുമൊക്കെ ഖുർആൻ പണ്ഡിതനായ ഇമാം അബൂഹനീഫ തുറന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ഖുർആനനുസരിച്ചുള്ള അദ്ദേഹത്തിന്റെ ഇതേപോലുള്ള മദ്ഹബുകളെല്ലാം പൊതുവെ പൂഴ്ത്തിവെക്കലാണ് പതിവെങ്കിലും മേൽപ്രസ്താവന സംഗതിവശാൽ പുറത്ത് വരിക തന്നെ ചെയ്തു. തന്നിമിത്തം ഹനഫീ മദ്ഹബിൽ അദ്ദേഹത്തിന്റെ അഭിപ്രായം തന്നെയാണിപ്പോഴും പ്രചാരത്തിലുള്ളത്. ഖുർആൻ മുറുകെ പിടിച്ച് ഹദീസുകൾ തള്ളിക്കളഞ്ഞിരുന്ന ഒന്നാം നൂറ്റാണ്ടിലെ നമ്മുടെ മാതൃകാ പുരുഷൻ സഹാബികളിലെ ഏറ്റവും വലിയ ഖുർആൻ പണ്ഡിതനായിരുന്ന ഹസ്രത്ത് ഉമർ ഫാറൂഖായിരുന്നുവെങ്കിൽ രണ്ടാമത്തെ മാതൃകാ പുരുഷൻ രണ്ടാം നൂറ്റാണ്ടിലെ നാല് മദ്ഹബുകാരിലെ ഏറ്റവും വലിയ ഖുർആൻ പണ്ഡിതനായിരുന്ന ഇമാം അബൂഹനീഫയാണെന്നുള്ള ചരിത്ര സത്യം - എന്റെ ഗ്രന്ഥങ്ങളിൽ പലപ്പോഴും ഞാനുണർത്താറുള്ളത് - ഇവിടെ പ്രത്യേകം സ്മരണീയമാണ്. ഹനഫീ മദ്ഹബിലെ ഭൂരിഭാഗവും അദ്ദേഹവുമായി ഒരു ബന്ധവുമില്ലാത്ത അഭിപ്രായങ്ങളാണെന്നും ഹനഫീ പണ്ഡിതന്മാർ പോലും ആ സത്യം സമ്മതിച്ചിട്ടുണ്ടെന്നുമുള്ള ചരിത്രയാഥാർത്ഥ്യവും അക്കൂട്ടത്തിൽ ഓർമ്മിക്കുന്നത് നന്ന്. മേൽപറഞ്ഞ രണ്ട് ഖുർആൻ പണ്ഡിതന്മാരും അബൂഹുറയ്റയെ തനി പൊള്ളനാക്കി തള്ളിയിരുന്നുവെന്ന വിലപ്പെട്ട ചരിത്രസത്യവും ഖുർആൻ വാദികളായ നാം ഒരു കാലത്തും മറന്നുപോവരുത്. ഖിറാൻ രൂപത്തിൽ നബി ഹജ്ജ് ചെയ്തപ്പോൾ ഹജ്ജിനും ഉംറക്കും കൂടി ഒരു ത്വവാഫും ഒരു സഅ്യും മാത്രമേ ചെയ്തുള്ളൂവെന്ന അബൂഹുറയ്റാ കമ്പനിക്കാരെഴുതിവെച്ച സകല ഹദീസുകളും - ബുഖാരി, മുസ്ലിമിന്റെ മുത്തഫഖ് അലൈഹിയായ ഹദീസുകളടക്കം - അബൂഹനീഫ തള്ളിക്കളഞ്ഞു എന്നത് മേൽ പറഞ്ഞതിന്റെ വ്യക്തമായ ദൃഷ്ടാന്തമാണ്.

## ഒരു ജാഹിലിയ്യത്ത് നിലനിർത്താൻ നൂറിൽപ്പരം കള്ളഹദീസുകളുണ്ടാക്കി

ഹജ്ജ് കാലത്ത് ഉംറ ചെയ്യുക എന്നത് ഏറ്റവും വലിയൊരു കുറ്റമായാണ് ജാഹിലിയ്യാക്കൾ കണ്ടിരുന്നതെന്ന് ബുഖാരിയും മുസ്ലിമും മറ്റും നിവേദനം ചെയ്തിരിക്കുന്നു. ഖുർആനാണെങ്കിലോ ആ സിദ്ധാന്തത്തെ പറ്റെ തകർക്കാനാണ് തീരുമാനിച്ചത്. അതനുസരിച്ച് ഹജ്ജിന്റെ കൂടെത്തന്നെ ഉംറയും ചെയ്യണമെന്നും ഹജ്ജും ഉംറയും രണ്ടും പൂർത്തിയാക്കിത്തന്നെ നിർവഹിക്കണമെന്നും ഹജ്ജും ഉംറയും രണ്ടും പൂർത്തിയാക്കിത്തന്നെ നിർവഹിക്കണമെന്നും 2:196 ലൂടെ ഖുർആൻ വ്യക്തമാക്കി. അപ്പോൾ ഹജ്ജിനോടൊപ്പം ഉംറ ചെയ്യരുതെന്നാണ് ജാഹിലീ നിയമമെങ്കിൽ അത് ചെയ്യണമെന്നാണ് ഖുർആന്റെ നിയമമെന്ന് ചുരുക്കം. എന്നാൽ ഹജ്ജിന്റെ കൂടെ ഉംറ ചെയ്യലെങ്ങനെ എന്നിപ്പോൾ ശരിക്കൊന്ന് പഠിക്കേണ്ടിയിരിക്കുന്നു. അതൊന്നു വിവരിക്കാം.

ഹജ്ജിന്റെ കൂടെ ഉംറ ചെയ്യുക എന്നു പറഞ്ഞാൽ ഹജ്ജ് ചെയ്യുന്നതോടൊപ്പം തന്നെ ഉംറയുടെ കർമ്മങ്ങളും ചെയ്തു തീർക്കുക എന്നാണർഥം. ഉംറയുടെ കർമ്മങ്ങളെന്ന് പറയുന്നത് വെറും ത്വവാഫും നമസ്കാരവും സഅ്യുമാണ്. അപ്പോൾ ഹജ്ജിനോടൊപ്പം ഉംറ കൂടി പൂർത്തിയാക്കി ചെയ്യണമെന്ന് പറഞ്ഞാൽ ഹജ്ജിന് വേണ്ടി ത്വവാഫും സഅ്യുമൊക്കെ നടത്തുന്നത് പോലെ ഉംറക്കുവേണ്ടിയും അതെല്ലാം നടത്തണമെന്നും അതിലൊന്നും വെട്ടിച്ചുരുക്കാൻ പാടില്ലെന്നുമാണുദ്ദേശ്യം. അല്ലാതെ, ഹജ്ജിന്റെയോ ഉംറയുടെയോ കർമ്മങ്ങളിലേതെങ്കിലുമൊക്കെ വെട്ടിച്ചുരുക്കാമെന്നൊരിക്കലും അർഥമാക്കാൻ പറ്റില്ലല്ലോ. എന്നാൽ സുന്നത്ത് ജമാഅത്ത് പുരോഹിതന്മാർ അർഥമാക്കിയത് ഉംറയുടെ കർമ്മങ്ങൾ മുഴുവൻ വെട്ടിച്ചുരുക്കാമെന്നാണ്. ഹജ്ജും ഉംറയും ചെയ്യാനായി ഇഹ്റാം ചെയ്താൽ ഹജ്ജിന്റെ കർമ്മങ്ങളേ ചെയ്യേണ്ടതുള്ളൂവെന്നും ഉംറയുടെ കർമ്മമായി യാതൊന്നും ചെയ്യേണ്ടതില്ലെന്നും താൽപര്യം. അപ്പോൾ ഹജ്ജ് കാലത്ത് ഉംറ ചെയ്യാൻ പാടില്ലെന്ന ജാഹിലീ സിദ്ധാന്തം അതേപടി നിലനിർത്തണമെന്ന നിർബന്ധമാണ് സുന്നത്ത് ജമാഅത്ത് പുരോഹിതന്മാർക്കുള്ളതെന്ന് തീർച്ചയായി. അത്രക്കും മുരടുറച്ച ജാഹിലീയ്യത്താണതെന്ന് നബിക്ക് ബോധ്യപ്പെട്ടതിനാലായിരിക്കണം ആ സിദ്ധാന്തം പറ്റെ പൊളിക്കണമെന്ന നിർബന്ധത്തിൽ സഹാബിമാരോട് ഹജ്ജ് വേളയിൽ ആദ്യമായി ഉംറ ചെയ്യണമെന്ന് നബി കൽപ്പിക്കാൻ കാരണമായത്. പക്ഷേ, എന്ത് ഫലം?

*(അവസാനിക്കുന്നില്ല)*




# ആദ്യത്തെ ഹദീസ് നിഷേധി ബുഖാരി

**അബൂ യാസീൻ**

മുസ്‌ലിംകൾ വിവിധ ഗ്രൂപ്പുകളും വിഭാഗങ്ങളുമായിത്തീർന്നതുമുതൽ ദൈവിക പരിവേഷം നൽകി വിവിധ വ്യക്തികളെയും അവർ സ്വീകരിച്ചു. അതിനൊരുദാഹരണമാണ് ബുഖാരി. അഹ്‌ലുസ്സുന്നത്തുകാരായ മുസ്‌ലിം സമൂഹത്തിൽ ശക്തമായ സ്വാധീനമാണ് ഇയാളുടേത്. ഇവർക്കിടയിൽ ദൈവത്തിന്റെ സ്ഥാനമാണ് ഇയാൾക്കുള്ളത്. ഇത് വെറുതെ പറയുന്നതല്ല. ഈ ലേഖകന്റെ വിദ്യാർഥി ജീവിതകാലത്ത് ഖുർആനിനു വിരുദ്ധമല്ലാത്ത ഹദീസുകളേ സ്വീകരിക്കാൻ പാടുള്ളൂ എന്ന് പഠിച്ചിരുന്നു. എന്നാൽ ഖുർആനിനു എതിരാണെങ്കിലും ബുഖാരിയിലെ ഒരൊറ്റ ഹദീസു പോലും തള്ളാൻ പാടില്ല എന്നാണ് ഇന്ന് പുരോഹിതന്മാർ പഠിപ്പിക്കുന്നത്. ഇതിലേക്ക് ഇവർ മാറാൻ പല കാരണങ്ങളുമുണ്ട്. അസത്യങ്ങളും അർദ്ധസത്യങ്ങളും ഉൾക്കൊള്ളുന്ന ഗ്രന്ഥം കൊണ്ട് എങ്ങനെ സമ്പൂർണ്ണ സത്യമായ ഖുർആനെ വ്യാഖ്യാനിക്കും? ഒരു പാത്രത്തിലെ ഭക്ഷണത്തിൽ കുറച്ചുഭാഗം വിഷമുള്ളതും മറ്റൊരു ഭാഗം വിഷമില്ലാത്തതുമാണെങ്കിൽ ഏത് ഭാഗത്താണ് വിഷമെന്നു തിരിച്ചറിയാത്തിടത്തോളം മുഴുവൻ ഉപേക്ഷിക്കലല്ലേ ബുദ്ധി? ഊഹത്തെ മാത്രമേ ഹദീസുകളിലൂടെ നമുക്ക് ലഭിക്കൂ എന്ന് ഹദീസ് പണ്ഡിതന്മാർ സാക്ഷ്യപ്പെടുത്തിയിട്ടും, മിഥ്യ ഒരിക്കലും പ്രവേശിക്കാത്ത ഖുർആനെ തള്ളുകയും ബുഖാരിയെ തങ്ങളുടെ മതത്തിന്റെ രക്ഷകനായി സ്വീകരിക്കുകയും ചെയ്യുന്നു.

അഹ്‌ലുസ്സുന്നത്തുകാർക്ക് പരിശുദ്ധനായ ബുഖാരിയുടെ ജീവചരിത്രത്തിലൂടെ ഒന്നു കണ്ണോടിച്ചാൽ താഴെ പറയുന്ന ചില കാര്യങ്ങൾ കാണാം.

ഒന്ന്: അഹ്‌ലുസ്സുന്നത്തുകാരിലെ അറിവുള്ളവരും അറിവില്ലാത്തവരും വിദ്യാർത്ഥികളും ഒന്നിച്ചു വിശ്വസിക്കുന്നത് ലളിതമായതും വ്യക്തമായതുമായ അല്ലാഹുവിന്റെ ഗ്രന്ഥം ബുഖാരിയുടെ സഹായത്തോടെയല്ലാതെ ഗ്രഹിക്കാൻ കഴിയില്ലെന്നാണ്. മതം പൂർണ്ണമാക്കുന്നതും വ്യക്തമാക്കുന്നതും ബുഖാരിയാണെന്നും ബുഖാരിയെക്കൂടാതെ തന്റെ മതപരമായ കാര്യങ്ങൾ പൂർത്തിയാകില്ലെന്നും അവർ ഒന്നടങ്കം വിശ്വസിക്കുന്നു. നമുക്ക് ചോദിക്കാനുള്ളത് ഇവർ വിശ്വസിക്കുന്നതാണ് ശരിയെങ്കിൽ ബുഖാരി ജനിക്കുന്നതിനുമുമ്പുള്ള മുസ്‌ലിംകൾക്ക് എങ്ങനെ ഖുർആൻ മനസ്സിലായി എന്നാണ്. അവർക്കെങ്ങനെ ഖുർആനിലൂടെ മാത്രം തങ്ങളുടെ ശരീഅത്ത് മനസ്സിലായി?

രണ്ട്: ഹിജ്റ 11 ന് നബി മരിച്ചതോടെ ലോകത്തെ മുഴുവൻ മുസ്‌ലിംകളും മരിച്ചുപോയോ? ഹിജ്റ 194 ന് ബുഖാരി ജനിക്കുന്നതുവരെ ഈ ഹദീസുകൾ കണ്ടെത്താനും ഖുർആൻ മനസ്സിലാക്കാനും 183 വർഷക്കാലം മുസ്‌ലിംകൾക്ക് കഴിഞ്ഞില്ലെന്നാണോ നാം മനസ്സിലാക്കേണ്ടത്? ബുഖാരിയിലൂടെയല്ലാതെ ഖുർആൻ മനസ്സിലാക്കാൻ കഴിയില്ലെന്നല്ലേ ഇവരുടെ വാദം.

മൂന്ന്: ബുഖാരി പറയുന്നത്




അദ്ദേഹം പതിനെട്ടാമത്തെ വയസ്സിൽ പുസ്തക രചന തുടങ്ങി എന്നാണ്. ഹിജ്റ 256 ലാണ് മരിച്ചതെന്നും പറയപ്പെടുന്നു. അപ്പോൾ അദ്ദേഹം 62 കൊല്ലം ജീവിച്ചു എന്നു സാരം. പതിനെട്ടാമത്തെ വയസ്സിൽ ഒരാൾ മത ഗ്രന്ഥത്തിന്റെ രചന തുടങ്ങി എന്നു പറഞ്ഞാൽ ആ പ്രായത്തിന്റെ എല്ലാ ദൗർബല്യങ്ങളും പ്രസ്തുത ഗ്രന്ഥത്തെ ബാധിച്ചിട്ടുണ്ടായിരിക്കും എന്നും നാം മനസ്സിലാക്കേണ്ടേ? ഒരു റിപ്പോർട്ടിൽ ഒൻപതാമത്തെ വയസ്സിൽ അദ്ദേഹത്തിൽ നിന്ന് ആളുകൾ മതവിധി സ്വീകരിക്കാൻ തുടങ്ങി എന്നും പറയുന്നുണ്ട്. അത്ഭുതങ്ങളിലൂടെ കാര്യം അവതരിപ്പിച്ചാലേ ഇത് ജനം വിശ്വസിക്കൂ എന്ന തെറ്റായ ധാരണയാണ് ഇത്തരം കഥകൾ പ്രചരിപ്പിക്കാൻ ആളുകളെ പ്രേരിപ്പിച്ചത്. ഒറ്റ ദിവസം കൊണ്ട് രണ്ടു പ്രാവശ്യം ഖുർആൻ ഓതിത്തീർത്ത ശാഫിഇയുടെ കഥയെല്ലാം അങ്ങനെ വന്നതാണ്. ഓരോ ആയത്തും പാരായണം ചെയ്യാൻ ഇത്ര സമയം വേണമെന്നും ഒരു ദിവസത്തിന് 24 മണിക്കൂറേ ഉള്ളൂ എന്നും അറിയാതെയാണ് ഈ കഥകളൊക്കെ ഉണ്ടാക്കുന്നത്. 18 വയസ്സിലെ മനശ്ശാസ്ത്രവും ശരീരശാസ്ത്രവുമൊക്കെ കണക്കിലെടുക്കണ്ടേ? പക്വതയുടെയും മാർഗ്ഗദർശനത്തിന്റെയും പ്രായമായി ഖുർആൻ പറയുന്നത് 40 വയസ്സല്ലേ? 40 വയസ്സുവരെ നബി ഖുറൈശികൾക്കിടയിൽ ജീവിച്ചപ്പോൾ അല്ലാഹു ഈ ദൗത്യം ഏൽപിക്കാൻ അദ്ദേഹത്തെ പാകപ്പെടുത്തുകയായിരുന്നു. ഇങ്ങനെ പാകപ്പെടുത്തി നൽകിയ പ്രവാചകനു

**ആറുലക്ഷം ഹദീസുകളിൽ നിന്ന് ബുഖാരി കടഞ്ഞെടുത്തത് 2,700 എണ്ണം മാത്രം. ബാക്കിയുള്ള ഹദീസുകൾ എവിടെ? അവ ഉപേക്ഷിക്കേണ്ടവതന്നെയാണോ അല്ലയോ എന്ന് പരിശോധിക്കാനുള്ള അവസരം പോലും എന്തുകൊണ്ട് നമുക്ക് അദ്ദേഹം നൽകിയില്ല? പ്രവാചകന്റെ വചനങ്ങളെ തള്ളിക്കളയാനുള്ള അവകാശം ഇയാൾക്ക് ആരു നൽകി? അപ്പോൾ നിങ്ങളുടെ വീക്ഷണത്തിൽ ഏറ്റവും വലിയ ഹദീസ് നിഷേധി ആരാണ്?**

പോലും ജീവിതത്തിൽ പാകപ്പിഴവുകൾ വരുമ്പോൾ അദ്ദേഹത്തെ തിരുത്തുന്നതായി നമുക്ക് ഖുർആനിൽ കാണാൻ കഴിയും. ചുരുക്കത്തിൽ പ്രവാചകനേക്കാൾ മഹത്വവും പരിശുദ്ധിയുമാണ് ബുഖാരിക്ക് ഇവർ കൽപിക്കുന്നത്.

ബുഖാരി ആറു ലക്ഷത്തോളം ഹദീസുകൾ ശേഖരിച്ചിരുന്നു എന്നാണ് പറയുന്നത്. സ്വഹീഹായ ഹദീസുകളല്ലാതെ താൻ ഉദ്ധരിച്ചിട്ടില്ല എന്നും അദ്ദേഹം പറയുന്നുണ്ട്. അതു പോലെ കുളിക്കുകയും രണ്ടു റക്അത്ത് നമസ്കരിക്കുകയും ചെയ്ത ശേഷമല്ലാതെ ഒരൊറ്റ ഹദീസും എഴുതിയിട്ടില്ലെന്നും പറയുന്നു. അപ്പോൾ ആറു ലക്ഷം പ്രാവശ്യം അദ്ദേഹം കുളിച്ചിട്ടുണ്ടായിരിക്കും! മറ്റു കുളികൾ വേറെയും. 1200000 റക്അത്ത് നമസ്കാരവും നിർവഹിച്ചിട്ടുണ്ടാവും. മറ്റു നമസ്കാരങ്ങൾ വേറെയും. 62 വയസ്സുവരെ ജീവിച്ച ഒരാൾക്ക് ഉറക്കം, ജീവിത പ്രശ്നങ്ങൾക്കു വേണ്ടിയുള്ള പരിശ്രമം എന്നിവയെല്ലാം കഴിഞ്ഞ് ആറു ലക്ഷം ഹദീസുകൾ എഴുതാൻ സമയം കിട്ടുമോ? ജീവിതത്തിൽ മറ്റൊന്നിനും (ഉറങ്ങാൻ പോലും) സമയം മാറ്റിവെക്കാതെ ജനിച്ചതു മുതൽ മരണം വരെയുള്ള സമയത്തെ 600000 ഹദീസു കൊണ്ട് വീതിച്ചാൽ ഒരു മണിക്കൂറും 10 മിനിറ്റും വേണം ഒരു ഹദീസ് എഴുതാൻ. അപ്പോൾ ഇയാൾക്ക് ഉറങ്ങണ്ടേ? തിന്നണ്ടേ? കുടിക്കണ്ടേ? നമസ്കരിക്കണ്ടേ? ഹദീസ് തേടി യാത്ര പോകണ്ടേ? രോഗിയാകില്ലേ? ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്ക് ഹദീസുകൾ തേടി യാത്ര ചെയ്യാറുണ്ടായിരുന്നു എന്നദ്ദേഹം തന്നെ പറയുന്നു. കച്ചവടമായിരുന്നു അദ്ദേഹത്തിന്റെ തൊഴിലെന്നും പറയുന്നു. കച്ചവടത്തിന് സമയം വേണം, ഹദീസ് ശേഖരിക്കാൻ സമയം വേണം, തെറ്റു തിരുത്താൻ സമയം വേണം. എന്നിട്ട് കുളിച്ച് രണ്ടു റക്അത്ത് നമസ്കരിച്ച് എഴുതുകയും വേണം! ചിന്തിക്കുക സഹോദരങ്ങളേ!!

ഈ ആറു ലക്ഷം (ബുഖാരി ശേഖരിച്ചതു മാത്രം. വേറെയുമുണ്ടല്ലോ അഞ്ചാളുകൾ) ഹദീസുകൾ നബി 23 കൊല്ലം കൊണ്ട് പറഞ്ഞതാണെന്ന് ഓർക്കണം. അപ്പോൾ ജീവിതത്തിലെ ഓരോ മണിക്കൂറും നബി മൂന്ന് ഹദീസെങ്കിലും പറയണം. ബുഖാരിയുടെ കാര്യം പറഞ്ഞ

തുപോലെ നബിക്ക് ഖുർആൻ പാരായണത്തിനു സമയം വേണ്ടേ? പ്രബോധനത്തിനു സമയം വേണ്ടേ? ജനത്തിനിടയിലെ പ്രശ്നങ്ങൾ തീർക്കാൻ സമയം വേണ്ടേ? ഉറങ്ങണ്ടേ? ഭാര്യമാരുടെ അടുത്തുപോകണ്ടേ? അങ്ങനെ എന്തെല്ലാം കാര്യങ്ങൾക്ക് സമയം കണ്ടെത്തണം.

ആറുലക്ഷം ഹദീസുകളിൽ നിന്ന് ബുഖാരി കടഞ്ഞെടുത്തത് 2,700 എണ്ണം മാത്രം. ബാക്കിയുള്ള ഹദീസുകൾ എവിടെ? അവ ഉപേക്ഷിക്കേണ്ടവ തന്നെയാണോ അല്ലയോ എന്ന് പരിശോധിക്കാനുള്ള അവസരം പോലും എന്തുകൊണ്ട് നമുക്ക് അദ്ദേഹം നൽകിയില്ല? പ്രവാചകന്റെ വചനങ്ങളെ തള്ളിക്കളയാനുള്ള അവകാശം ഇയാൾക്ക് ആരു നൽകി? അപ്പോൾ നിങ്ങളുടെ വീക്ഷണത്തിൽ ഏറ്റവും വലിയ ഹദീസ് നിഷേധി ആരാണ്?

ഈ കണക്കൊന്ന് നോക്കൂ. നബിയുടെ പ്രബോധന കാലം 23 വർഷം. 23 വർഷം ഗുണിക്കണം 12 ഗുണിക്കണം 30 ദിവസം ഗുണിക്കണം 24 മണിക്കൂർ = 198720 മണിക്കൂർ ഹരിക്കണം 600000. അപ്പോൾ മണിക്കൂറിൽ മൂന്ന് ഹദീസ്.

ബുഖാരിയുടെ ഹദീസുദ്ധരിക്കൽ തുടങ്ങിയ ശേഷമുള്ള വർഷം 44. 44 ഗുണിക്കണം 12 ഗുണിക്കണം 30 ഗുണിക്കണം 24 = 380160 ഹരിക്കണം 600000.

അപ്പോൾ ഓരോ മണിക്കൂറിലും ബുഖാരി റിപ്പോർട്ട് ചെയ്യേണ്ടത് 1.578. കുളി 600000, നമസ്കാരം 1200000 റക്അത്ത്.

**ഇതു താൻ ബുഖാരി!**

⊖

---

## വെള്ളിയാഴ്ച ജുമുഅ... (പേജ് 9 ൽ നിന്ന് തുടർച്ച)

അവതരിപ്പിച്ചുതന്നിട്ടുണ്ടെന്നും ഓരോ മുസ്‌ലിമും ഗൗരവത്തോടെ മനസ്സിലാക്കുക. അതിനാൽ ഖുർആനാണ് നമ്മുടെ ഒരേയൊരു പ്രമാണമെന്നും അതിലേ നാം പൂർണമായും വിശ്വസിക്കേണ്ടതുള്ളൂവെന്നും അങ്ങനെയാകുമ്പോൾ ഒരു ഗ്രൂപ്പിസവും ഇല്ലാത്ത ഖുർആൻ വിശ്വാസികൾ മാത്രമേയുണ്ടാവൂവെന്നും മനസ്സിലാക്കിയാലേ നമുക്ക് വിജയം കരഗതമാവൂ. അല്ലാഹുവിന്റെയും നബിയുടെയും പേരിൽ കള്ളം കെട്ടിപ്പറയുന്നവരേക്കാൾ അക്രമി ആരുണ്ട് എന്ന് ഖുർആൻ പലവുരു ചോദിക്കുന്നു. എന്നാൽ ഇന്നത്തെ പുരോഹിതവർഗം അതേ ചെയ്യുന്നുള്ളൂ. ഹദീസ് എന്ന പേരിൽ എന്ത് വിഡ്ഢിത്തവും കള്ളത്തരവും കെട്ടിപ്പറയാമെന്നാണ് അവർ ധരിച്ചുവെച്ചിരിക്കുന്നത്. അജ്ഞരായ സമുദായത്തെ ഏതെല്ലാം തരത്തിലാണവർ വഞ്ചിക്കുന്നത്. നമ്മുടെ സമുദായമാണെങ്കിൽ ചിന്തിക്കാത്ത വർഗവുമായിപ്പോയി. ചിന്തിക്കുന്നവരാണെങ്കിൽ ഖുർആൻ എന്താണ് പറയുന്നതെന്ന് അതിന്റെ അർഥം മനസ്സിലാക്കി പഠിക്കുമായിരുന്നു. പക്ഷേ അവരതിനെ പാരായണത്തിനുള്ള ഗ്രന്ഥം മാത്രമാക്കി മാറ്റി. ഇവിടെയാണ് ജൂതർ വിജയിച്ചതും.

താടിവെച്ച വലിയൊരു പുരോഹിതൻ ധാരാളം ഇതര സമുദായക്കാർ വന്നുചേർന്ന ഒമുസ്‌ലിം വീട്ടിലെ നിക്കാഹിന് മുമ്പായി സുദീർഘ പ്രസംഗം നടത്തുകയുണ്ടായി. മുസ്‌ലിം പത്നിമാരുടെ കർത്തവ്യത്തെപ്പറ്റി നബിയുടെ പേരിൽ ഒരു കള്ള ഹദീസ് അദ്ദേഹം കെട്ടിയുണ്ടാക്കിയത് എന്താണെന്നോ? രോഗാവസ്ഥയിലായ സ്വന്തം ഭർത്താവിന്റെ മൂക്കിൽ നിന്നും വായിൽനിന്നും ഒലിച്ചിറങ്ങുന്ന രക്തവും ചലവും പത്നിമാർ നക്കിക്കുടിക്കണമെന്ന്; അത്തരം സഹധർമ്മിണിമാരേ മാത്രമേ അല്ലാഹുവും നബിയും തൃപ്തിപ്പെടൂവെന്ന്! ഇത് ഖുർആൻ വിരുദ്ധവും എത്രത്തോളം അപകടകരവും അപമാനകരവുമാണെന്ന് സമുദായം ചിന്തിക്കേണ്ടിയിരിക്കുന്നു. രക്തം കുടിക്കൽ ഹറാമാണ്. അല്ലാഹു നമുക്ക് ഹറാമാക്കിയ, കഴിക്കാൻ പറ്റാത്ത നാല് വസ്തുക്കളിൽ ഒന്ന് രക്തമാണ്. ഈ രക്തമാണ് പത്നിമാരോട് നക്കിക്കുടിക്കാൻ പറയുന്നത്. ഗുരുതരമായ രോഗാവസ്ഥയിലാണല്ലോ മൂക്കിൽനിന്നും വായിൽനിന്നും ചലവും രക്തവും ഒഴുകിയൊലിക്കുക. അത്തരം ഘട്ടത്തിൽ ഒലിച്ചിറങ്ങുന്ന രക്തത്തിലും ചലത്തിലും ലക്ഷക്കണക്കിൽ രോഗാണുക്കൾ അടങ്ങിയിട്ടുണ്ടാകും. അത്തരം രോഗികളുടെ രക്തവും ചലവും നക്കിക്കുടിച്ചു നിഷ്കളങ്കകളായ സ്ത്രീകളെയും രോഗികളാക്കുകയാണോ ഇയാളുടെ ലക്ഷ്യം? അങ്ങനെയെങ്കിലും സമുദായത്തിലെ അംഗബലം കുറയട്ടെയെന്നാണ് പുരോഹിതന്മാരുടെ ലക്ഷ്യം. ഇത്തരം കള്ള ഹദീസിൽ വിശ്വസിക്കുന്ന ഒരു മുസ്‌ലിമും യഥാർത്ഥ മുസ്‌ലിമായിരിക്കില്ലെന്നും അവർക്കൊക്കെ കഠിനമായ നരകമാണ് ഒരുക്കിവെച്ചതെന്നും ഖുർആൻ പഠിച്ചാൽ മനസ്സിലാക്കാം. അതിനാൽ ഖുർആനിലേക്ക് മടങ്ങൂ. അതിലേ വിജയമുള്ളൂ. ഖുർആൻ മാത്രമാണ് മനുഷ്യരുടെ പ്രമാണഗ്രന്ഥം. ഹദീസ് ഇസ്‌ലാമിനെ നശിപ്പിക്കാൻ ജൂതരുണ്ടാക്കിയ തന്ത്രങ്ങൾ മാത്രമാണെന്നും അബൂഹുറയ്‌റയും ബുഖാരിയും അതിനുവേണ്ടി കച്ചകെട്ടിയിറങ്ങിയവരാണെന്നും ഓരോ മുസ്‌ലിമും അറിഞ്ഞിരിക്കുന്നത് നന്ന്.

⊖



# أَزْوَاجٌ مُّطَهَّرَة

അബൂ യാസീൻ

വിവാഹവേളയിൽ പുരോഹിതന്മാർ നടത്തുന്ന പ്രാർഥനയാണ് “പടച്ചവനേ, ഇവരെ രണ്ടുപേരെയും നാളെ പരലോകത്തിൽ സ്വർഗ്ഗത്തിൽ ഒരുമിച്ചു കൂട്ടണേ” എന്ന്. അങ്ങനെ ആ പ്രതീക്ഷയിൽ അവർ ദാമ്പത്യജീവിതം തുടങ്ങുന്നു. പരസ്പരം സ്വർഗ്ഗത്തിൽ ഒരുമിച്ചു കൂടാമെന്ന പ്രതീക്ഷയിൽ എല്ലാ ത്യാഗവും സഹിച്ച് ഒരാൾ മറ്റൊരാളെ മരണം വരെ ചികിൽസിക്കുന്നു. അയാൾ മരിച്ചാൽ മൗലവി വീണ്ടും വന്ന് പല പ്രാർഥനകളുടെ കൂട്ടത്തിൽ أَللَّهُم أَبْدِلْه دَارًا خَيْرًا مِنْ دَاره وَزَوْجًا خَيْرًامِن زَوْجِه എന്നു പ്രാർഥിക്കുന്നു. ഇയാളുടെ ഇണയേക്കാൾ നല്ല ഒരു ഇണയെ പകരം നൽകേണമേ എന്നാണതിനർഥം. ഇതേ മൗലവി തന്നെയാണ് വിവാഹ സമയത്ത് ഇവരെ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചുകൂട്ടണേ എന്നു പ്രാർഥിച്ചതും! അതുപോലെത്തന്നെയാണ് നാലിലൊരു മദ്ഹബിനെ ഇമാമാക്കണമെന്നു ജനത്തെ പഠിപ്പിച്ചിട്ട് മരിച്ചു കഴിഞ്ഞു; ഇനി ഇവൻ എഴുന്നേൽക്കില്ലെന്ന ബോധ്യം വന്നാൽ ‘ഖുർആനാണ് ഇമാം’ എന്നു പറയാൻ അയാൾക്ക് നിർദ്ദേശം നൽകുന്നതും!!

ഇതൊന്നുമല്ല നമുക്ക് ചർച്ച ചെയ്യാനുള്ളത്. ഹദീസിനെക്കുറിച്ച് ചർച്ച ചെയ്യാൻ അഹ്‌ലുൽ ഹദീസുകാരുണ്ടല്ലോ. നമുക്ക് ഖുർആൻ ചർച്ച ചെയ്യാം. أَزْواجٌ مُّطَهَّرَة എന്നതിന് ശുദ്ധമായ, കഴുകി വൃത്തിയാക്കിയ, ആർത്തവമുണ്ടാകാത്ത പെണ്ണുങ്ങൾ സ്വർഗ്ഗത്തിൽ ഉണ്ടാവും എന്ന അർത്ഥമാണ് അഹ്‌ലുൽ ഹദീസുകാർ നൽകുന്നത്. എന്നാൽ ഇതു തന്നെയാണോ ശരിയായ അർത്ഥം എന്നൊന്നു പരിശോധിക്കാം. അല്ലാഹു പറയുന്നു.

وَبَشِّرِ الَّذِينَ ءَامَنُوا وَعَمِلُواالصَّالِحَاتِ أَنَّ
لَهُم جَنَّاتٍ تَجْرِي مِن تَحْتِهَا الأَنْهَارُ كُلَّمَارُزِقُوا مِنْهَا مِن ثَمَرَةٍ رِّزْقًا قَالُوا هَذَاالَّذِي
رُزِقْنَا مِن قَبْلُ وَأُتوابِهِ مُتَشَابِهًا وَلَهُم فِيهَا أَزْواجٌ مُّطَهَّرَة وَهُم فِيهَا خَالِدُون

(വിശ്വസിച്ചും നന്മകൾ പ്രവർത്തിച്ചും കൊണ്ടിരുന്നവരോട് നീ സന്തോഷം അറിയിക്കുകയും ചെയ്യുക. എന്തെന്നാൽ അവർക്ക് ചുവട്ടിൽ നിന്ന് അരുവികൾ ഒലിക്കുന്ന ചില തോട്ടങ്ങളുണ്ടായിരിക്കുമെന്നും അവർക്കു അതിൽനിന്നു ഏതൊരു ഫലം നൽകപ്പെടുന്തോറും ഇത് നമുക്ക് ഇതിനുമുമ്പേ നൽകപ്പെട്ടതാണെന്ന് പറയുകയും ചെയ്യും. എന്നാൽ അതിനോട് തുല്യമായതുതന്നെ തങ്ങൾക്കു നൽകപ്പെടുമെന്നും പരിശുദ്ധമായ പല ഇനങ്ങളും അതിലവർക്കുണ്ടായിരിക്കുമെന്നും അതിൽ അവർ ശാശ്വത നിവാസികളായിരിക്കുമെന്നും... 2:25)

ഇവിടെ كُلَّمَارُزِقُوا مِنْهَا مِن ثَمَرَةٍ എന്നു പറഞ്ഞത് അവർക്ക് നൽകപ്പെടുന്ന ഫലവർഗ്ഗങ്ങളുടെ ഇനങ്ങളെക്കുറിച്ചാണ്. അങ്ങനെ നൽകപ്പെടുമ്പോൾ ഇത് മുമ്പ് തങ്ങൾക്ക് നൽകപ്പെട്ടതാണെന്ന് അവർ പറയും. അവരോട് ഇനിയും ആ തോട്ടങ്ങളിൽ പരിശുദ്ധമായ പല ഫലവർഗ്ഗങ്ങളുടെ ഇനങ്ങളും ഉണ്ടായിരിക്കുമെന്നാണ് അല്ലാഹു പറയുന്നത്. അല്ലാതെ ആർത്തവമില്ലാത്ത പെണ്ണുങ്ങൾ അല്ല. പെണ്ണുങ്ങളെ ഇവിടെ പരാമർശിക്കുന്നതേയില്ല. പിന്നെ അവർ എവിടെനിന്നു കയറിവന്നു എന്ന് നമുക്കറിയില്ല. സന്ദർഭത്തിൽ നിന്ന് മനസ്സിലാകുന്നത് ഇങ്ങനെയാണെങ്കിൽ ഭാഷാപരമായി കൂടി നമുക്കൊന്നു പരിശോധിക്കാം. أزواجٌ എന്നതുകൊണ്ട് ഇനങ്ങളെക്കുറിച്ചല്ലാതെ ഇണകളായ പെണ്ണുങ്ങളെക്കുറിച്ചാണ് പറയുന്നതെങ്കിൽ أَزْواجٌ مُّطَهَّرَة എന്നല്ല; أَزْواجٌ مُّطَهَّرَاتٌ എന്നാണ് പറയുക. ഇവർ തന്നെ പറയുന്ന ജിന്നുകളും മനുഷ്യരും തൊടാത്ത, യഥേഷ്ടം നമുക്ക് സ്വർഗ്ഗത്തിൽ കിട്ടുമെന്നു പറയുന്ന ഹൂറികളെക്കുറിച്ചുള്ള വചനത്തിലും حُورٌمَّقصُوراتٌ എന്നാണല്ലോ ഉള്ളത്. അല്ലാതെ حُورٌمَقْصُورة എന്നല്ല. ചുരുക്കത്തിൽ മനുഷ്യരുടെ സ്ത്രീലിംഗ ബഹുവചന രൂപത്തിൽ പറയുന്ന വചനങ്ങളുടെ വിശേഷണം പറയുമ്പോൾ അതേ ബഹുവചന രൂപത്തിൽ തന്നെ പറയണം. ഉദാഹരണത്തിന് 66:5 ൽ أَزْوَاجًا خَيْرًامِنكُنَّ مُسْلِمَاتٍ مُّؤْمِنَاتٍ എന്നു പറയു ന്നു. ഇവിടെ എല്ലാ വിശേഷണങ്ങളും ബഹുവചന രൂപത്തിലാണ്. അല്ലാതെ مُسْلِمَة مُؤْمِنَةً قَانِتَةًتَائِبَةً എന്നിങ്ങനെയല്ല ഖുർആനിൽ പറഞ്ഞത്. അപ്പോൾ ഈ വചനത്തിലെ أَزْوَاج ന് ഇണകൾ എന്നും أ زْواجٌ مُّطَهَّرَة എന്നു പറയുന്നിടത്ത് പരിശുദ്ധമായ ഇനങ്ങൾ എന്നുമാണ് അർഥം വരിക.

മനുഷ്യരല്ലാത്ത ജീവജാലങ്ങൾ, വസ്തുക്കൾ

എന്നിവയുടെ സ്ത്രീലിംഗ ബഹുവചന രൂപത്തിന്റെ വിശേഷണങ്ങൾ പറയുമ്പോൾ ബഹുവചന രൂപത്തിലും ഏകവചന രൂപത്തിലും പറയാം. ഉദാഹരണത്തിന് أَشْجَارٌ عَالِيَةٌ എന്നും أَشْجَارٌ عَالِيَاتٌ എന്നും പറയാം. അതുപോലെ الجِبَالُ مُرْتَفِعة എന്നും مُرْتَفِعَاتٌ എന്നും പറയാം.

ചുരുക്കത്തിൽ അസ്‌വജുൻ മുതഹ്ഹറതുൻ എന്നു പറഞ്ഞാൽ പരിശുദ്ധമായ സ്ത്രീകൾ എന്നല്ല അർത്ഥം. ഇനി നമുക്ക് അടുത്ത വചനം പരിശോധിക്കാം

قُلْ أَؤُنَبِّئُكُم بِخَيْرٍ مِّن ذَٰلِكُم لِلَّذِينَ اتَّقَوْا عِندَرَبِّهِم جَنَّاتٌ تَجْرِي مِنْ تَحْتِهَا الأَنْهَارُ خَالِدِينَ فِيهَا وَأَزْوَاجٌ مُّطَهَّرَةٌ وَرِضْوَانٌ مِّنَ اللَّهِ وَاللَّه بصيرٌ بِالْعِبَاد

(നീ പറയുക, അതിനേക്കാൾ മെച്ചമായത് ഞാൻ നിങ്ങൾക്കു അറിയിച്ചു തരട്ടെയോ? സൂക്ഷിച്ചവർക്ക് തങ്ങളുടെ രക്ഷിതാവിന്റെ സമീപത്ത് തങ്ങൾ ശാശ്വതമായി നിവസിക്കാനായി ചുവട്ടിൽ നിന്ന് അരുവികൾ ഒലിക്കുന്ന ചില തോട്ടങ്ങളും പരിശുദ്ധമായ പല ഇനങ്ങളും അല്ലാഹുവിൽ നിന്നുള്ള തൃപ്തിയുമുണ്ടായിരിക്കും. അല്ലാഹു തന്റെ അടിമകളെ കണ്ടറിയുന്നവനാണ് – 3:15).

മറ്റൊരു വചനം കൂടി പരിശോധിക്കാം.

وَالَّذِين ءَامَنُوا وَعَمِلُوا الصَّالِحَات سَنُدْخِلُهُم جَنَّاتٍ تَجْرِي مِن تَحْتِهَا الأَنْهَارُ خَالِدِينَ فيهَا أَبَدًا لَّهُم فِيهَا أَزْوَاجٌ مُّطَهَّرَةٌ وَنُدْخِلُهُم ظِلاً ظَلِيلاً

(എന്നാൽ വിശ്വസിക്കുകയും നന്മകൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ അവരെ എന്നെന്നും ശാശ്വതരായി, ചുവട്ടിൽ നിന്ന് അരുവികൾ ഒലിക്കുന്ന ചില തോട്ടങ്ങളിൽ നാം വേഗം പ്രവേശിപ്പിക്കുന്നതാണ്. അവർക്ക് അതിൽ പരിശുദ്ധമായ പല ഇനങ്ങളുമുണ്ടായിരിക്കും. നാം അവരെ നിത്യമായ തണലിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ് – 4:57)

നോക്കൂ, തോട്ടങ്ങളും അവയിൽ ഒഴുകുന്ന നദികളും ആ തോട്ടങ്ങളിലുള്ള ഫലവർഗ്ഗങ്ങളുടെ ശുദ്ധമായ ഇനങ്ങളെക്കുറിച്ചുമല്ലാതെ പെണ്ണുങ്ങളെ ക്കുറിച്ച് ഇവിടെയൊന്നും ചർച്ചയില്ല. അതുകൊണ്ട് ഖുർആനിൽ أَزْوَاج എന്ന് കേൾക്കുന്ന എല്ലായിട ത്തും ഇണകളായ സ്ത്രീകൾ ആണെന്ന് ധരിക്കേണ്ട. അല്ലാത്ത അർഥങ്ങളും ഇഷ്ടം പോലെയുണ്ട്.

അർശ് വഹിക്കുന്നവരും അവന്റെ സ്തുതി പ്രകീർത്തിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവർ നിർവഹിക്കുന്ന പ്രാർഥന കാണുക

رَبَّنَا وَأَدْخِلْهُم جَنَّاتِ عَدْنٍ الَّتِي وَعَدتَّهُم وَمَن صَلَحَ مِن آبَائِهِم وَأَزْوَاجِهِم وَذُرِيَّاتِهِم إِنَّكَ أَنْتَ الْعَزِيزُ الْحَكِيم

(ഞങ്ങളുടെ നാഥാ, അവരെയും, അവരുടെ പിതാക്കളിൽ നിന്നും അവരുടെ ഇണകളിൽ നിന്നും അവരുടെ സന്തതികളിൽ നിന്നും നല്ലവരെയും നീ അവരോട് വാഗ്ദത്തം ചെയ്ത ഏദൻ തോട്ടങ്ങളിൽ പ്രവേശിപ്പിക്കേണമേ. തീർച്ചയായും നീ

**മരിച്ചു കഴിഞ്ഞ വ്യക്തിക്ക് അഹ്‌ലുസ്സുന്നത്തുകാർ മറ്റൊരു ഇണയെ നൽകാനാണ് പ്രാർഥിക്കുന്നതെങ്കിൽ അല്ലാഹു അവന്റെ ഖുർആനിൽ പറയുന്നത് സൽക്കർമങ്ങൾ ചെയ്ത ഇണകളും മക്കളും സ്വർഗത്തിൽ പ്രവേശിക്കുമെന്നാണ്. അവരെ സ്വർഗത്തിൽ പ്രവേശിപ്പിക്കേണമേ എന്നാണ് അല്ലാഹുവിന്റെ അർശ് ചുമക്കുന്നവർ പ്രാർഥിക്കുന്നത്.**

തന്നെയാണ് പ്രതാപിയും ന്യായാധിപനും – 40:8)

മറ്റൊരായത്ത് കൂടി ശ്രദ്ധിക്കുക
جَنَّاتُ عَدْنٍ يَدْخُلُونَهَا وَمَنْ صَلَحَ مِنْ ءَابَائِهِم وَأَزْوَاجِهِم وَذُرِيَّاتِهِم
(അതായത് അവരും അവരുടെ പിതാക്കന്മാരിൽ നിന്നും ഇണകളിൽ നിന്നും സന്തതികളിൽ നിന്നും നല്ലവരും പ്രവേശിക്കുന്ന ഏദൻ തോട്ടങ്ങൾ – 13:23)

നോക്കൂ സഹോദരങ്ങളേ, മരിച്ചു കഴിഞ്ഞ വ്യക്തിക്ക് അഹ്‌ലുസ്സുന്നത്തുകാർ മറ്റൊരു ഇണയെ നൽകാനാണ് പ്രാർഥിക്കുന്നതെങ്കിൽ അല്ലാഹു അവന്റെ ഖുർആനിൽ പറയുന്നത് സൽക്കർമ്മങ്ങൾ ചെയ്ത ഇണകളും മക്കളും സ്വർഗത്തിൽ പ്രവേശിക്കുമെന്നാണ്. അവരെ സ്വർഗത്തിൽ പ്രവേശിപ്പിക്കേണമേ എന്നാണ് അല്ലാഹുവിന്റെ അർശ് ചുമക്കുന്നവർ പ്രാർഥിക്കുന്നത്. അല്ലാതെ പകരം വേറെ ഇണകളെ നൽകാൻ പ്രാർഥിക്കുകയല്ല വേണ്ടത്. പരസ്പരം സ്നേഹിച്ചും ദുരിതങ്ങളിലും സന്തോഷത്തിലും ഒരുമിച്ചും ജീവിച്ച ദമ്പതിമാരെയും മക്കളെയും വേർപിരിക്കാൻ ശ്രമിക്കുകയല്ല; ഇവരെ ഒരുമിപ്പിക്കേണമേ എന്നു പ്രാർഥിക്കുകയാണ് വേണ്ടത്. അപ്പോൾ സ്തനങ്ങൾ ഉയർന്ന സ്ത്രീകൾ സ്വർഗത്തിൽ ഉണ്ടാകില്ലേ എന്നാണ് ചിലർക്ക് സംശയം. മറ്റു ചിലരുടെ സംശയം അപ്പോൾ സ്ത്രീകൾക്ക് എത്ര ഉയർന്ന പുരുഷന്മാരാണ് സ്വർഗത്തിൽ ഉള്ളത് എന്നാണ്. كَوَاعِبَ أَتْرَابًا എന്നാൽ എന്താണ് എന്നൊക്കെ പരിശോധിക്കേണ്ടിയിരിക്കുന്നു.

أَزْوَاجٌ مُّطَهَّرَةٌ എന്നതിന് പരിശുദ്ധമായ ഇണകൾ എന്നല്ല അർഥം എന്ന ചർച്ചയേ ഇവിടെ ഉദ്ദേശിച്ചുള്ളൂ. അതിന് ഫലവർഗ്ഗങ്ങളിലെ പരിശുദ്ധമായ ഇനങ്ങൾ എന്ന അർഥമേ ഉള്ളൂ. അതാണ് അല്ലാഹു فِيهِمَا مِن كُلِّ فَاكِهَةٍ زَوْجَان എന്നൊക്കെ പറഞ്ഞതിൽ നിന്ന് വ്യക്തമാകുന്നത്. എല്ലാ ഫലവർഗ്ഗങ്ങളിൽ നിന്നും രണ്ട് ഇനങ്ങൾ ആ രണ്ടു തോട്ടങ്ങളിലുമുണ്ടെന്ന് സൂറത്തു റഹ്മാനിൽ അല്ലാഹു പറയുന്നത് ഈ അർഥത്തിലാണ്.

ഖുർആൻ പഠിക്കൂ; ചിന്തിക്കൂ; പിന്തുടരൂ.

ഠ



# റൂഹ് ഖുർആനിൽ

റൂഹ് എന്ന പദം എല്ലാവർക്കും സുപരിചിതമാണ്. ഈ പദത്തെ ചുറ്റിപ്പറ്റി ഒരുപാട് കഥകൾ നാം കേട്ടിട്ടുണ്ട്. അതിലൊന്ന് ഇങ്ങനെ: അല്ലാഹു സ്വർഗത്തിൽ വെച്ച് ഭൂമിയിൽ സൃഷ്ടിക്കാൻ പോകുന്ന മനുഷ്യരുടെ ആത്മാക്കളെയെല്ലാം ആദമിന്റെ മുതുകിൽ നിന്ന് പുറത്തെടുക്കുകയും എന്നിട്ട് ഞാനല്ലേ നിങ്ങളുടെ രക്ഷിതാവ് എന്ന് ചോദിച്ചപ്പോൾ ആ ആത്മാക്കളെല്ലാം അതേ എന്ന് അംഗീകരിക്കുകയും ചെയ്തു. അപ്പോൾ ആദമിന്റെ മുതുകിലേക്ക് തന്നെ ആ റൂഹുകളെ അഥവാ ആത്മാക്കളെ കയറ്റിവിട്ടു.

ഈ കഥ പറഞ്ഞവർ ഇതിനു തെളിവായി ഖുർആനിലെ ഒരു വചനത്തെയും കൂട്ടുപിടിച്ചിട്ടുണ്ട്. അത് വിശദീകരിക്കുന്നതിനു മുമ്പായി ഒന്നു രണ്ടു കാര്യങ്ങൾ സൂചിപ്പിക്കട്ടെ. അതായത് റൂഹിന്റെ ബഹുവചനമായ 'അർവാഹ്' (أَرْوَاح) എന്ന പദം ഖുർആൻ ഉപയോഗിച്ചിട്ടേയില്ല. അഥവാ ആത്മാവ് എന്നല്ലാതെ ആത്മാക്കൾ എന്ന് ഉപയോഗിച്ചിട്ടില്ല എന്നു വ്യക്തം. അപ്പോൾ പിന്നെ അത്മാക്കളുടെ ലോകം (عَالَم الأَرْوَاح) എന്ന വാക്കിന് ഖുർആനികമായി പ്രസക്തിയില്ല. ഹദീസ് വിശ്വസിക്കുന്നവർ ഖുർആൻ പറയുന്നത് വിശ്വസിക്കുന്ന കാലം വരട്ടെ എന്നു നമുക്ക് പ്രത്യാശിക്കാം. റൂഹ്, റൂഹുൽ ഖുദ്സ്, റൂഹുൽ അമീൻ എന്നിങ്ങനെയാണ് ഖുർആൻ പ്രയോഗിച്ചത്. റൂഹ് എന്ന പദത്തിന്റെ ശരിയായ അർഥം വിശദീകരിക്കുന്നതിനു മുൻപായി 7:172 നമുക്കൊന്നു പരിശോധിക്കാം.

وَإِذْ أَخَذَ رَبُّكَ مِن بَنِى ءَادَمَ مِنْ ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَى أَنْفُسِهِم
أَلَسْتُ بِرَبِّكُمْ قَالُوا بَلَى شَهِدْنَا أَن تَقُولُوا يَوْمَ الْقِيَامَةِ إِنَّا كُنَّا عَنْ هَذَا غَافِلِين

''ആദമിന്റെ സന്തതികളിൽ നിന്ന്; അതായത് അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്തതികളെ എടുക്കുകയും 'ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ' എന്ന് അവർക്കെതിരിൽ അവരെ ത്തന്നെ സാക്ഷികളാക്കുകയും; അതേ, ഞങ്ങൾ സാക്ഷ്യം വഹിച്ചു എന്നവർ പറയുകയും ചെയ്തു. ഇത് പുനരുത്ഥാന നാളിൽ 'തീർച്ചയായും ഇതിനെപ്പറ്റി ഞങ്ങൾ ഉദാസീനരായിരുന്നു' എന്നു നിങ്ങൾ പറയാതിരിക്കാൻ വേണ്ടിയാണ്."

ഈ ആയത്തിൽ എവിടെയും 'ആദമിന്റെ മുതുകിൽ നിന്ന് റൂഹുകളെ എടുത്തപ്പോൾ' എന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. അർവാഹുകൾ എന്ന പദം പോലും ഈ വചനത്തിൽ ഉപയോഗിച്ചിട്ടില്ല എന്നതാണ് സത്യം. എന്നിട്ടും ഖുർആനിൽ അല്ലാഹു പറയാത്ത ഒരു പദം കൊണ്ടുവന്നു ഇവർ ഈ വചനത്തെ ദുർവ്യാഖ്യാനം ചെയ്തു. അങ്ങനെ എടുത്തിട്ടുണ്ടെങ്കിൽ തന്നെ ലോകത്ത് ഒരു മനുഷ്യനും അങ്ങനെ ഒരറിവില്ല. ഈ ലോകത്ത് വന്ന് പരിചയപ്പെട്ട വ്യക്തികളെയല്ലാതെ മുമ്പ് ആത്മാക്കളുടെ ലോകത്ത് പരിചയപ്പെട്ട ഒരാളെയും അറിയില്ല.

'അർവാഹ്' ഖുർആൻ ഉപയോഗിച്ചിട്ടില്ലാത്തതുകൊണ്ട് ശുഹദാക്കളുടെ ആത്മാക്കൾ ഇപ്പോൾ തന്നെ സ്വർഗത്തിൽ പച്ചക്കിളികളുടെ രൂപത്തിൽ പാറി നടക്കുന്നു എന്നു പറയുന്ന ഹദീസുകൾക്കൊന്നും പ്രസക്തിയില്ല. ശുഹദാക്കൾ

റൂഹിന്റെ ബഹുവചനമായ 'അർവാഹ്' (أَرْوَاح) എന്ന പദം ഖുർആൻ ഉപയോഗിച്ചിട്ടേയില്ല. അഥവാ ആത്മാവ് എന്നല്ലാതെ ആത്മാക്കൾ എന്ന് ഉപയോഗിച്ചിട്ടില്ല എന്നു വ്യക്തം. അപ്പോൾ പിന്നെ അത്മാക്കളുടെ ലോകം (عَالَم الأَرْوَاح) എന്ന വാക്കിന് ഖുർആനികമായി പ്രസക്തിയില്ല. ഹദീസ് വിശ്വസിക്കുന്നവർ ഖുർആൻ പറയുന്നത് വിശ്വസിക്കുന്ന കാലം വരട്ടെ എന്നു നമുക്ക് പ്രത്യാശിക്കാം. റൂഹ്, റൂഹുൽ ഖുദ്സ്, റൂഹുൽ അമീൻ എന്നിങ്ങനെയാണ് ഖുർആൻ പ്രയോഗിച്ചത്.

എന്ന പദം പോലും രക്തസാക്ഷി എന്ന അർഥത്തിൽ ഖുർആനിൽ വന്നിട്ടില്ല. ജനത്തിനെതിരിൽ അല്ലാഹുവിന്റെ വചനങ്ങളുടെ ജീവിത സാക്ഷിയാണാകേണ്ടത്.

ഇവിടെ പിന്നെ അല്ലാഹു എന്താണ് വിശദമാക്കുന്നത്? മനുഷ്യരുടെ റബ്ബ് മനുഷ്യരിൽ നിന്ന്, അഥവാ അവരുടെ മുതുകുകളിൽ നിന്ന് അടുത്ത തലമുറക്ക് ജന്മം നൽകുന്ന വേളയിൽ അവരെ അവർക്കെതിരിൽ തന്നെ സാക്ഷികളാക്കി 'ഞാനല്ലയോ നിങ്ങളുടെ റബ്ബ്' എന്ന കരാറെടുക്കുന്നതിനെ കുറിച്ചാണ് ഇവിടെ അല്ലാഹു പറയുന്നത്. ഒന്നുകൂടി വ്യക്തമാക്കിയാൽ, "പിതാക്കളുടെ മുതുകുകളിൽ നിന്ന് അമ്മയുടെ ഗർഭാശയത്തിലേക്കും അവിടെവെച്ച് വ്യത്യസ്ത ഘട്ടങ്ങളിലൂടെയുള്ള തന്റെ രൂപപ്പെടലിലോ ജീവിതത്തിലോ പിന്നീട് ഒരു ഘട്ടം എത്തിയപ്പോൾ പുറത്തേക്കുള്ള തന്റെ വരവിലോ തുടർന്നുള്ള വളർച്ചയിലോ തനിക്കോ ഭൂമിയിലെ മറ്റാർക്കെങ്കിലുമോ വല്ല പങ്കും ഉണ്ടോ" എന്ന ചോദ്യമാണ് അല്ലാഹു ഉന്നയിക്കുന്നത്. "ഇല്ല; റബ്ബിനല്ലാതെ മറ്റാർക്കും ഒരു പങ്കുമില്ല. ഈ രംഗങ്ങളിലൊക്കെ നിന്റെ സംരക്ഷകനായി നിലകൊണ്ട എനിക്കു മാത്രം സേവനം ചെയ്യേണ്ടതിനു പകരം എന്നിൽ നീ എന്തിനു മറ്റുള്ളവരെ പങ്കുചേർക്കുന്നു" എന്നാണ് അല്ലാഹു ചോദിക്കുന്നത്.

ഇനി നീ അറിഞ്ഞില്ലെന്നു പറയരുത്. കാരണം നീയും മറ്റുള്ളവരും ഇണകളുമായി ബന്ധപ്പെട്ടതൊഴിച്ചാൽ ബീജത്തിന്റെ പുറപ്പെടൽ തൊട്ട് അങ്ങോട്ടുള്ള ഒരു ഘട്ടത്തിലും നിങ്ങളുടെ റബ്ബിനല്ലാതെ നിങ്ങൾക്കോ മറ്റാർക്കെങ്കിലുമോ ഒരു പങ്കും ഇല്ല എന്ന് നിങ്ങൾ അംഗീകരിച്ചതല്ലേ? അപ്പോൾ അല്ലാഹു അവരെത്തന്നെ അവർക്കെതിരിൽ സാക്ഷികളാക്കുകയാണ് ചെയ്യുന്നത്. തന്റെ വളർച്ചയുടെ ഘട്ടങ്ങളിൽ റബ്ബിനല്ലാതെ ഒരാൾക്കും ഒരു പങ്കും ഇല്ലാത്ത സ്ഥിതിക്ക് നിനക്ക് തിരിച്ചറിവും കഴിവുമൊക്കെ നേടിക്കഴിഞ്ഞ ശേഷം ആ റബ്ബിൽ നീ എന്തിനാണ് മറ്റുള്ളവരെ പങ്കുചേർത്തത്? പിതാക്കളെ അങ്ങനെ ശിർക്ക് ചെയ്യുന്നതായി ഞാൻ കണ്ടു എന്ന് നീ പറയരുത്.

ഈ ചോദ്യം ഓരോരുത്തരും സ്വയം ചോദിക്കുന്നതിനു പുറമെ ഇത് കയ്യിൽ കിട്ടിയ എല്ലാവരും ലോകത്തോട് ചോദിക്കണം. ഈ രൂപത്തിലുള്ള ഒരു വ്യക്തമാക്കലാണെങ്കിലേ മനുഷ്യൻ ശിർക്ക് ചെയ്താൽ അവൻ കുറ്റക്കാരനാവൂ. ഒരാൾക്കും തന്നോട് ഇങ്ങനെ ഒരു ചോദ്യം തന്റെ റബ്ബ് തന്നോട് എടുത്തിട്ടുണ്ടോ ഇല്ലയോ എന്നവനറിയുന്നില്ല. ആർക്കെങ്കിലും അങ്ങനെ ഒരറിവുള്ളതായി നമുക്കറിയില്ല. നോക്കൂ, ഒരു ചക്കക്കുരു മണ്ണിൽ നാം കുഴിച്ചിട്ടതൊഴിച്ചാൽ അത് ഒരു ചെടിയായി, മരമായി കായ്കനികൾ നൽകുന്ന അവസ്ഥകളിലൊന്നും തന്നെ അതിന്റെ പിന്നിൽ പ്രവർത്തിച്ച റബ്ബിനല്ലാതെ നമുക്ക് ഒരു പങ്കുമില്ല. ഇനിയും വിശദീകരിക്കാനുണ്ടെങ്കിലും ചിന്തിക്കുന്നവർക്ക് ഇത്രമതി. അല്ലാത്തവർ അല്ലാഹു സൃഷ്ടിക്കാൻ പോകുന്ന ആളുകളുടെ ആത്മാക്കളെ തന്റെ ഉള്ളംകയ്യിലെടുത്ത് "ഞാനല്ലേ നിങ്ങളുടെ റബ്ബ്" എന്ന് ചോദിച്ച് അതേ എന്ന് പറയിച്ച ശേഷം ആദമിന്റെ മുതുകിലേക്ക് അവയെ കയറ്റി വിട്ടു എന്നും വിശ്വസിക്കട്ടെ. പക്ഷേ ആദമിന്റെ മക്കളുടെ മുതുകല്ലാതെ ആദമിന്റെ മുതുക് ഈ വചനത്തിൽ ചർച്ച ചെയ്യുന്നതുപോലും ഇല്ല.

അർവാഹുകളുടെ ലോകമെന്നു പറയാൻ മരണവേളയിൽ അർവാഹുകളെ അല്ലാഹു പിടിച്ചെടുക്കുന്നതായി എവിടെയും പറയുന്നില്ല. മറിച്ച് നഫ്സുകളെ ഏറ്റെടുക്കുന്നതായാണ് ഖുർആനിൽ അല്ലാഹു പറയുന്നത്. اَللَّه يَتَوَفَّى الانْفُسَ حِينَ مَوْتِهَا (അല്ലാഹു നഫ്സുകളെ അവയുടെ മരണവേളയിലും പിടിച്ചടക്കുന്നു - 39:42) ഇവിടെ മരണവേളയിൽ പിടിച്ചടക്കുന്നത് അൻഫുസുകളെയാണ്; അർവാഹുകളെയല്ല. നഫ്സ് മാത്രമായി ഒരു പഠനം വേണം. ഇവിടെ റൂഹിന്റെ പഠനമേ ഉദ്ദേശിച്ചിട്ടുള്ളൂ. അല്ലാഹു പറയുന്നു:

يُنَزِّلُ الْمَلآئِكَةَ بِالرُّوحِ مِنْ أَمْرِهِ عَلَى مَن يَشَاءُ مِنْ
عِبَادِهِ أَنْ أَنْذِرُوا أَنَّهُ لاإِله إِلّاأَنَا فَاتَّقُون 16:2

⊖

ഖുർആൻ തന്നെ മതി 2

# എഴുതപ്പെടേണ്ട വഹ്‌യ് ഖുർആനിലെ സൂറത്തുകളും ആയത്തുകളും മാത്രം

അബൂ അബ്ദുല്ല മംഗലാപുരം

ഖുർആനിലെ സൂറത്തുകൾക്കോ സൂക്തങ്ങൾക്കോ തുല്യമായതൊന്നുകൊണ്ടുവരാൻ ബഹുദൈവ വിശ്വാസികളെ അല്ലാഹു വെല്ലുവിളിക്കുന്നു.

وَإِن كُنتُمْ فِي رَيْبٍ مِّمَّا نَزَّلْنَا عَلَىٰ عَبْدِنَا فَأْتُوا بِسُورَةٍ مِّن مِّثْلِهِ وَادْعُوا شُهَدَاءَكُم مِّن دُونِ اللَّهِ إِن كُنتُمْ صَادِقِينَ

"നമ്മുടെ ദാസന്റെമേൽ നാം ഇറക്കിയതിനെക്കുറിച്ച് നിങ്ങൾ വല്ല സംശയത്തിലുമായാൽ നിങ്ങൾ സത്യസന്ധരാണെങ്കിൽ അതുപോലുള്ളതിൽ നിന്ന് ഒരു സൂറത്ത് കൊണ്ടുവരികയും..." (അൽബഖറ-23) ഖുർആനിലെ ഒരു സൂറത്ത് പോലും ആർക്കും കൊണ്ടുവരാൻ കഴിയില്ലെന്നിരിക്കെ പിന്നെ നബി എങ്ങനെ അതുപോലുള്ള ഒന്ന് എനിക്കു നൽകപ്പെട്ടിരിക്കുന്നു എന്ന് പറയും? ഖുർആനിൽ ഖുർആനിനു مثل കൊണ്ടുവരാൻ കഴിയില്ലെന്ന് നബി വായിച്ചു കേൾപ്പിക്കുകയും അതേ നബി തന്നെ "എനിക്ക് ഖുർആനും അതുപോലെയുള്ള ഒന്നും (ومثله معه) നൽകപ്പെട്ടിരിക്കുന്നു" എന്നു പറയുകയും ചെയ്യുക. എന്തൊരു വൈരുദ്ധ്യം അല്ലേ. വീണ്ടും അല്ലാഹു പറയുന്നു: أَمْ يَقُولُونَ افْتَرَاهُ قُلْ فَأْتُوا بِسُورَةٍ مِّثْلِهِ "അതല്ല, അവൻ അത് കള്ളം ചമച്ചതാണെന്നു അവർ പറയുകയാണോ? നീ പറയുക, എങ്കിൽ ഒരദ്ധ്യായം നിങ്ങൾ കൊണ്ടുവരികയും..." (യൂനുസ്-38)

മേൽ പറഞ്ഞതിൽ നിന്നും അതുപോലെയുള്ള ഒരുപാട് ആയത്തുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് നബിയുടെ മേൽ അവതരിപ്പിക്കപ്പെട്ടത് സൂറത്തുകളും ആയത്തുകളുമാണെന്നാണ്. അവയാകട്ടെ ഖുർആനിനുള്ളിലാണു താനും. അതല്ല, നബിക്ക് ഇറക്കപ്പെട്ടതിൽ അഹ്‌ലുൽ ഹദീസുകാർ വിശ്വസിക്കുന്ന ഹദീസുകളുമുണ്ടെങ്കിൽ അതുപോലുള്ള ആയിരക്കണക്കിന് ഹദീസുകൾ മനുഷ്യർക്ക് നിർമിക്കാനും കൊണ്ടുവരാനും കഴിയുമല്ലോ. കഴിയും എന്നതിനു ഇവർക്കുള്ള തെളിവല്ലേ ആറു ലക്ഷം ഹദീസുകളിൽ നിന്ന് അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തിൽപരം വ്യാജ ഹദീസുകൾ ബുഖാരി തള്ളിക്കളഞ്ഞു എന്നത്.

മനുഷ്യരുടെയും ജിന്നുകളുടെയും എഴുന്നേൽപിന്റെ നാളിൽ ദൂതന്മാരുടെമേൽ ഇറക്കപ്പെട്ട ആയത്തുകളെക്കുറിച്ചും അവ വിശ്വസിച്ചതിനെക്കുറിച്ചും നിഷേധിച്ചതിനെക്കുറിച്ചുമേ ചോദ്യം ചെയ്യപ്പെടൂ. അല്ലാതെ ഖുർആനിനു പുറമെയുള്ള ഏതെങ്കിലുമൊരു ഹദീസ് നിഷേധിച്ചതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ഇല്ല. അല്ലാഹു പറയുന്നത് നോക്കുക:

يَا مَعْشَرَ الْجِنِّ وَالْإِنسِ أَلَمْ يَأْتِكُمْ رُسُلٌ مِّنكُمْ يَقُصُّونَ عَلَيْكُمْ آيَاتِي وَيُنذِرُونَكُمْ لِقَاءَ يَوْمِكُمْ هَٰذَا قَالُوا شَهِدْنَا عَلَىٰ أَنفُسِنَا وَغَرَّتْهُمُ الْحَيَاةُ الدُّنْيَا وَشَهِدُوا عَلَىٰ أَنفُسِهِمْ أَنَّهُمْ كَانُوا كَافِرِينَ

"ഹേ ജിന്നിന്റേയും മനുഷ്യരുടെയും കൂട്ടമേ, നിങ്ങൾക്കു നമ്മുടെ അടയാളവാക്യങ്ങൾ വിവരിച്ചും നിങ്ങളുടെ ഈ ദിനത്തിലെ കൂടിക്കാഴ്ചയെക്കുറിച്ച് മുന്നറിയിപ്പു നൽകിയും നിങ്ങൾക്കു നിങ്ങളിൽ

നിന്നു തന്നെ ദൂതന്മാർ വന്നിരുന്നില്ലേ?'' (അൽഅൻആം-130)

ദൂതന്മാർ ജനത്തിന് എത്തിച്ചു കൊടുക്കുന്ന ആയത്തുകൾ നിഷേധിച്ചതിന്റെ പേരിൽ നരകത്തിൽ പോയതിനെക്കുറിച്ചല്ലാതെ അഹ്‌ലുൽ ഹദീസുകാർ പറയുന്ന ഹദീസ് നിഷേധിച്ചതിന്റെ പേരിൽ നരകത്തിൽ പോകുമെന്ന് എവിടെയും പറഞ്ഞിട്ടില്ല. അല്ലാഹു പറയുന്നത് ഒന്ന് നോക്കൂ:

وَسِيقَ الَّذِينَ كَفَرُوا إِلَىٰ جَهَنَّمَ زُمَرًا ۖ حَتَّىٰ إِذَا جَاءُوهَا فُتِحَتْ أَبْوَابُهَا وَقَالَ لَهُمْ خَزَنَتُهَا أَلَمْ يَأْتِكُمْ رُسُلٌ مِّنكُمْ يَتْلُونَ عَلَيْكُمْ آيَاتِ رَبِّكُمْ وَيُنذِرُونَكُمْ لِقَاءَ يَوْمِكُمْ هَٰذَا ۚ قَالُوا بَلَىٰ وَلَٰكِنْ حَقَّتْ كَلِمَةُ الْعَذَابِ عَلَى الْكَافِرِينَ

“നിഷേധിച്ചിരുന്നവർ പല കൂട്ടങ്ങളായി നരക കുണ്ഠത്തിലേക്കു നയിക്കപ്പെടുകയും അങ്ങനെ അവർ അടുത്തെത്തിയാൽ അതിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും അതിന്റെ സൂക്ഷിപ്പുകാർ അവരോട് പറയുകയും ചെയ്യും: നാഥന്റെ ആയത്തുകൾ നിങ്ങൾക്ക് വായിച്ചു തന്നും ഇന്നത്തെ കൂടിക്കാഴ്ചയെപ്പറ്റി നിങ്ങളോട് താക്കീതു നൽകിയും നിങ്ങളിൽ നിന്നുള്ള ചില ദൂതന്മാർ നിങ്ങളുടെ അടുത്ത് വന്നിരുന്നില്ലേ?” (അസ്സുമർ-71) അതായത് ദൂതന്മാർ അവർക്ക് വായിച്ചു കേൾപ്പിച്ചിരുന്നത് ആയത്തുകളും സൂറത്തുകളുമാണെന്ന് വ്യക്തം. അതുപോലെ നബിക്ക് അല്ലാഹു അവതരിപ്പിച്ചു കൊടുത്തത് മനുഷ്യരും ജിന്നുകളും ഒരുമിച്ചു ശ്രമിച്ചാൽ പോലും കൊണ്ടുവരാൻ കഴിയാത്ത ഖുർആനാണെന്നും വ്യക്തം. ആ ഖുർആൻ മനസ്സിലാക്കാത്തവരെയും അതനുസരിച്ച് ജീവിക്കാത്തവരെയും അന്ധരായി എഴുന്നേൽപിക്കുമെന്ന് ഖുർആൻ പറയുന്നു.

قَالَ رَبِّ لِمَ حَشَرْتَنِي أَعْمَىٰ وَقَدْ كُنتُ بَصِيرًا قَالَ كَذَٰلِكَ أَتَتْكَ آيَاتُنَا فَنَسِيتَهَا ۖ وَكَذَٰلِكَ الْيَوْمَ تُنسَىٰ وَكَذَٰلِكَ نَجْزِي مَنْ أَسْرَفَ وَلَمْ يُؤْمِن بِآيَاتِ رَبِّهِ ۚ وَلَعَذَابُ الْآخِرَةِ أَشَدُّ وَأَبْقَىٰ

“അവർ പറയും: എന്റെ നാഥാ, ഞാനൊരു കാഴ്ചയുള്ളവനായിരിക്കെ എന്തിനാണ് നീ എന്നെ അന്ധനായി ഒരുമിച്ചുകൂട്ടിയത്? അവൻ പറയും: നമ്മുടെ ആയത്തുകൾ അപ്രകാരമാണ് നീ മറന്നത്. അതുപോലെയാണിപ്പോൾ നീ മറക്കപ്പെടുന്നത്. തന്റെ നാഥന്റെ ആയത്തുകൾ വിശ്വസിക്കാതെ അമിതം പ്രവർത്തിക്കുന്നവർക്ക് അങ്ങനെയും നാം പ്രതിഫലം നൽകുന്നുണ്ട്.”

**നബിക്ക് ഇറക്കപ്പെട്ടതിൽ അഹ്‌ലുൽ ഹദീസുകാർ വിശ്വസിക്കുന്ന ഹദീസുകളുമുണ്ടെങ്കിൽ അതുപോലുള്ള ആയിരക്കണക്കിന് ഹദീസുകൾ മനുഷ്യർക്ക് നിർമിക്കാനും കൊണ്ടുവരാനും കഴിയുമല്ലോ. കഴിയും എന്നതിനു ഇവർക്കുള്ള തെളിവല്ലേ ആറു ലക്ഷം ഹദീസുകളിൽ നിന്ന് അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തിൽ പരം വ്യാജ ഹദീസുകൾ ബുഖാരി തള്ളിക്കളഞ്ഞു എന്നത്.**

(ത്വാഹാ-125-127) ഈ ആയത്തുകളിൽ നിന്നെല്ലാം നമുക്ക് മനസ്സിലാകുന്നത് ദൂതന്റെ മേൽ ഇറക്കപ്പെട്ടത് ആയത്തുകളും സൂറത്തുകളുമാണെന്നും അവ ഖുർആനിനുള്ളിലാണെന്നുമാണ്. ആ ഖുർആൻ മതി ഒരു വിശ്വാസിക്ക്. നബി ഉപേക്ഷിച്ചുപോയി (ترك) എന്നു പറയപ്പെടുന്ന ഹദീസുകൾ മാന്തി പുറത്തേക്ക് (اخرجه بخارى) എടുക്കേണ്ട.

## ഖുർആന് തുല്യമായി മറ്റൊന്നില്ല

തന്റെ അത്യുന്നതമായ അസ്തിത്വത്തെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

فَاطِرُ السَّمَاوَاتِ وَالْأَرْضِ ۚ جَعَلَ لَكُم مِّنْ أَنفُسِكُمْ أَزْوَاجًا وَمِنَ الْأَنْعَامِ أَزْوَاجًا ۖ يَذْرَؤُكُمْ فِيهِ ۚ لَيْسَ كَمِثْلِهِ شَيْءٌ ۖ وَهُوَ السَّمِيعُ الْبَصِيرُ

“അവന്റെ മാതൃകപോലെ ഒരു വസ്തുവും ഇല്ല...” (അശ്ശൂറാ-11) അല്ലാഹുവിന്റെ മാതൃകയ്ക്ക് പോലും തുല്യമായി ഒരു വസ്തുവുമില്ല എന്നിരിക്കെ ഖുർആന് തുല്യമായി ഒന്നുമില്ല എന്നും അവൻ വ്യക്തമാക്കുന്നു. പിന്നെ എങ്ങനെയാണ് ഖുർആന് തുല്യമായ ഒന്നും എനിക്ക് നൽകപ്പെട്ടിരിക്കുന്നു എന്ന് നബി പറയുക?

قُل لَّئِنِ اجْتَمَعَتِ الْإِنسُ وَالْجِنُّ عَلَىٰ أَن يَأْتُوا بِمِثْلِ هَٰذَا الْقُرْآنِ لَا يَأْتُونَ بِمِثْلِهِ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيرًا

“നീ പറയുക ഈ ഖുർആന് തുല്യമായതു കൊണ്ടു വരുന്നതിന്റെ പേരിൽ മനുഷ്യരും ജിന്നും സമ്മേളിച്ചു എന്നിരിക്കട്ടെ. അവരിൽ ചിലർ ചിലർക്ക് സഹായിയായാൽ പോലും അവർ അതിന് തുല്യമായത് കൊണ്ടു വരില്ല.” (അൽ ഇസ്‌റാഅ്-88)

അല്ലാഹുവിന്റെ മാതൃകക്ക് തുല്യമായ ഒരു വസ്തുവുമില്ലാത്തതുപോലെ ഖുർആന് തുല്യമായി ഒന്നുമില്ല. മാത്രമല്ല, ഖുർആനിലെ ഒരധ്യായത്തിനു തുല്യമായി പോലും ഒന്നുമില്ല. കൊണ്ടുവരാനും

സാധ്യമല്ല. فأتوا بسوره من مثله ഇത്തരം ധാരാളം വചനങ്ങൾ വായിച്ച നബി പറയാത്ത കാര്യങ്ങൾ പറഞ്ഞു എന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ പേരിൽ പച്ചക്കള്ളം ചമച്ചുണ്ടാക്കിയിരിക്കുകയാണ്. ഇത് പ്രചരിപ്പിക്കുന്നവർ സ്വർഗാവകാശികളും ഖുർആൻ മാത്രം മതി എന്ന് പറയുന്നവർ നരകാവകാശികളും! എന്തൊരു വിരോധാഭാസം!!

## ഖുർആനിൽ ഒന്നും വിട്ടു കളഞ്ഞിട്ടില്ല

ഖുർആന്റെ വിശദീകരണം ഖുർആനിനകത്തു തന്നെയാണ്. അല്ലാതെ വിശദീകരണം നബി നാട്ടിൽ ഉപേക്ഷിച്ച് (ترك) പോവുകയും എന്നിട്ട് അവ മാന്തിയെടുക്കാൻ ഇരുന്നൂറിലധികം വർഷംകഴിഞ്ഞ് റഷ്യയിൽ നിന്നൊരു ആളെ കൊണ്ടുവരികയും ചെയ്യേണ്ട ഗതികേടിലേക്ക് ഖുർആനെ അല്ലാഹുവും അവന്റെ ദൂതനും ഉപേക്ഷിച്ചുപോകില്ല എന്നുറപ്പാണ്. ഉത്തരവാദിത്തമുള്ള വ്യക്തി എന്ന നിലക്ക് ദൂതൻ ഏൽപിച്ച ദൗത്യം പൂർണ്ണമായും നിർവ്വഹിക്കുമല്ലോ? അപ്പോൾ ഖുർആന്റെ വിശദീകരണം ഖുർആനിൽ തന്നെയാണെന്ന് സാരം. അല്ലാഹു പറയുന്നു:

إِنَّ الَّذِينَ يَكْتُمُونَ مَا أَنزَلْنَا مِنَ الْبَيِّنَاتِ وَالْهُدَىٰ مِن بَعْدِ
مَا بَيَّنَّاهُ لِلنَّاسِ فِي الْكِتَابِ أُولَٰئِكَ يَلْعَنُهُمُ اللَّهُ
وَيَلْعَنُهُمُ اللَّاعِنُونَ

"മനുഷ്യർക്കു വേണ്ടി വേദഗ്രന്ഥത്തിൽ വ്യക്തമാക്കിയ ശേഷം, തെളിവുകളും മാർഗ്ഗനിർദ്ദേശവുമായി നാം ഇറക്കിയതിനെ തീർച്ചയായും മറച്ചുവെക്കുന്നവർ ആരോ, അവരെ അല്ലാഹു ശപിക്കുന്നു. ശപിക്കുന്നവരെല്ലാം അവരെ ശപിക്കുകയും ചെയ്യുന്നു. പശ്ചാത്തപിക്കുകയും പരിഷ്കരിക്കുകയും വെളിപ്പെടുത്തുകയും ചെയ്തിരുന്നവരൊഴികെ. അവരെ ഞാൻ അനുഗ്രഹിക്കുന്നതാണ്. ഞാൻ വളരെ അനുഗ്രഹിക്കുന്നവനും അതികാരുണികനുമല്ലേ?" (അൽബഖറ-159)

ഖുർആൻ വ്യക്തമാക്കുന്ന كتاب مبين ഗ്രന്ഥമാണ്. അതിലെ വചനങ്ങൾ വിശദീകൃതവുമാണ്. (آيات بينات). ഖുർആൻ സ്വയം തന്നെ വിശദീകൃതമാണ്. (تبيان) അങ്ങനെയുള്ള ഗ്രന്ഥത്തെ മൂടിവെക്കാതെ ജനത്തെ വായിച്ചുകേൾപ്പിക്കുക എന്ന ജോലിയാണ് നബിക്കുള്ളത്. അല്ലാതെ ഇതിന് തഫ്സീർ എടുക്കാൻ നബിയോട് പറഞ്ഞിട്ടില്ല. കാരണം ഖുർആനെ വിശദമാക്കുന്ന ഗ്രന്ഥമാക്കിയതും അതിലെ ആയത്തുകളെ വിശദീകൃതമാക്കിയതും അല്ലാഹുവാണെന്നാണ് ഖുർആൻ പറയുന്നത്.

നബിക്ക് ഇറക്കപ്പെടുന്ന ഖുർആൻ അദ്ദേഹം മൂടിവെക്കാതെ നമുക്ക് വായിച്ചു തരികയും നാം അവ ചിന്തിക്കുകയും മനസ്സിലാക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്താൽ മതി. ഖുർആൻ അല്ലാഹു വളരെ എളുപ്പമാക്കിയാണല്ലോ അവതരിപ്പിച്ചത്. അല്ലാഹു പറയുന്നത് കാണുക: "അപ്പോൾ നാം അത് നിന്റെ ഭാഷയിൽ ലളിതമാക്കിയത് നീ അതുകൊണ്ട് സൂക്ഷ്മാലുക്കൾക്ക് സന്തോഷം അറിയിക്കാനും എതിർ കക്ഷികളായ ജനതയ്ക്ക് നീ അതുകൊണ്ട് താക്കീതു നൽകുവാനും വേണ്ടി മാത്രമാണ്." (മർയം-97) "അത് നിന്റെ ഭാഷയിൽ ലളിതമാക്കിയത് അവർ ഒരുവേള ചിന്തിക്കാൻ വേണ്ടി മാത്രമാണ്." (അദുഖാൻ-58)

വിശദീകൃതമായ അവന്റെ വചനങ്ങൾ നാം വായിച്ചാൽ അവ നമ്മോട് സംസാരിക്കും. അവ നാം ചിന്തിക്കുകയും മൂടിവെക്കാതെ ജനങ്ങൾക്ക് വെളിവാക്കിക്കൊടുക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ബാധ്യത. വ്യക്തമാക്കുക അഥവാ വെളിവാക്കുക (بين) എന്ന പദത്തിന്റെ വിപരീത പദമാണ് മൂടിവെക്കുക (كتم) എന്നത്. 2:159 ൽ വ്യക്തമാക്കപ്പെട്ടതും വിശദീകരിക്കപ്പെട്ടതുമായ അവന്റെ വചനങ്ങളെ മൂടിവെക്കുന്നതിനെയാണ് അല്ലാഹു താക്കീതു ചെയ്തത്. മാത്രമല്ല അവ മൂടിവെക്കാതെ ജനത്തിന് വെളിവാക്കി കൊടുക്കണമെന്നും പറയുന്നു. വേദം നൽകപ്പെട്ടവരുടെ ബാധ്യത അതു തന്നെയാണെന്നും അല്ലാഹു വ്യക്തമാക്കുന്നു.

"വേദം നൽകപ്പെട്ടവരിൽ നിന്ന് തീർച്ചയായും നിങ്ങൾ അത് മൂടിവെക്കാതെ മനുഷ്യർക്ക് വെളിപ്പെടുത്തി കൊടുക്കണമെന്ന് അല്ലാഹു ഉറപ്പ് വാങ്ങുകയും..." (ആലുഇംറാൻ-187) കത്മാൻ (മൂടിവെക്കുക) എന്ന പദത്തിന്റെ വിപരീത പദമാണ് തിബ്യാൻ (വെളിവാക്കുക) എന്ന് ഈ ആയത്തിലും വ്യക്തമാകുന്നു.

നാം ഖുർആൻ എപ്പോൾ വായിക്കുന്നുവോ അപ്പോൾ ആ വിശദീകൃത വചനങ്ങൾ ചിന്തിക്കാൻ ഉദ്ദേശിക്കുന്നവരോട് സംസാരിക്കുന്നതാണ്. നമുക്ക് ആവശ്യമായ കാര്യങ്ങൾ വ്യക്തമാകുന്ന ഗ്രന്ഥമാണ് ഖുർആൻ. എന്നാൽ അഹ്ലുൽ ഹദീസുകാർ പറയുന്നത് ഖുർആൻ വിശദീകൃത ഗ്രന്ഥമല്ല എന്നാണ്. മറിച്ച് അത് അവ്യക്തമാണെന്നും വായിച്ചാൽ ഭിന്നതയുണ്ടാകുമെന്നും ആ ഭിന്നത തീർക്കാനാണ് ഹദീസുകളെന്നും അവർ വാദിക്കുന്നു. ആ ഭിന്നത തീർക്കാനാണ് വ്യാഖ്യാതാവിന്റെ ആവശ്യമത്രെ. എന്നാൽ അല്ലാഹു അവന്റെ ഖുർആനെക്കുറിച്ച് പറയുന്നത് നോക്കൂ:

وَلَا يَأْتُونَكَ بِمَثَلٍ إِلَّا جِئْنَاكَ بِالْحَقِّ وَأَحْسَنَ تَفْسِيرًا

"പരമസത്യവും ഏറ്റവും നല്ല വ്യാഖ്യാനവും നാം നിനക്കു കൊണ്ടു വന്നു തന്നിട്ടില്ലാത്ത ഒരു രീതിയും അവർ നിന്റെ പക്കൽ കൊണ്ടു വരുന്നുമില്ല." (അൽഫുർഖാൻ-33) അപ്പോൾ ഖുർആന്റെ ഏറ്റവും

നല്ല വ്യാഖ്യാനം (أحسن تفسير) അതിനുള്ളിൽ തന്നെയാണ്. നമുക്ക് അതുമതി. أحسن تفسير നമുക്കെടുക്കാം. ഏറ്റവും ചീത്തയായ വ്യാഖ്യാനം അഹ്ലുൽ ഹദീസുകാർ മാന്തി പുറത്തെടുത്ത് വിശ്വസിക്കട്ടെ. ഖുർആൻ ഒന്നും വിട്ടുകളഞ്ഞിട്ടി ല്ലെന്നും എല്ലാ കാര്യങ്ങളുടെയും വിശദീകരണ മായാണ് അത് ഇറക്കപ്പെട്ടതെന്നും അല്ലാഹു വ്യക്തമാക്കുന്നു.

"ഈ ഗ്രന്ഥത്തിൽ ഒരു വസ്തുവും നാം കുറവു വരുത്തിയിട്ടില്ല." (അൻആം-38)

وَيَوْمَ نَبْعَثُ فِي كُلِّ أُمَّةٍ شَهِيدًا
عَلَيْهِم مِّنْ أَنفُسِهِمْ وَجِئْنَا بِكَ شَهِيدًا
عَلَىٰ هَٰؤُلَاءِ وَنَزَّلْنَا عَلَيْكَ الْكِتَابَ تِبْيَانًا لِّكُلِّ شَيْءٍ
وَهُدًى وَرَحْمَةً وَبُشْرَىٰ لِلْمُسْلِمِينَ

"നിന്റെ മേൽ എല്ലാ സംഗതിക്കുമുള്ള വിശദീകരണമായും അനുസരിക്കുന്നവർക്ക് സന്തോഷവാർത്തയായും ഈ ഗ്രന്ഥം അവതരിപ്പിക്കുകയും..." (അന്നഹ്ൽ-89)

لَقَدْ كَانَ فِي قَصَصِهِمْ عِبْرَةٌ لِّأُولِي الْأَلْبَابِ ۗ مَا كَانَ
حَدِيثًا يُفْتَرَىٰ وَلَٰكِن تَصْدِيقَ الَّذِي بَيْنَ يَدَيْهِ وَ
تَفْصِيلَ كُلِّ شَيْءٍ وَهُدًى وَرَحْمَةً لِّقَوْمٍ يُؤْمِنُونَ

"അത് കള്ളം ചമയ്ക്കുന്ന വാർത്തയാ യിരുന്നില്ല. പ്രത്യുത അതിന്റെ മുൻപുള്ളതിനെ സത്യപ്പെടുത്തലും വിശ്വസിക്കുന്ന ജനതക്കുള്ള സർവ്വ സംഗതികളുടെ വിശദീകരണവും മാർഗ്ഗനിർദ്ദേശവും കാരുണ്യവു മായിരുന്നു." (യൂസുഫ്-111)

അപ്പോൾ ഖുർആൻ വിശ്വാസി ഒരിക്കലും അല്ലാഹുവിന്റെ ഗ്രന്ഥം വിശദീകരണം ആവശ്യമുള്ള രൂപത്തിൽ അവ്യക്തമായും വ്യാഖ്യാനം ആവശ്യമുള്ള രൂപത്തിൽ മൊത്തത്തിലും ഇറക്കപ്പെട്ട ഗ്രന്ഥമാണെന്ന് പറയില്ല. മറിച്ചു ഖുർആൻ എല്ലാ സംഗതികളുടെയും വ്യാഖ്യാനമുള്ളതും (تفصيل لكل شىء) മുഴുവൻ കാര്യങ്ങളുടേയും വിശദീകരണമുള്ളതും (تِبْيَانًا لِّكُلِّ شَيْءٍ) ഏറ്റവും നല്ല വ്യാഖ്യാനം ഉൾക്കൊള്ളുന്നതും (أحسن تفسير) ആയ ഗ്രന്ഥമാണെന്നാണ് അവർ വിശ്വസിക്കുക. ഖുർആനിൽ അതെവിടെ, ഇതെവിടെ, മറ്റേതെവിടെ എന്നിങ്ങനെയുള്ള നിഷേധികളുടെ ചോദ്യങ്ങൾക്കു മുൻപിൽ പകച്ചു നിൽക്കുകയോ ഖുർആന്റെ സമ്പൂർണ്ണതയെ നിഷേധിക്കുകയോ ചെയ്യില്ല അവർ. ഖുർആനിൽ പല കാര്യങ്ങളും വിട്ടു കളഞ്ഞിരിക്കുന്നു എന്നു വിശ്വസിക്കുന്നതിനു മുൻപ് ഖുർആൻ എന്തുകൊണ്ട് അത് ആ രൂപത്തിൽ പറഞ്ഞില്ല എന്നതിന്റെ നീതിശാസ്ത്രം നാം മനസ്സിലാക്കുകയാണ് വേണ്ടത്. ഉദാഹരണത്തിന് ധനം നൽകേണ്ട ശതമാനം എന്തുകൊണ്ട് പറഞ്ഞില്ല എന്നു നാം ചോദിക്കുന്നതിനു മുൻപ് അങ്ങനെ പറയാത്തതിലുള്ള നീതിശാസ്ത്രത്തെ ക്കുറിച്ചും മനുഷ്യ സമൂഹത്തിനുണ്ടാവുന്ന നന്മയെക്കുറിച്ചും മനസ്സിലാക്കുകയാണ് വേണ്ടത്. ഇങ്ങനെ ഖുർആൻ വിശദീകരിച്ചിട്ടില്ല എന്ന് നമുക്കു തോന്നുന്ന ഏതൊരു കാര്യവും ഒന്ന് ചിന്തിക്കുക. അപ്പോൾ മനസ്സിലാവും ഖുർആൻ പറഞ്ഞ താണോ; അതല്ല ഹദീസ് പറഞ്ഞതാണോ ശരി എന്ന്. നമുക്ക് അത്യാവശ്യം അറിയേണ്ട ഒരു കാര്യവും ഖുർആൻ വിട്ടുകളഞ്ഞിട്ടില്ല. പ്രത്യക്ഷത്തിൽ നമുക്ക് ആവശ്യമില്ലെന്നു തോന്നുന്ന കാര്യങ്ങൾ പോലും ഖുർആൻ വിശദീകരിച്ചിട്ടുണ്ട്. ഒരു നായ കിടക്കുന്ന രൂപം പോലും വിവരിച്ച ഖുർആൻ, മുസ്ലിംകൾ അത്യാവശ്യം ചെയ്യേണ്ട സുജൂദിന്റെയും റുകൂഇന്റെയും രൂപം വിവരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് നാം ചിന്തിക്കണം. അതുപോലെ അനന്തരാവകാശം വീതിക്കുമ്പോൾ 1/3, 1/2, 2/3 എന്നിങ്ങനെ കണിശമായി കണക്കു പറഞ്ഞ ഖുർആൻ മുസ്ലിംകൾ അത്യാവശ്യം നൽകേണ്ട സകാത്തിന്റെ (അത് ധനം നൽകലാണെങ്കിൽ) കണക്ക് പറഞ്ഞിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് നാം ചിന്തിക്കുകയും അതിന്റെ നീതിശാസ്ത്രം കണ്ടെത്തുകയുമാണ് വേണ്ടത്. അല്ലാതെ മനുഷ്യ സമൂഹത്തിന് ഒരു ഗുണവും ചെയ്യാത്ത രണ്ടര ശതമാനം എന്ന മനുഷ്യ നിർമിത കണക്കിന്റെ പിന്നാലെ പോകുകയല്ല വേണ്ടത്. ഇങ്ങനെ ധാരാളം ഉദാഹരണങ്ങൾ. ചുരുക്കത്തിൽ مافرطنا فى الكتاب من شىء എന്ന ആയത്ത് നമുക്ക് വിശ്വസിക്കാം.

ഭാവിയും ഭൂതവും വർത്തമാനവും ഒരുപോലെ അറിയുന്ന അല്ലാഹുവിന് തന്റെ സൃഷ്ടികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അറിയില്ലേ? ആവശ്യമുള്ള കാര്യങ്ങൾ അല്ലാഹു തന്റെ ദാസന്മാർക്ക് നൽകാതിരിക്കില്ല. നീതിമാനായ അല്ലാഹു ഒന്നും കൂട്ടാതെയും കുറക്കാതെയും ത്രാസ്സായാണ് ഖുർആൻ അവതരിപ്പിച്ചത്. അല്ലാഹു പറയുന്നത് നോക്കൂ:

اللَّهُ الَّذِي أَنزَلَ الْكِتَابَ بِالْحَقِّ وَالْمِيزَانَ ۗ وَمَا يُدْرِيكَ
لَعَلَّ السَّاعَةَ قَرِيبٌ

"അല്ലാഹു ഈ വേദഗ്രന്ഥത്തെ സത്യത്തോടും ത്രാസ്സോടും കൂടി അവതരിപ്പിച്ചവനാകുന്നു." (അശ്ശൂറാ-17) ഒരു അണു അളവ് കൂട്ടാതെയും കുറക്കാതെയും ത്രാസ്സുകണക്കെയാണ് അവൻ ഖുർആൻ അവതരിപ്പിച്ചത് എന്ന് സാരം. അതുപോലെ അവന്റെ ഗ്രന്ഥത്തിൽ കളിവാക്ക് ഉണ്ടാവുകയുമില്ല. "തീർച്ചയായും ഇത് തരം

തിരിക്കുന്ന വാക്കാകുന്നു, അതൊരു കളിവാക്കല്ല." (അത്ത്വാരിക്ക്-13,14) സ്വയം തിബ്‌യാനായ (വിശദീകരിക്കപ്പെട്ടതും വ്യക്തമാക്കപ്പെട്ടതും) ഗ്രന്ഥത്തെ വീണ്ടും വിശദീകരിക്കുക എന്നത് അനാവശ്യമായ സംസാരവും കളിയാക്കലുമാണ്. അല്ലാഹു അതിൽ നിന്നെല്ലാം ഉന്നതനാണല്ലോ. ആവശ്യമായിടത്ത് വിശദീകരണം ഖുർആനിലുണ്ട്. വിശദീകരണം ആവശ്യമില്ലാത്തത് വിശദീകരിക്കേണ്ടതുമില്ലല്ലോ. ഖുർആന്റെ വിശദീകരണം കൊണ്ട് മതിയാക്കുന്നതിൽ മുസ്‌ലിംകൾക്ക് കാരുണ്യവും സുവിശേഷവും മാർഗ്ഗനിർദ്ദേശവും ഉണ്ടെന്ന് അല്ലാഹു വ്യക്തമാക്കുന്നുണ്ട്.

وَهُدًى وَرَحْمَةً وَبُشْرَى لِلْمُسْلِمِينَ(النحل 8 9 )

അതായത് അവ്യക്തതകളിൽ നിന്നും ആശയക്കുഴപ്പങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗമന്വേഷിച്ചു നടക്കുന്നവർക്കുള്ള هدى യായും അവ്യക്തതകളിൽ നിന്ന് മോചനം കിട്ടിയതും അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും സുരക്ഷിതത്വത്തിന്റെയും തീരത്തേക്ക് താൻ എത്തിപ്പെട്ടത് رحمة ആയും ഇങ്ങനെ هدى യും رحمة ഉം കിട്ടിയത് بشرى യായും ഒരു മുസ്‌ലിം കാണും.

വിശ്വസിക്കുന്ന ജനതക്ക് വിശദീകരണം هدى യും رحمة മാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

وَلَقَدْ جِئْنَٰهُم بِكِتَٰبٍ فَصَّلْنَٰهُ عَلَىٰ عِلْمٍ هُدًى وَرَحْمَةً لِّقَوْمٍ يُؤْمِنُونَ

"അറിവിന്റെ അടിസ്ഥാനത്തിൽ വിശദീകരിച്ചതും വിശ്വസിക്കുന്ന ജനതക്കുള്ള മാർഗ്ഗനിർദ്ദേശവും (هدى) കാരുണ്യവുമായി (رحمة) ഒരു വേദം നാം അവരുടെ അടുത്ത് കൊണ്ടു ചെന്നിരുന്നു." (അൽ അ്റാഫ്-52) ഖുർആനിൽ വിശ്വസിക്കാത്തവർക്ക് ഖുർആന്റെ വിശദീകരണം هدى യായോ رحمة ആയോ അംഗീകരിക്കാൻ കഴിയില്ല. അവർക്ക് അല്ലാഹുവിന്റെ ഗ്രന്ഥം മാത്രം മതിയാകില്ല. അവർ നാട്ടുവർത്തമാനങ്ങൾ അന്വേഷിച്ചു പൊയ്ക്കൊള്ളട്ടെ.

അല്ലാഹുവിന്റെ കലാം (സംസാരം) മനുഷ്യരുടെ സംസാരം പോലെയല്ല. അത് അനാവശ്യമായ വിശദീകരണങ്ങളിൽ നിന്നും ആവർത്തനങ്ങളിൽ നിന്നും മുക്തമായിരിക്കും. വളരെ ദൃഢമായ അറിവുമായി ബന്ധപ്പെട്ടതാണ് ഖുർആന്റെ വിശദീകരണം.

الٓر كِتَٰبٌ أُحْكِمَتْ ءَايَٰتُهُۥ ثُمَّ فُصِّلَتْ مِن لَّدُنْ حَكِيمٍ خَبِيرٍ

"ന്യായാധിപനും സൂക്ഷ്മജ്ഞനുമായവന്റെ പക്കൽനിന്നുള്ള അടയാള വാക്യങ്ങൾ സുദൃഢമാക്കപ്പെട്ടതും പിന്നെ വിശദീകരിക്കപ്പെട്ടതുമായ ഒരു ഗ്രന്ഥമാണിത്." (ഹൂദ്-1)

അറിവുള്ള (علم) ജനം ഖുർആന്റെ വിശദീകരണം അംഗീകരിക്കുന്നവരും അതു കൊണ്ട് മാത്രം മതിയാക്കുന്നവരുമാണ്. "അറിയുന്ന ജനതക്ക് അപ്രകാരമാണ് നാം ആയത്തുകൾ വിവരിച്ചു കൊടുക്കുന്നത്..." (അൽഅഅ്റാഫ്-32) ചിന്തിക്കുന്ന ജനത്തിനും ഖുർആനിക വിശദീകരണം മതി. "ചിന്തിക്കുന്ന ജനതക്ക് അപ്രകാരമാണ് നാം ആയത്തുകൾ വിവരിച്ചു കൊടുക്കുന്നത്." (യൂനുസ്-24). " അറിയുന്ന ജനതക്ക് അപ്രകാരമാണ് നാം ആയത്തുകൾ

*(ശേഷം പേജ് 29)*

**വാർത്തയിൽ നിന്ന്**

# വഖഫ് ബോർഡ് ഇടപെടൽ: വിവാഹം നടത്താൻ മഹല്ല് കമ്മിറ്റി വഴങ്ങി

കൊച്ചി: സംസ്ഥാന വഖഫ് ബോർഡിന്റെ ഇടപെടൽമൂലം പെൺകുട്ടിയുടെ മംഗല്യ സ്വപ്നങ്ങൾ പൂവണിഞ്ഞു. ചുനക്കര വടക്ക് നൂറുൽ ഇസ്‌ലാം ജമാഅത്ത് മഹല്ല് അംഗമായ പെൺകുട്ടിയുടെ മാതാവാണ് മകളുടെ വിവാഹം നടത്തിത്തരാൻ ജമാഅത്ത് വിസമ്മതിച്ചതിനെത്തുടർന്ന് വഖഫ് ബോർഡിനെ സമീപിച്ചത്. തുടർന്ന് വഖഫ് ബോർഡ് വിവാഹത്തീയതിയായ ഒക്ടോബർ 31 ന് തന്നെ വിവാഹം നടത്തിക്കൊടുക്കാൻ മഹല്ല് കമ്മിറ്റിക്ക് നിർദ്ദേശം നൽകി ഉത്തരവാവുകയും ബോർഡിലെ സീനിയർ ഉദ്യോഗസ്ഥനെ നിരീക്ഷണത്തിന് അയക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് ജമാഅത്ത് കമ്മിറ്റി വിവാഹം നടത്തിക്കൊടുത്തത്. നിവാസികളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ മഹല്ലുകൾ പ്രതിജ്ഞാബദ്ധരാകണമെന്നും മറ്റു വിഷയങ്ങൾ അതിന് തടസ്സമാവുന്ന പ്രവണത ആശാസ്യമല്ലെന്നും ബോർഡ് ചെയർമാൻ അഡ്വ. ടി.കെ. സൈതാലിക്കുട്ടി പറഞ്ഞു.

**(ചന്ദ്രിക, 03-11-2011)**

ഇസ്ലാമിന്റെ പ്രമാണം ഖുർആൻ മാത്രം 2



# ദിക്ര് (ഉൽബോധനം)

**മജീദ് സുല്ലമി ഉഗ്രപുരം**

‘ദിക്ര്’ (ഉൽബോധനം) എന്ന പ്രയോഗം ഖുർആനിൽ 52 സ്ഥലത്ത് കാണാം. ദൈവം മനുഷ്യർക്ക് ഉൽബോധനമായി ഖുർആൻ എന്ന ഈ ‘ദിക്ര്’ അല്ലാതെ മറ്റൊന്നും അവതരിപ്പിച്ചിട്ടില്ലെന്നാണ് പ്രഖ്യാപിക്കുന്നത്. “നിശ്ചയം, നാം തന്നെയാണ് ഉൽബോധനം അവതരിപ്പിച്ചത്. നാം തന്നെ അതിനെ കാത്ത് സൂക്ഷിക്കുന്നതുമാണ്.” (15:9)

ഇവിടെയും ഒന്നിനെ മാത്രം എന്ന് അർഥം വരുന്ന ലഹു എന്നേ പറഞ്ഞിട്ടുള്ളൂ. രണ്ടുണ്ടെങ്കിൽ ലഹുമാ എന്ന് പറയേണ്ടതല്ലേ? “തീർച്ചയായും അത് നിനക്കും നിന്റെ ജനതക്കും ഒരു ഉൽബോധനം തന്നെയാകുന്നു. വഴിയേ നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതാകുന്നു.” (43:44)

ഇവിടെയും ഏകവചനമായ ഹു എന്നല്ലാതെ ദ്വിവചനമായി പ്രയോഗിച്ച ഒരു സ്ഥലവും ഖുർആനിൽ എവിടെയും മുങ്ങിത്തപ്പിയാൽ കാണാൻ സാധ്യമല്ല.

ഖുർആൻ സുന്നത്തിനെ വിമർശിക്കുന്ന അഹ്ലു സുന്നത്ത് വൽജമാഅത്തുകാർ വാറോല ഹദീസുകൾക്ക് ഖുർആനിൽ നിന്ന് തെളിവ് കണ്ടെത്താൻ ഓതാറുള്ള ആയത്തിലേക്ക് നമുക്ക് ഒന്ന് കണ്ണോടിക്കാം. “നിനക്ക് നാ ഉൽബോധനം അവതരിപ്പിച്ചു തന്നിരിക്കുന്നു. ജനത്തിനായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വ്യക്തമാക്കി കൊടുക്കാനും ചിന്തിക്കാനും വേണ്ടി.”

ഇവിടെ പറഞ്ഞ ‘ദിക്ര്’ ഖുർആന്റെ പുറത്തുള്ളതാണെന്നാണ് അവരുടെ വാദം. എങ്കിൽ 15:9ൽ ഖുർആനെ നാം സംരക്ഷിക്കും എന്ന് പറയുമ്പോൾ അവിടെയും ഹദീസിനെ എന്നാക്കേണ്ടതല്ലേ? അങ്ങനെയെങ്കിൽ ഖുർആനെ ആര് സംരക്ഷിക്കും?

## ഹുദ (സന്മാർഗം) എവിടെനിന്ന് കിട്ടും?

ഖുർആനിൽ 250 സ്ഥലത്ത് ‘ഹുദ’ കാണാം. ഖുർആൻ, തൗറാത്ത്, ഇൻജീൽ എന്നിങ്ങനെ ദൈവത്തിൽ നിന്ന് അവതീർണമായ പ്രമാണങ്ങളിലല്ലാതെ മുഹമ്മദ് നബിയുടെ മരണശേഷം 230 കൊല്ലം കഴിഞ്ഞ് പലരിൽ നിന്നായി തട്ടിക്കൂട്ടിയ വാറോലകളായ ബുഖാരി, മുസ്ലിം, അബൂദാവൂദ് എന്നിങ്ങനെ അനവധി ഗ്രന്ഥങ്ങളിൽ ‘ഹുദ’ ഉണ്ട് എന്ന് പറഞ്ഞോ? “തീർച്ചയായും ഈ ഖുർആൻ ശരിയായതിലേക്ക് വഴി കാട്ടുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുന്ന വിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു.” (17:9). “ഇത് ജനത്തിന് വ്യക്തമായ വിശദീകരണവും ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് മാർഗ്ഗദർശനവും ഉപദേശവുമാണ്.” (3:138).

27:2, 31:3, 5, 27:77, 45:20 എന്നീ ആയത്തുകൾ കൂടി പഠിക്കാൻ ശ്രമിക്കുക.

## ബുശ്റ (സന്തോഷ വാർത്ത)

ബുശ്റ (സന്തോഷ വാർത്ത) എന്ന് ഖുർആനിൽ 41 സ്ഥലത്ത് കാണാം.

ഖുർആന് പുറമെ ഒരു താക്കീതോ സന്തോഷ വാർത്തയോ ഉണ്ടെന്ന സൂചനപോലും കാണാൻ സാധ്യമല്ല.

“എല്ലാറ്റിനും വിശദീകരണമായും മാർഗദർശനവും കാരുണ്യവും കീഴ്പ്പെട്ട് ജീവിക്കുന്നവർക്ക് സന്തോഷ വാർത്തയായുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്.”

ഓഫറുകളുടെ പിന്നാലെ ജനം ഓടുന്ന കാഴ്ച യാണല്ലോ ഇന്ന് കാണാൻ കഴിയുന്നത്. ഖുർആനിൽ പറയാത്ത ഒരുപാട് സന്തോഷവാർത്തകളുമായി ജനത്തെ പള്ളികളിൽ കെട്ടിയിടുകയാണ് പുരോഹിതന്മാർ ചെയ്യുന്നത്. കഅ്ബയിൽ നിന്ന് ഒരാൾ നമസ്കരിച്ചാൽ ഒരു ലക്ഷം നമസ്കാരം നിർവഹിച്ച



തിന്റെ കൂലി. മദീനയിൽ നിന്നാണെങ്കിൽ 2000, ഒരു വക്ത്ത് മുതൽ അടുത്ത വക്ത്ത് വരെ പള്ളിയിൽ കാത്തിരുന്നാൽ നമസ്കരിച്ചതിന്റെ അത്ര കൂലി, ഹജ്ജ് ചെയ്താൽ ഇപ്പോൾ പ്രസവിച്ച കുട്ടിയെപ്പോലെ ആയിത്തീരും എന്നിങ്ങനെ ധാരാളം ഓഫറുകളുമായി ഹദീസ് രംഗത്ത് വരുമ്പോൾ അവയെക്കുറിച്ച് ഒരു സൂചന പോലും ഖുർആനിൽ കാണാൻ സാധ്യമല്ല.

## ഹഖ് (സത്യം)

ഖുർആൻ സത്യമാണെന്നും സമ്പൂർണമാണെന്നും സത്യത്തിന്റെ കൂടെ അസത്യം കലർത്തരുതെന്നും റബ്ബിന്റെ പക്കൽ നിന്ന് ഇറക്കിയ ഈ ഗ്രന്ഥം (ഖുർആൻ) മാത്രമാണ് സത്യമെന്നും മറ്റു വല്ലതും തേടിപ്പോവരുതെന്നും ഖുർആനിൽ ധാരാളം കാണാം. ഒരു സ്ഥലത്തെങ്കിലും 'ഹുമാൽ ഹഖ്' അഥവാ ഖുർആനിലും ഹദീസിലും സത്യമുണ്ട് എന്ന് പറഞ്ഞ ആയത്ത് ഖുർആനിലുണ്ടെന്ന് തെളിയിക്കാമോ? വെല്ലുവിളിയോടെ ഖുർആൻ സുന്നത്തുകാർ ചോദിക്കുന്നു. ഇത് വരെ ഹുമ എന്ന് അവർ കണ്ടെത്തിയിട്ടില്ല.

ഏതാനും തെളിവുകൾ: 4:170, 171, 155, 105, 2:42, 146, 147. 252, 3:3, 71, 4:105. 170, 5:48, 45.

ദൈവ ബോധനമായി കിട്ടിയത് ഗ്രന്ഥത്തിലാണെന്നും അതിനേ സത്യ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളൂ എന്നും ഖുർആൻ വ്യക്തമാക്കുന്നു.

## നൂർ (പ്രകാശം)

നൂർ (പ്രകാശം) എന്ന് ഖുർആനിൽ 40 സ്ഥലത്ത് കാണാം. ഇതിനപ്പുറം ഒരു പ്രകാശമുണ്ടെന്ന് നമ്മെ പരിചയപ്പെടുത്തുന്ന ഒരായത്തും ഖുർആനിൽ കാണാൻ സാധ്യമല്ല.

ഇരുട്ടിൽ നിന്നു പ്രകാശത്തിലേക്ക് എത്തിക്കുന്ന ഗ്രന്ഥമാണിതെന്ന് പരിചയപ്പെടുത്തി ഖുർആൻ ചോദിക്കുന്നു: ജനത്തിൽ ദൈവസങ്കൽപത്തിന്റെ കാര്യത്തിൽ തർക്കിക്കുന്നവനാരാണ് ഇത്രയും വ്യക്തമായ പ്രകാശഗ്രന്ഥം ഉണ്ടായിരിക്കെ? (14:1, 5, 2:257, 4:174, 33:43, 57:9, 65:11, 31:20, 22:8)

മുഹമ്മദ് നബി വരുന്നതിന് മുമ്പ് ലഭിച്ച തൗറാത്തിലും ഇൻജീലിലും സന്മാർഗമുണ്ട്; പ്രകാശമുണ്ട് എന്ന് പറഞ്ഞിട്ടും മുസ്‌ലിംകൾ കൊണ്ടു നടക്കുന്ന ഹദീസിൽ നൂർ ഉണ്ട് എന്ന് പറഞ്ഞിട്ടില്ല. എന്നിട്ടും ഇവരുടെ ജൽപനം വളരെ വിചിത്രം. അല്ലാഹുവിന്റെ കിതാബ് കഴിഞ്ഞാൽ ഏറ്റവും അസ്വഹ് ആയ ഗ്രന്ഥം ബുഖാരി ആണത്രെ. ഇതിന് ഖുർആനിൽ ഒരു സൂചനയെങ്കിലും ഉണ്ടോ?

## കിതാബ് (ഗ്രന്ഥം)

ഖുർആനിൽ 259 സ്ഥലത്ത് കിതാബ് (ഗ്രന്ഥം) എന്ന പദം അവർത്തിച്ചു വന്നിട്ടുണ്ട്. ഖുർആൻ കെട്ടിലും മട്ടിലും എല്ലാ നിലക്കും ഭദ്രമായി ഒരു പുസ്തകമായി തന്നെ ജനത്തിന് ഏൽപിച്ചും അത് ജീവിതത്തിൽ പകർത്തി കാണിച്ചു കൊടുത്തുമാണ് മുഹമ്മദ് നബി നമ്മോട് വിട പറഞ്ഞത്.

എന്നാൽ ചരിത്രങ്ങളിൽ രേഖപ്പെടുത്തപ്പെട്ടത്, എല്ലിൻ കഷ്ണത്തിലും പലകകളിലും തോലിലും എഴുതിവെച്ച പല ഏടുകൾ ക്രോഡീകരിച്ച് മുഹമ്മദ് നബിയുടെ മരണശേഷം ഉസ്മാന്റെ ഭരണകാലത്ത് പ്രസിദ്ധീകരിച്ച് വിതരണം ചെയ്തു എന്നാണ്.

"വ്യഭിചാരിയെ എറിഞ്ഞു കൊല്ലണമെന്ന വിധി മുമ്പു ഞങ്ങൾ ഖുർആനിൽ ഓതാറുണ്ടായിരുന്നു; എന്നാൽ ഇപ്പോൾ ഖുർആനിൽ അത് കാണുന്നില്ല" എന്ന് ഉമർ പറഞ്ഞതായി ബുഖാരി ഹദീസിൽ കുറിച്ചുവച്ചിട്ടുണ്ട്. (6830) ഇതുപോലുള്ള വ്യാജ തെളിവുകൾ ധാരാളം കാണാം.

അതുപോലെ ഗുരുതരമായ മറ്റൊരു ആരോപണം നബിക്ക് എഴുത്തും വായനയും അറിയില്ല എന്നാണ്. അതുകൊണ്ട് സൈദ്ബ്നുസാബിത്തിനെ ഏൽപ്പിക്കുകയും അദ്ദേഹം എഴുതിവെക്കുകയും ചെയ്തുവെന്നാണ് ഒരു കഥ. എങ്കിൽ ഒരു ചോദ്യം. മുഹമ്മദ് നബി പറഞ്ഞത് തന്നെയാണ് അദ്ദേഹം എഴുതിവെച്ചത് എന്നതിന് എന്താണ് തെളിവ്? കൂടാതെ ഇത്രയും വലിയ ഒരു സന്ദേശം നിരക്ഷരനായ ഒരാൾ വശം കൊടുത്ത് വിടുമോ? ചിന്തിക്കുക.

ഖുർആൻ വിശ്വസിക്കാൻ കൊള്ളില്ല എന്ന് വരുത്തിത്തീർക്കാൻ ശത്രുക്കൾ മെനഞ്ഞുണ്ടാക്കിയ കഥകളാണിതെല്ലാം. എന്നാൽ ഖുർആൻ പറയുന്നു: "ഈ ഗ്രന്ഥം നിങ്ങൾക്ക് പ്രമാണമായി എടുക്കാൻ പര്യാപ്തമല്ലേ?" (29:51). "എല്ലാ കാര്യങ്ങളും വിശദീകരിച്ചുള്ള വേദഗ്രന്ഥമാണ് ഖുർആൻ." (6:38) "വക്രതയില്ലാത്ത ഗ്രന്ഥമാണത്." (18:1). "സുരക്ഷിതമാണിത്." (85:21). "സംശയത്തിന് വകയി

ല്ലാത്ത ഗ്രന്ഥം." (2:2).

ഒരാൾക്ക് ജീവിതത്തിൽ അനുവർത്തിക്കേണ്ടതെല്ലാം ഗ്രന്ഥത്തിലുണ്ടെന്നും അവ വിശദീകരിച്ചിട്ടുണ്ടെന്നും മറ്റൊരു വിശദീകരണത്തിന്റെയും ആവശ്യമില്ലെന്നും എല്ലാം ഭദ്രമാണെന്നും തത്വജ്ഞാനം ഉൾക്കൊള്ളുന്നതാണെന്നും വ്യക്തമാക്കിത്തന്ന ഗ്രന്ഥം നമ്മുടെ മുമ്പിലിരിക്കെ, അതിൽനിന്ന് എല്ലാം കിട്ടില്ല; ബാക്കി കർമ ശാസ്ത്രങ്ങൾക്കും മറ്റും വേറെ പ്രമാണങ്ങൾ കൂടി നോക്കണം എന്ന് പറയുന്നത് വലിയ വിഡ്ഢിത്വമാണ്.

ഖുർആനിൽ 259 സ്ഥലത്ത് കിതാബ് എന്ന് പറഞ്ഞുവല്ലോ. ഒരു സ്ഥലത്തെങ്കിലും കിതാബുകൾ എന്ന് ദ്വിവചനമായി പ്രയോഗിച്ചതായി കാണിച്ചുതരാമോ? ഉദാഹരണമായി 2:2 ൽ രണ്ട് പ്രമാണം ഉണ്ടെങ്കിൽ 'ഫീഹി'ക്ക് പകരം ഫീഹിമാ എന്ന് പ്രയോഗിക്കേണ്ടതല്ലേ? ഇതുപോലെ അവസാനം വരെ ഒന്ന് പരിശോധിച്ചു നോക്കുക.

## ഖുർആനും ഹദീസും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ

ഖുർആൻ ഒരു വിഷയം ആനക്കാര്യമായി പറഞ്ഞിട്ടുണ്ടെങ്കിൽ അതിനെ വെറും ചേനക്കാര്യമാക്കിമാറ്റുകയും ചേനക്കാര്യം ആനക്കാര്യമാക്കുകയും ചെയ്യുന്നവയാണ് ഹദീസുകൾ. ഉദാഹരണമായി കൊലപാതകത്തെ എടുക്കാം.

വളരെ ഗൗരവമുള്ള കുറ്റമായാണ് ഖുർആൻ കൊലപാതകത്തെ കാണുന്നത്. "മഹാപാപം. അല്ലാഹു അവനെ ശപിച്ചിരിക്കുന്നു. കഠിനമായ ശിക്ഷയുണ്ട്." (4:93) ജനിച്ച മണ്ണിൽ ജീവിക്കാനുള്ള സ്വാതന്ത്ര്യം ഓരോ വ്യക്തിയുടെയും മൗലികാവകാശമാണ്. എങ്കിലും അബദ്ധവശാൽ കൊല നടന്നേക്കാം. വാഹനാപകടം, കൈയബദ്ധം എന്നിവ സംഭവിച്ചാൽ കുടുംബത്തിന് നഷ്ടപരിഹാരം നൽകണം. (4:93) 6:151, 5:30, 17:33, 25:68, 2:172 എന്നീ സൂക്തങ്ങളും പരിശോധിക്കുക.

*(അവസാനിക്കുന്നില്ല)*

---

## എഴുതപ്പെടേണ്ട വഹ്‌യ്....... (പേജ് 26 ൽ നിന്ന് തുടർച്ച)

വിവരിച്ചു കൊടുക്കുന്നത്...'' (അറ്റൂം-28) "അറിയുന്ന ഏതൊരു ജനതക്കും വേണ്ടി തന്റെ അടയാളവാക്യങ്ങൾ അറബി വായനയായി വിശദീകരിക്കപ്പെട്ട ഒരു മഹൽ ഗ്രന്ഥം.'' (ഫുസ്സിലത്ത്-3).

അറിവുള്ളവരും ചിന്തിക്കുന്നവരുമായ ജനതക്ക് ഖുർആനിൽ തന്നെ വിശദീകരണമുണ്ടെന്ന് അല്ലാഹു പറയുന്നു. അറിയാനും മനസ്സിലാക്കാനും ശ്രമിക്കാതെ ഖുർആനിനോട് അന്ധത കാണിക്കുന്നവർ മനുഷ്യ നിർമ്മിത വാർത്തകളുടെ പിറകെ പോകട്ടെ. ഇത്തരം ആളുകൾ ഖുർആന്റെ സമ്പൂർണ്ണതയെയും വിവരണത്തെയും നിഷേധിക്കുകയും എന്നിട്ട് ഖുർആനിൽ സ്വലാത്തിന്റെ സമയമെവിടെ, റക്അത്തുകളുടെ എണ്ണമെവിടെ, രൂപം എവിടെ, നാം എങ്ങനെ ഹജ്ജ് ചെയ്യും, ഉംറചെയ്യും, കല്ലേറിയും, മൊട്ടയടിക്കും എന്നിങ്ങനെയുള്ള പല തരം ചോദ്യങ്ങളും പരിഹാസ രൂപേണ ചോദിക്കുകയും ഖുർആന്റെ ആശയ വിശാലതയെ തള്ളിപ്പറയുകയും ഖുർആനിൽ കാര്യമായി ഒന്നും വിശദീകരിച്ചിട്ടില്ല എന്ന് വാദിക്കുകയും ചെയ്യുന്നു. ഖുർആന്റെ വിശദീകരണം മതിയാകാതെ വായനയിൽ പോലും തർക്കം തീരാത്ത ബുഖാരിയുടെ വളരെ മ്ലേച്ഛമായ വാക്കുകൾക്ക് പിന്നാലെ പോവുകയും ചെയ്യുന്നു. ഈ രൂപത്തിൽ അല്ലാഹുവിന്റെ വചനങ്ങളെ തോൽപിക്കുവാൻ വേണ്ടി പ്രയത്നിക്കുന്നവരെക്കുറിച്ച് അല്ലാഹു പറയുന്നു:

وَالَّذِينَ سَعَوْ فِي آيَاتِنَا مُعَاجِزِينَ أُولَٰئِكَ لَهُمْ عَذَابٌ
مِّن رِّجْزٍ أَلِيمٌ

"നമ്മുടെ ദൃഷ്ടാന്തങ്ങളെ തോൽപിക്കുന്നവരായി പ്രയത്നിച്ചിരുന്നവർക്ക് തന്നെയായിരിക്കും വേദനാജനകമായ പീഡ ശിക്ഷ.'' (സബഅ്-5). ഇവിടെ മുൻപ് പ്രയത്നിച്ചിരുന്നവരെക്കുറിച്ചാണ് പറയുന്നത് എന്നാണ് വാദമെങ്കിൽ പ്രയത്നിക്കുന്നവരെക്കുറിച്ചും അല്ലാഹു പറയുന്നുണ്ട്.

وَالَّذِينَ يَسْعَوْنَ فِي آيَاتِنَا مُعَاجِزِينَ أُولَٰئِكَ فِي الْعَذَابِ
مُحْضَرُونَ

''എന്നാൽ നമ്മുടെ ആയത്തുകളെ തോൽപിക്കുന്നവരായി പ്രയത്നിക്കുന്നവരാരോ, അവർ ശിക്ഷയിൽ ഹാജരാക്കപ്പെടുന്നവരായിരിക്കും." (സബഅ്-38)

അല്ലാഹുവിന്റെ ഖുർആൻ മതിയാകില്ല, അത് വ്യക്തമല്ല, എല്ലാ കാര്യങ്ങളും അതിലില്ല, അത് പുണ്യത്തിനു വായിക്കാനേ പറ്റൂ. അത് വായിച്ചാൽ ഭിന്നതയുണ്ടാവുകയാണ് ചെയ്യുക, ആ ഭിന്നത തീർക്കണമെങ്കിൽ (ഒരു വിഷയത്തിലും യോജിപ്പില്ലാത്ത) ഹദീസുകൾ വേണം... ഇത്തരം വാദങ്ങളും പ്രവർത്തനങ്ങളുമൊക്കെ തന്നെയല്ലേ ഖുർആനെ തോല്പിക്കൽ?

*(അവസാനിക്കുന്നില്ല)*



# അനാഥസംരക്ഷണവും അനാഥാലയ നടത്തിപ്പും

മുഹമ്മദ് കുരിക്കൾ കരടിപ്പാറ

അനാഥസംരക്ഷണത്തെ വിശുദ്ധ ഖുർആൻ സൽക്കർമങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞുപോയ പ്രവാചകൻമാരുടെ ജനതയും അനുഷ്ഠിച്ചു പോന്ന പുണ്യകർമമാണ് അനാഥസംരക്ഷണം. മുസ്ലിംകളും ക്രൈസ്തവരും ഹൈന്ദവരും യഹൂദരും സിഖുജനതയും അനാഥസംരക്ഷണം പുണ്യമായി കരുതിപ്പോരുന്നു. യുക്തിവാദികൾ എന്നറിയപ്പെടുന്ന മതനിഷേധികളും അനാഥ മക്കളെ സംരക്ഷിച്ചുപോരുന്നു. പ്രസ്തുത സൽക്കർമം ലോകം എങ്ങും ദർശിക്കാവുന്നതാണ്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ദാരിദ്ര്യം കണക്കിലെടുത്ത് രാജ്യത്തെ മുഴുവൻ സ്കൂളുകളിലെയും നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഒരു നേരത്തെ ഉച്ചഭക്ഷണം വർഷങ്ങളോളം സൗജന്യമായി നൽകിപ്പോന്നത് അമേരിക്കയായിരുന്നു എന്ന സത്യം പലരും വിസ്മരിച്ചു കഴിഞ്ഞു. ഇന്ത്യാ-അമേരിക്ക സൗഹൃദത്തിന്റെ പ്രതീകമായി ഹസ്തദാനം ചെയ്യുന്ന ചിത്രങ്ങൾ അന്ന് വിദ്യാലയങ്ങളുടെ ചുവരുകളിൽ പതിച്ചിരുന്നു. പിന്നീട് ഈ സൗഹൃദത്തിന് കോട്ടം തട്ടുകയും ഇന്ത്യയെ ആക്രമിക്കുന്നതിന് ഏഴാം കപ്പൽ പട അറബിക്കടലിൽ നങ്കൂരമിടുകയും ചെയ്തു. ഇന്ത്യ റഷ്യയുമായി സൗഹൃദം സ്ഥാപിച്ചതിനെ തുടർന്നാണത്രെ കുഞ്ഞുങ്ങൾക്ക് സൗജന്യമായി നൽകിപ്പോന്ന ഭക്ഷണം നിർത്തലാക്കിയത്. മുന്തിയ ഇനം നെയ്യും ധാന്യപ്പൊടിയും ചേർത്ത് പാകം ചെയ്യുന്ന ഉപ്പുമാവും തിളപ്പിച്ചാറ്റിയ ഗുണനിലവാരമുള്ള പാലും വയറുനിറയെ കുടിച്ച് വളർന്ന വിദ്യാർത്ഥികൾക്ക് ഇന്ന് 60 വയസ്സ് പ്രായമായിക്കാണും. അമേരിക്ക എന്ന ഭീകര രാഷ്ട്രത്തിന് ഒരു കാലത്ത് മനുഷ്യത്വത്തിന്റെ മുഖം കൂടി ഉണ്ടായിരുന്നു എന്നത് സ്മരണീയമാണ്.

കേരളത്തിൽ ഇപ്പോൾ നൂറുകണക്കിന് അനാഥ മന്ദിരങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവയിൽ എണ്ണത്തിൽ കൂടുതൽ ക്രൈസ്തവരായ പാതിരിമാരും സന്യാസിനികളും നടത്തുന്നവയാണ്. അവർക്ക് പിന്നിലേ മുസ്ലിം അനാഥമന്ദിര ങ്ങൾ വരുന്നൂ. 1921 ലെ മലബാർ കലാപത്തിൽ കൊല്ലപ്പെട്ടവരുടെ വിധവകളും മക്കളും അനുഭവിക്കുന്ന നരകയാതനകളെക്കുറിച്ചുള്ള പത്ര റിപ്പോർട്ടുകൾ വായിക്കാനിടയായ ഉത്തരേന്ത്യക്കാരായ രണ്ട് സഹോദരന്മാരുടെ കാരുണ്യ സ്പർശമായി കോഴിക്കോട്ടെ വെള്ളിമാടുകുന്നിൽ സ്ഥാപിതമായ ജെ.ഡി.ടി ഇസ്ലാം സംഘമാണ് കേരളത്തിലെ ആദ്യത്തെ മുസ്ലിം അനാഥശാല. പിന്നീട് തിരൂരങ്ങാടിയിലും മുക്കം, വയനാട് തുടങ്ങിയ സ്ഥലങ്ങളിലും മുസ്ലിം യതീംഖാനകൾ

സ്ഥാപിതമായി. നല്ലൊരു ശതമാനം മുസ്ലിംകളും അക്കാലത്ത് ദാരിദ്ര്യത്തിന്റെ നെല്ലിപ്പടി കണ്ടവരായിരുന്നു. കുറേ വർഷങ്ങൾക്കുശേഷം കിടപ്പാടം വിറ്റും സഹധർമ്മിണി മാരുടെ ആഭരണങ്ങൾ വിറ്റും തൊഴിൽ തേടി പേർഷ്യൻ രാജ്യങ്ങളിലേക്ക് കടന്നവർ. പതിറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ ഗൾഫ് മേഖലകളിലേക്ക് തൊഴിൽ തേടിപ്പോയവരുടെ എണ്ണവും വർധിച്ചു. സമുദായത്തിലെ ഏതാനും വ്യക്തികളുടെ കഠിന പ്രയത്നത്തിന്റെ ഫലമായി പല സ്ഥലങ്ങളിലും യതീംഖാനകൾ ഉയർന്നു വന്നു. സ്ഥാപനങ്ങളിൽ അന്തേവാസികളായ കുട്ടികളുടെ ചെലവുകൾ വഹിക്കുകയും മതപരവും ഭൗതികവുമായ വിദ്യാഭ്യാസം കൊടുക്കുകയും ചെയ്തു അവർ. ഉദാരമതികളുടെ സംഭാവനക്ക് പുറമെ എല്ലാ വീടുകളിലും 'ഹുണ്ടികപ്പെട്ടി'കൾ വച്ചിരുന്നു. സ്ഥാപനം നിയമിക്കുന്ന റിസീവർമാർ മുഖേന ശേഖരിക്കുന്ന ചില്ലറത്തുട്ടുകൾ പലതുള്ളി പെരുവെള്ളമായി. അതോടൊപ്പം സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ നിന്ന് കുട്ടിക്ക് ദിവസത്തിൽ ഒരു നേരത്തെ ഭക്ഷണത്തിനുള്ള ഗ്രാന്റും കിട്ടിത്തുടങ്ങി. വിദേശത്ത് ജോലി ചെയ്യുന്നവർ അവിടെ കമ്മിറ്റികളുണ്ടാക്കി. പ്രവാസികളുടെ സഹായവും സഹകരണവും യതീംഖാനകളുടെ നടത്തിപ്പിന് സഹായകമായി. കടം കേറി കഷ്ടപ്പെട്ടു കൊണ്ടിരുന്ന പല സ്ഥാപനങ്ങളുടെയും കടങ്ങൾ വീട്ടിത്തുടങ്ങി. അത്യാവശ്യത്തിന് പോലും വസ്ത്രങ്ങളില്ലാതിരുന്ന വിദ്യാർത്ഥികൾക്ക് പുത്തൻ ഉടുപ്പുകൾ ലഭിച്ചു. ഇരുമ്പിന്റെ പാത്രവുമായി വരി നിന്ന് വാങ്ങിയ ഇരുമ്പൻ അരിയുടെ കഞ്ഞിക്കും ചെറുപയറിനും പകരം നെയ്ച്ചോറും ബിരിയാണിയു മായി. വളരെ നല്ല ഉദ്ദേശ്യ ശുദ്ധിയോടെ തുടക്കം കുറിച്ച് സമുദായത്തിന്റെ സഹായ സഹകരണത്തോടെ പ്രവർത്തിച്ചു പോന്നവയായിരുന്നു യതീംഖാനകൾ. എന്നാൽ അവ ഇന്ന് മത വ്യവസായ കേന്ദ്രങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു.

1990 ന് ശേഷം യതീംഖാനകൾ കൂണുകൾ പോലെ കേരളത്തിൽ മുളച്ചുവന്നു. മഹല്ലുകളിലെ സാധാരണക്കാരന്റെ വീടുകളിൽ ഒരു സംഭാവനപ്പെട്ടിയുടെ സ്ഥാനത്ത് ആറും ഏഴും നേർച്ചപ്പെട്ടികളായി. ഒരു റിസീവർ പിരിവെടുത്ത് വീടിന്റെ പടിയിറങ്ങുമ്പോഴേക്കും അടുത്ത പിരിവുകാരൻ പടികയറുകയായി. 30% കമ്മീഷൻ വ്യവസ്ഥയിലാണ് മിക്ക സ്ഥാപനങ്ങളും റിസീവർമാരെ നിയമിക്കുന്നത്. റമസാൻ മാസത്തിൽ സ്പെഷ്യൽ റിസീവർമാരും പിരിവിനിറങ്ങാറുണ്ട്. അനാഥമന്ദിരങ്ങളുടെ നടത്തിപ്പും അതുമായി ബന്ധപ്പെട്ട ചില മതപണ്ഡിതരുടെയും ഭാരവാഹികളുടെയും ആഡംബര ജീവിതവും പ്രശസ്തിയും പലരെയും യതീംഖാനാ വ്യവസായത്തിലേക്ക് ആകർഷിച്ചു. കടുത്ത കിടമത്സരം ഈ രംഗത്ത് പ്രകടമായി. സുന്നികളും മുജാഹിദുകളും തമ്മിൽ മത്സരിക്കുന്നു. സുന്നികളിൽത്തന്നെ ഇ.കെ- എ.പി വിഭാഗങ്ങൾ തമ്മിൽ മത്സരിക്കുന്നു. സത്യത്തെ മറച്ച് വച്ച് എല്ലാ വിഭാഗങ്ങളും മിഥ്യയെ കൊണ്ട് തർക്കിച്ച് കാലം കളയുന്നു.

കേരളത്തിൽ 1500 ഓളം ഓർഫനേജുകൾ പ്രവർത്തിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഓർഫനേജസ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ കീഴിൽ രജിസ്റ്റർ ചെയ്യാത്തവയും ഇതിൽപെടുന്നു. സമ്പത്ത് നേടുന്നതിനും സുഖജീവിതം നയിക്കുന്നതിനും പേരും പ്രശസ്തിയും നിലനിർത്തുന്നതിനും പലരും തെരഞ്ഞെടുത്ത വഴി അനാഥസംരക്ഷണമാണ്. ആദ്യ കാലങ്ങളിൽ അനാഥസംരക്ഷണത്തിന്റെ ചുക്കാൻ പിടിച്ച വ്യക്തികളിൽ ഭൂരിഭാഗവും ദൈവപ്രീതി കാംക്ഷിച്ചവരായിരുന്നു. മേൽ പറഞ്ഞവർ ഇരുന്ന കസേരകളിൽ ഇപ്പോൾ ഇരിക്കുന്ന പലരും ഖുർആൻ സംബന്ധമായി വേണ്ടത്ര അറിവില്ലാത്തവരാണ്. ഉസ്താദുമാർ പറയുന്നതെന്തും തൊണ്ട തൊടാതെ വിഴുങ്ങുകയല്ലാതെ ഇവർക്ക് മറ്റു നിവൃത്തിയൊന്നു മില്ല. ഇവർക്ക് വേണ്ടത് തൻ പോരിമയും പ്രശസ്തിയും മാത്രം.

യതീംഖാന എന്ന സംജ്ഞ ലോകമുസ്ലിംകൾക്ക് അപരിചിതമാണ്. യതീംഖാനകൾ നിലവിൽ വന്നിട്ട് ഒരു നൂറ്റാണ്ട് പോലും തികഞ്ഞിട്ടില്ല. പല യതീംഖാനകളുടെയും ഭാരവാഹികൾ അറബികളെയും മറ്റും തങ്ങളുടെ സ്ഥാപനം സന്ദർശിക്കാൻ കൊണ്ടുവരാറുണ്ട്. സ്ഥാപനത്തിൽ സ്വീകരണം ഏറ്റുവാങ്ങിയ ശേഷം ബദാംപരിപ്പ് കഴിച്ച് അൽഹംദുല്ലില്ലാഹ്, ഷുക്ർ എന്നൊക്കെ പറഞ്ഞ് ഏമ്പക്കവും വിട്ട് ഒരു തുക സംഭാവനചെയ്ത് അറബി സ്ഥലം കാലിയാക്കുന്നു.

**18 വയസ്സ് തികഞ്ഞാൽ പിന്നെ അനാഥർക്കുള്ള ആനുകൂല്യങ്ങൾ നിർത്തലാക്കുന്നതോടെ അനാഥമന്ദിരത്തിന്റെ പടിയിറങ്ങുന്നവരാണ് ഒട്ടുമിക്കവരും. അപ്പോഴാണ് പല കുട്ടികളും ശരിക്കും അനാഥരാവുന്നത്. കായികമായ ജോലികൾ കാര്യമായി ഒന്നും വശമില്ലാതെ ദിശാബോധം നഷ്ടപ്പെട്ട് അലയുന്നവരും നിരവധിയാണ്.**



കേരളത്തിൽ മതരംഗത്ത് വിരാജിക്കുന്ന പുരോഹിതന്മാരിൽ പലരും ഇല്ലായ്മയിൽ നിന്ന് വന്നവരാണ്. എന്നാൽ അവരിൽ പലരും ഇന്ന് ലക്ഷപ്രഭുക്കളും കോടീശ്വരന്മാരുമാണ്. സുന്നീ മഹല്ലുകൾ കേന്ദ്രീകരിച്ച് ഗ്രാമങ്ങളിൽ ചുറ്റിക്കറങ്ങി അനാഥകളും അഗതികളുമായ പിഞ്ചുകുട്ടികളെ സംഘടിപ്പിച്ച് യതീംഖാനകളിൽ ചേർക്കാൻ പരിശ്രമിച്ച മതപുരോഹിതരുണ്ടായിരുന്നു. അങ്ങനെ അഡ്മിഷൻ കിട്ടിയ പല കുട്ടികളും സ്ഥാപനങ്ങളിൽ നിന്ന് ഒളിച്ചോടിയിട്ടുണ്ട്. വേണ്ടത്ര ഭക്ഷണം നൽകാതിരിക്കുകയും മതിവരുവോളം ഉറങ്ങാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളുണ്ടായിരുന്നു. പുലർച്ചെ നാലുമണിക്ക് എഴുന്നേൽപ്പിച്ച് കുളിക്കാൻ നിർബന്ധിക്കുക, വിസമ്മതിക്കുന്ന കുട്ടികളുടെ തലയിൽ വെള്ളം ഒഴിക്കുക, അല്ലെങ്കിൽ തലയിൽ എണ്ണ തേപ്പിച്ച് കൊടും വെയിലത്ത് നിർത്തുക... ഇങ്ങനെ പരുക്കൻ സ്വഭാവക്കാരായ ജീവനക്കാരുടെ പീഡനങ്ങൾ സഹിക്കവയ്യാതെയാണ് അനാഥമന്ദിരങ്ങളിൽ നിന്ന് അക്കാലത്ത് പലരും ഒളിച്ചോടിയത്. ഗ്രാന്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വർഷത്തിൽ ഒരിക്കൽ സർക്കാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ കുട്ടികളുടെ തലയെണ്ണാൻ വരുമ്പോഴേക്കും സ്ഥാപനം അനാഥക്കുട്ടികളെ കൊണ്ട് ഭാരവാഹികൾ നിറക്കുന്ന പതിവുണ്ടായിരുന്നു. സ്ഥാപനം നടത്തുന്ന കപടന്മാരുടെ ഉള്ളിലിരിപ്പ് എന്തെന്നറിയാത്ത പാവം രക്ഷിതാക്കൾ ത്യാഗം സഹിച്ച് മറ്റു സ്ഥാപനങ്ങളിൽ നിന്ന് ടി.സിയും വാങ്ങി പ്രതീക്ഷയോടെ യതീംഖാനകളിൽ തങ്ങളുടെ കുട്ടികളെ ചേർക്കുന്നു. സർക്കാരിൽ നിന്ന് അനാഥക്കുട്ടിക്ക് ഗ്രാന്റ് ലഭിക്കുന്നതിന്നാവശ്യമായ രേഖകൾ തയ്യാറായിക്കഴിഞ്ഞാൽ അധികമായി സംഘടിപ്പിക്കപ്പെട്ട കുട്ടികൾ സ്ഥാപനത്തിന് ബാധ്യതയാകുന്നു. പ്രവേശനം നൽകി രജിസ്റ്ററിൽ ചേർത്ത കുട്ടികളെ കാരണം കൂടാതെ പിരിച്ചുവിടുന്നതിന് നിയമം അനുവദിക്കാത്തതു കൊണ്ട് പല കുട്ടികളെയും ശാരീരികവും മാനസികവുമായ പീഡനങ്ങൾ ഏല്പിച്ചിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. കുട്ടികൾ സ്വമേധയാ ഒളിച്ചോടിപ്പോവുന്നതിനുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കിയിരുന്നുവത്രെ. യശശ്ശരീരനായ ഒരു കോഴിക്കോട്ടുകാരൻ അനാഥമന്ദിരത്തെ മറയാക്കി ഗോവയിലും മറ്റും ഫ്ളാറ്റുകൾ നിർമ്മിച്ചതായും നിശാക്ലബ്ബുകളും മറ്റും നടത്തിയതായും വാർത്തയുണ്ടായിരുന്നു.

18 വയസ്സ് തികഞ്ഞാൽ പിന്നെ അനാഥർക്കുള്ള ആനുകൂല്യങ്ങൾ നിർത്തലാക്കുന്നതോടെ അനാഥമന്ദിരത്തിന്റെ പടിയിറങ്ങുന്നവരാണ് ഒട്ടുമിക്കവരും. അപ്പോഴാണ് പല കുട്ടികളും ശരിക്കും അനാഥരാവുന്നത്. കായികമായ ജോലികൾ കാര്യമായി ഒന്നും വശമില്ലാതെ ദിശാബോധം നഷ്ടപ്പെട്ട് അലയുന്നവരും നിരവധിയാണ്. അനാഥാലയങ്ങളിൽ നിന്ന് അപൂർവ്വം ചിലർക്ക് വൈറ്റ്കോളർ ജോബ് ലഭിക്കുന്നുണ്ടെന്നത് നിഷേധിക്കുന്നില്ല. ഭൂരിപക്ഷവും ജീവിതം കെട്ടിപ്പടുക്കാൻ വർഷങ്ങളുടെ കഠിനപ്രയത്നം നടത്തിയവരാണ്. പിരിഞ്ഞു പോകുന്നവരുടെ ഒഴിവുകളിലേക്ക് പുതുതായി വിദ്യാർത്ഥികളെ ചേർക്കാൻ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിൽ പത്രങ്ങളിൽ പരസ്യം കൊടുക്കാൻ തുടങ്ങിയിരിക്കുന്നു പല സ്ഥാപനങ്ങളും.

(അവസാനിക്കുന്നില്ല)

പ്രാസ്ഥാനിക വൃത്താന്തം

# കുടുംബ സംഗമം നടത്തി

ഖുർആൻ സുന്നത്ത് സൊസൈറ്റി മാറഞ്ചേരി യൂനിറ്റിന്റെ ആഭിമുഖ്യത്തിൽ നവംബർ 13 ന് മാറഞ്ചേരി എം.യു.എം.എൽ.പി സ്കൂളിൽ കുടുംബ സംഗമം നടന്നു. സംഗമം ചലച്ചിത്ര സംവിധായകൻ കെ. കൃഷ്ണ കുമാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസി ഡണ്ട് കെ.കെ സാലിം ഹാജിയുടെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന ച്ചടങ്ങിൽ മൂസ ഹെമെക്സ് സ്വാഗതം പറഞ്ഞു.

'ഇബ്രാഹിം നബിയുടെ മില്ലത്ത് ഖുർആനിൽ' എന്ന വിഷയത്തിൽ കെ.എസ്.എസ് പാലക്കാട് ജില്ലാ പ്രസിഡണ്ട് സൈതലവി അൻസാരിയും 'ഖുർആനും ഹദീസും തമ്മിലുള്ള വൈരുദ്ധ്യങ്ങ'ളെക്കുറിച്ച് മജീദ് സുല്ലമി ഉഗ്രപുരവും 'മുസ്ലിം ജീവിതം: ആചാരങ്ങളും ദുരാചാരങ്ങളും' എന്ന വിഷയത്തിൽ വേദ ദർശനം എഡിറ്റർ അബ്ദുറഹ്മാൻ കൂത്തുപറമ്പും ക്ലാസ്സെടുത്തു. കെ.ടി. മുഹമ്മദ് കുട്ടി നന്ദി പറഞ്ഞു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ഒട്ടേറെ പ്രസ്ഥാനബന്ധുക്കളും കുടുംബാംഗങ്ങളും പങ്കെടുത്തു.

# അംഗത്വ മാസാചരണം

ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ അംഗത്വ മാസാചരണം ജനുവരി ഒന്ന് മുതൽ 31 വരെ നടക്കുകയാണ്. സൊസൈറ്റിയിൽ അംഗത്വമെടുക്കാൻ ആഗ്രഹിക്കുന്നവർ ഈ കാലയളവിൽ തങ്ങളുടെ പ്രദേശത്തെ യൂനിറ്റ് ഭാരവാഹികളുമായി ബന്ധപ്പെടേണ്ടതാണ്. ഖുർആൻ മാത്രമാണ് ഇസ്ലാമിന്റെ പ്രമാണം എന്നംഗീകരിക്കുന്നവർക്കേ മെമ്പർഷിപ്പ് നൽകൂ. 100 രൂപയാണ് അംഗത്വഫീസ്.

നിലവിലുള്ള അംഗങ്ങളും ജനുവരി മാസത്തിൽ തങ്ങളുടെ അംഗത്വം പുതുക്കണം.

-സെക്രട്ടറി, ഖുർആൻ സുന്നത്ത് സൊസൈറ്റി, കോഴിക്കോട്, E-mail: ksskerala@mail.com

# വരിസംഖ്യ പുതുക്കുക

വേദ ദർശനത്തിന്റെ വരിസംഖ്യാ കാലാവധി അവസാനിച്ചവർ യഥാസമയം പുതുക്കേണ്ടതാണ്. അല്ലാത്തപക്ഷം ഒരു കാരണവശാലും തുടർന്നയക്കുന്നതല്ല. 120 രൂപയാണ് വാർഷിക വരിസംഖ്യ. (ഇടക്ക് രണ്ടു ലക്കങ്ങൾ മുടങ്ങിയിരുന്നുവെങ്കിലും വരിസംഖ്യ അടച്ചവർക്ക് 12 ലക്കങ്ങൾ ലഭിക്കുന്നതാണ്). 'ഇ-എം.ഒ' ആയി മണിയോർഡർ അയക്കുമ്പോൾ അയക്കുന്നയാളുടെ വിലാസം പലപ്പോഴും എം.ഒ. ഫോറത്തിൽ വ്യക്തമായി പതിയാറില്ല. അതിനാൽ 'ഇ-എം.ഒ' (ഇലക്ട്രോണിക് മണി ഓർഡർ) അയയ്ക്കുന്നതോടൊപ്പം ഒരു പോസ്റ്റ് കാർഡിൽ തങ്ങളുടെ വിലാസം എഴുതി അയക്കുന്നത് നന്നായിരിക്കും.

വരിസംഖ്യ അടച്ച് ഇ-മെയിലായി ദർശനം വരുത്തിക്കുന്ന വിദേശ സുഹൃത്തുക്കളിൽ ചിലർ മാസിക ഇന്റർനെറ്റിലൂടെ പലർക്കും ഫോർവേഡ് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശത്തുള്ളവർക്ക് മാത്രമാണ് ഇ-മെയിലായി അയക്കുന്നത്. എന്നാൽ അവരിൽ ചിലർ നാട്ടിലുള്ളവർക്ക് പോലും അത് ഫോർവേഡ് ചെയ്തയക്കുന്നുണ്ട്. നമ്മുടെ പ്രസിദ്ധീകരണത്തിന്റെ പ്രിന്റഡ് കോപ്പിയുടെ സർക്കുലേഷനെ ഇത് കാര്യമായി ബാധിക്കുമെന്നതിനാൽ ഈ പ്രവൃത്തിയിൽ നിന്ന് അവർ പിന്തിരിയണമെന്ന് അഭ്യർത്ഥിക്കുന്നു.

സർക്കുലേഷൻ സംബന്ധിച്ച അന്വേഷണങ്ങൾക്ക് 9048858670 എന്ന നമ്പറിൽ മാത്രം ബന്ധപ്പെടുക. മറ്റൊരു നമ്പറിൽ നിന്നും ഇതു സംബന്ധിച്ച് വിവരങ്ങൾ ലഭിക്കുന്നതല്ല.

-സർക്കുലേഷൻ മാനേജർ
വേദ ദർശനം,
മണൽത്താഴം
കോഴിക്കോട്-16
Email:
vedadarsanam@mail.com

# യഥാർഥ ഇസ്‌ലാമിനെ അറിയാൻ വായിച്ചിരിക്കേണ്ട ഗ്രന്ഥങ്ങൾ

| | |
|---|---|
| ◆ പ്രമാണയോഗ്യമായ ഹദീസേത്? | 45/- |
| ◆ അബൂ ഹുറയ്‌റയുടെ തനിനിറം | 50/- |
| ◆ നമസ്കാരം മൂന്ന് മാത്രം:<br>സി.എൻ. മൗലവിക്ക് ചുട്ടമറുപടി | 35/- |
| ◆ ഖുത്തുബ പരിഭാഷയും സ്ത്രീകളുടെ ജുമുഅയും | 25/- |
| ◆ തറാവീഹും തഹജ്ജുദും നബിക്ക് മാത്രം | 20/- |
| ◆ ഖുർആനിൽ ഹജ്ജിനുള്ള സ്ഥാനവും രൂപവും | 30/- |
| ◆ ഖുർആനിലെ നമസ്കാരരൂപം (പുതിയ പതിപ്പ്) | 45/- |
| ◆ സർവമത സത്യവാദം ഖുർആനിൽ | 15/- |
| ◆ ഇസ്രാഉം മിഅ്റാജും | 10/- |
| ◆ നബിയുടെ പേരിൽ സ്വലാത്തും<br>സലാമും ചൊല്ലലെങ്ങനെ? | 15/- |
| ◆ ഇസ്‌ലാമിക ശരീഅത്തും ഇന്ത്യൻ ശരീഅത്തും<br>സുപ്രീം കോർട്ട് വിധിയും | 10/- |
| ◆ മുസ്‌ലിം പിന്തുടർച്ചാ നിയമം: വിമർശകർക്ക് മറുപടി | 45/- |
| ◆ ബുഖാരിയും മുസ്‌ലിമും ലോകപൊള്ളന്മാരാണെന്നതിന്റെ<br>തെളിവുകൾ (പുതിയ പതിപ്പ്) | 15/- |
| ◆ ചേലാകർമം അനിസ്‌ലാമികം | 30/- |
| ◆ ഇസ്‌ലാമും ജനാധിപത്യവും | 20/- |
| ◆ വിശുദ്ധ ഖുർആൻ:<br>മുസ്‌ലിംകളുടെ ഒരേയൊരു പ്രമാണ ഗ്രന്ഥം<br>(ഒന്നും രണ്ടും ഭാഗങ്ങൾ) | 35/- |
| ◆ ആമീൻ എന്ന ഖുർആൻ വിരുദ്ധ പ്രാർഥനാ മൊഴിയും<br>വിഗ്രഹാരാധനയും | 30/- |
| ◆ ഹദീസുകളുടെ പ്രാമാണികത | 35/- |
| ◆ ചേകനൂർ മൗലവി: ജീവിതവും സന്ദേശവും | 50/- |
| ◆ മുസ്‌ലിം വിവാഹവും മനുഷ്യാവകാശങ്ങളും | 20/- |
| ◆ ഖുർആൻ വ്യാഖ്യാനങ്ങളിലെ അപാകങ്ങൾ | 15/- |
| ◆ ശരീഅത്ത്: വികാസവും പരിണാമവും | 50/ |
| ◆ ഇസ്‌ലാമിക സദാചാര മൂല്യങ്ങൾ ഖുർആനിൽ | 30/- |
| ◆ ഖുർആൻ നിഷേധികൾക്ക് മറുപടി | 45/- |
| ◆ ഈ ഹദീസുകൾ ആർക്കു വേണ്ടി? | 7/- |
| ◆ സുകൃതങ്ങൾ ഖുർആനിക വീക്ഷണത്തിൽ | 10/- |
| ◆ ചേകനൂർ മൗലവിയുടെ ആദർശപ്പടയോട്ടം | 10/- |
| ◆ വേദ ദർശനം മാസിക | 12/- |

Secretary, **Khur-aan Sunnath Society**
Moulavi Chekannoor Memorial Building, Manalthazham, Govindapuram P.O.,
Kozhikode-673 016, e-mail: ksskerala@mail.com

Printed & Published by K.K. Salim Hajee @ Guru Offset & Graphics, Clt-4, for Khur-aan Sunnath Society (KSS)
Central Committee, Moulavi Chekanoor Memorial Building, Govindapuram P.O, Kozhikode-16. Chief Editor: Mudur Aboobacker.
E-mail: vedadarsanam@mail.com **INTERNAL CIRCULATION ONLY.**

SHOP & WIN 101 KG GOLD GKSF - 5

നാഷനൽ ബുക്സിൽ നിന്ന് പർച്ചേയ്സ് ചെയ്യൂ

# സ്വർണ സമ്മാനങ്ങൾ നേടൂ...

കോഴിക്കോട് നാഷനൽ ബുക്സിൽ നിന്ന് 2011 ഡിസംബർ 1നും 2012 ജനുവരി 15 നുമിടയിൽ പുസ്തകങ്ങൾ വാങ്ങുന്നവർക്കെല്ലാം ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ സൗജന്യ കൂപ്പണുകൾ ലഭിക്കുന്നു. സ്വർണമടക്കം
നിരവധി ഭാഗ്യ സമ്മാനങ്ങൾ നേടാൻ അവസരം!

## Specialists in

- മൗലവി ചേകന്നൂരിന്റെയും ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിന്റെയും ഗ്രന്ഥങ്ങളും സി.ഡികളും
- ആഭരണ നിർമ്മാണം, ഫ്ളവർമേക്കിംഗ്, സോഫ്റ്റ് ടോയ്സ് നിർമ്മാണം, മെഹന്തി ഡിസൈനിംഗ് തുടങ്ങി കരകൗശലമേഖലയിൽ ഏവർക്കും വരുമാനദായകമായ പുസ്തകങ്ങൾ
- ജനറൽ പുസ്തകങ്ങൾ
- സി.ഡി റൈറ്റിംഗ്

തപാലിലും അയച്ചുകൊടുക്കുന്നതാണ്. വിളിക്കുക
Ph: 9496244760

national books

## NATIONAL BOOKS

Pootheri Building, Stadium Junction, Ram Mohan Road,
Kozhikode- 673 004, e-mail: nationalbooks@publicist.com

grand kerala shopping festival

Veda Darsanam

Donation ₹12

# പാരമ്പര്യത്തിനൊരു പൊളിച്ചെഴുത്ത്




-ാം വർഷത്തിലേക്ക്...

**വേദ ദർശനം**
**പിബി നമ്പർ 143, കോഴിക്കോട്-673 001**
e-mail: vedadarsanam@mail.com